**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024 -ലെ യോഗത്തിന്റെ നടപടിവിവരം**

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| **3** | **പൊതുവിഷയം** | 1 |
| 3.1 | സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് | 1 |
| 3.2 | മാതൃകാ പ്രോജക്ടുകൾ | 1 |
| 3.3 | CCTVസ്ഥാപിക്കൽ | 2 |
| 3.4 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം | 2 |
| 3.5 | ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയേറ്റ് കെട്ടിടം | 3 |
| 3.6 | മാർഗ്ഗരേഖ തമിഴ്, കന്നട ഭാഷയിൽ തയ്യാറാക്കൽ | 3 |
| 3.7 | അതിദരിദ്ര വിഭാഗത്തിലെ കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം | 3 |
| 3.8 | സ്മാർട്ട് അടുക്കള | 4 |
| 3.9 | ഓണാഘോഷവും പ്രാദേശിക ഉത്സവങ്ങളും | 4 |
| 3.10 | വിദ്യാർത്ഥികൾക്ക് സൈക്കിൾ | 4 |
| **4** | **പ്രത്യേക വിഷയം** | 4 |
| 4.1 | കോതമംഗലം ബ്ലോക്ക്പഞ്ചായത്ത് | 4 |
| 4.2 | കൊല്ലം കോർപ്പറേഷൻ | 5 |
| 4.3 | ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് | 6 |
| 4.4 | ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 6 |
| 4.5 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 7 |
| 4.6 | എടവനക്കാട് ഗ്രാമപഞ്ചായത്ത് | 8 |
| 4.7 | ളാലം ബ്ലോക്ക്പഞ്ചായത്ത് | 9 |
| 4.8 | ചിറയിൻകീഴ് ബ്ലോക്ക്പഞ്ചായത്ത് | 9 |
| 4.9 | പാലക്കാട് മുൻസിപ്പാലിറ്റി | 9 |
| 4.10 | വടകര ബ്ലോക്ക്പഞ്ചായത്ത് | 10 |
| 4.11 | ഒല്ലൂക്കര ബ്ലോക്ക്പഞ്ചായത്ത് | 11 |
| 4.12 | Kollam District Ayurvedic Oushadha Nirmanana Vyayvasaya Co-operative Society Ltd | 12 |
| 4.13 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിൽസ് | 12 |
| 4.14 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 13 |
| 4.15 | വടകര ബ്ലോക്ക് പഞ്ചായത്ത് | 14 |
| 4.16 | താനൂർ ബ്ലോക്ക് പഞ്ചായത്ത് | 14 |
| 4.17 | പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | 14 |
| 4.18 | ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 15 |
| 4.19 | തിരുവനന്തപുരം എഗ്ഗർ നഴ്സറി | 15 |
| 4.20 | കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്ത് | 16 |
| 4.21 | അന്തിക്കാട് ബ്ലോക്ക്പഞ്ചായത്ത് | 17 |
| 4.22 | തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | 18 |
| 4.23 | പറക്കോട് ബ്ലോക്ക്പഞ്ചായത്ത് | 18 |
| 4.24 | പറക്കോട് ബ്ലോക്ക്പഞ്ചായത്ത് | 19 |
| 4.25 | പാറക്കടവ് ബ്ലോക്ക്പഞ്ചായത്ത് | 20 |
| 4.26 | വേളം ഗ്രാമപഞ്ചായത്ത് | 20 |
| 4.27 | വളവന്നൂർ ഗ്രാമപഞ്ചായത്ത് | 21 |
| 4.28 | കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് | 21 |
| 4.29 | തവന്നൂർ ഗ്രാമപഞ്ചായത്ത് | 22 |

| | | |
|---|---|---|
| 4.30 | കോട്ടായി ഗ്രാമപഞ്ചായത്ത് | 23 |
| 4.31 | വിളയൂർ ഗ്രാമപഞ്ചായത്ത് | 23 |
| 4.32 | ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 24 |
| 4.33 | ഈരാറ്റുപേട്ട ബ്ലോക്ക്പഞ്ചായത്ത് | 24 |
| 4.34 | കോഡൂർ ഗ്രാമപഞ്ചായത്ത് | 25 |
| 4.35 | മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് | 25 |
| 4.36 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 26 |
| 4.37 | കേരള ഗ്രാമപഞ്ചായത്ത്അസോസിയേഷൻ | 26 |
| 4.38 | വെൺമണി ഗ്രാമപഞ്ചായത്ത് | 27 |
| 4.39 | കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് | 27 |
| 4.40 | മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് | 28 |
| 4.41 | കണ്ണൂർ ജില്ലാപഞ്ചായത്ത് | 29 |
| 4.42 | മങ്കട ഗ്രാമപഞ്ചായത്ത് | 29 |
| 4.43 | മണിയൂർ ഗ്രാമപഞ്ചായത്ത് | 30 |
| 4.44 | വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് | 30 |
| 4.45 | ബാലുശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 31 |
| 4.46 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 31 |
| 4.47 | പുളിമാത്ത് ഗ്രാമപഞ്ചായത്ത് | 32 |
| 4.48 | കയ്പമംഗലം ഗ്രാമപഞ്ചായത്ത് | 32 |
| 4.49 | വൈപ്പിൻ ബ്ലോക്ക്പഞ്ചായത്ത് | 33 |
| 4.50 | തലനാട് ഗ്രാമപഞ്ചായത്ത് | 33 |
| 4.51 | വാഴയൂർ ഗ്രാമപഞ്ചായത്ത് | 34 |
| 4.52 | കിഴവിലം ഗ്രാമപഞ്ചായത്ത് | 34 |
| 4.53 | ഇലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 35 |
| 4.54 | മറയൂർ ഗ്രാമപഞ്ചായത്ത് | 35 |
| 4.55 | പട്ടണക്കാട് ഗ്രാമപഞ്ചായത്ത് | 36 |
| 4.56 | വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് | 36 |
| 4.57 | പൊന്നാനി ബ്ലോക്ക്പഞ്ചായത്ത് | 37 |
| 4.58 | പുളിക്കീഴ് ബ്ലോക്ക്പഞ്ചായത്ത് | 37 |
| 4.59 | തൃക്കരുവ ഗ്രാമപഞ്ചായത്ത് | 38 |
| 4.60 | തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | 38 |
| 4.61 | അരൂർ ഗ്രാമപഞ്ചായത്ത് | 39 |
| 4.62 | വേങ്ങര ഗ്രാമപഞ്ചായത്ത് | 39 |
| 4.63 | കുറ്റിപ്പുറം ബ്ലോക്ക്പഞ്ചായത്ത് | 40 |
| 4.64 | കുറ്റിപ്പുറം ബ്ലോക്ക്പഞ്ചായത്ത് | 40 |
| 4.65 | മൊറയൂർ ഗ്രാമപഞ്ചായത്ത് | 40 |
| 4.66 | കീഴരിയൂർ ഗ്രാമപഞ്ചായത്ത് | 41 |
| 4.67 | കോഴിക്കോട് ജില്ലാപഞ്ചായത്ത് | 41 |
| 4.68 | കതിരൂർ ഗ്രാമപഞ്ചായത്ത് | 42 |
| 4.69 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | 43 |
| 4.70 | പാലക്കാട് ബ്ലോക്ക്പഞ്ചായത്ത് | 43 |
| 4.71 | അട്ടപ്പാടി ബ്ലോക്ക്പഞ്ചായത്ത് | 44 |
| 4.72 | ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | 44 |
| 4.73 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | 45 |
| 4.74 | കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | 45 |
| 4.75 | വാഴക്കാട് ഗ്രാമപഞ്ചായത്ത് | 46 |
| 4.76 | തൃശ്ശൂർ ജില്ലാപഞ്ചായത്ത് | 46 |
| 4.77 | നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് | 46 |
| 4.78 | ഉഴവൂർ ബ്ലോക്ക്പഞ്ചായത്ത് | 47 |

| | | |
|---|---|---|
| 4.79 | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്റർ(KSREC) | 48 |
| 4.80 | വെച്ചൂർ ഗ്രാമപഞ്ചായത്ത് | 49 |
| 4.81 | തിരുവനന്തപുരം ജില്ലാപഞ്ചായത്ത് | 49 |
| 4.82 | മണ്ണുപരിശോധന പ്രോജക്റ്റുകളുടെ നിർവ്വഹണം | 51 |
| 4.83 | തൈക്കാട്ടുശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 51 |
| 4.84 | താനൂർ ബ്ലോക്ക്പഞ്ചായത്ത് | 52 |
| 4.85 | തിരുവനന്തപുരം ജില്ലാപഞ്ചായത്ത് | 52 |
| 4.86 | കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്ത് | 53 |
| 4.87 | കോതമംഗലം നഗരസഭ | 53 |
| 4.88 | Kerala State Labour co-operative Federation Ltd(LABOUR FED) | 54 |
| 4.89 | തകഴി ഗ്രാമപഞ്ചായത്ത് | 54 |
| 4.90 | ഇടമലക്കുടി ഗ്രാമപഞ്ചായത്ത് | 55 |
| 4.91 | രാമങ്കരി ഗ്രാമപഞ്ചായത്ത് | 55 |
| 4.92 | ജില്ലാആസൂത്രണസമിതി മലപ്പുറം | 56 |
| 4.93 | ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 56 |
| 4.94 | നാദാപുരം ഗ്രാമപഞ്ചായത്ത് | 57 |
| 4.95 | മൂന്നാർ ഗ്രാമപഞ്ചായത്ത് | 58 |
| 4.96 | ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | 58 |
| 4.97 | തലക്കാട് ഗ്രാമപഞ്ചായത്ത് | 58 |
| 4.98 | മതിലകം ബ്ലോക്ക്പഞ്ചായത്ത് | 59 |
| 4.99 | മതിലകം ബ്ലോക്ക്പഞ്ചായത്ത് | 59 |
| 4.100 | മതിലകം ഗ്രാമപഞ്ചായത്ത് | 60 |
| 4.101 | കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത് | 60 |
| 4.102 | പെരുമ്പളം ഗ്രാമപഞ്ചായത്ത് | 61 |
| 4.103 | ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | 62 |
| 4.104 | കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് | 62 |
| 4.105 | വലപ്പാട് ഗ്രാമപഞ്ചായത്ത് | 63 |

No./775/2023/SRG/LSGD/CC(9)

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024 ന നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്**

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സംസ്ഥാന ആസൂത്രണ ബോർഡിലെ 'സമൃദ്ധി'ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. സാധാരണ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമനമ്പർ ഒന്നായി ഉൾപ്പെടുത്തുന്ന പദ്ധതി പുരോഗതി അവലോകനം, ക്രമനമ്പർ രണ്ട് ആയി ഉൾപ്പെടുത്തുന്ന തുടർ നടപടി എന്നിവ ഇന്നത്തെ യോഗത്തിൽ എടുത്തിട്ടില്ല. ക്രമനമ്പർ 3, 4 ആയി വരുന്ന പൊതു വിഷയം, പ്രത്യേക വിഷയം എന്നിവയാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**3. പൊതുവിഷയം**
================

**3.1 സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ പിന്തുണാ സംവിധാനത്തിന്റെ ഭാഗമായി സർക്കാരിന്റെ 20.10.2021-ലെ 237/2021/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം നിയമിച്ചിരുന്ന മൂന്നുപേർ (ശ്രീമതി.നവിതാ രവി M, ശ്രീ.നിജീഷ് M.U, ശ്രീ.സിൻജിൻ.T) ജോലിയിൽ നിന്നും വിട്ടുതൽ ചെയ്ത സാഹചര്യത്തിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിലെ അടിയന്തിര ജോലികൾ നിർവ്വഹിക്കുന്നതിനായി 01.12.2023 മുതൽ കരാറടിസ്ഥാനത്തിൽ ക്ലാർക്കുമാരായി താഴെ പറയുന്നവരെ നിയോഗിച്ചതിന് സാധൂകരണം നൽകുന്നു. ഒപ്പം ഇവർക്ക് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ പ്രവർത്തനത്തിനായി മാറ്റി വച്ചിരിക്കുന്ന തുകയിൽ നിന്ന് കില മുഖേന വേതനം നൽകാനും തീരുമാനിച്ചു.

1) ശ്രീ. ബിനുകുമാർ.കെ.
   കളരിക്കൽ, മഞ്ചാടിത്തറ, പള്ളിക്കൽ.പി.ഒ
   കായംകുളം

2) ശ്രീമതി. സരസ്വതി.ജി
   ചാലുവിള വീട്, പേടിക്കുളം
   പുളിമാത്ത്, തിരുവനന്തപുരം

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**3.2 മാതൃകാ പ്രോജക്ടുകൾ**

ജനകീയാസൂത്രണ പദ്ധതിപ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ നൂതന/മാതൃകാ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് പ്രോജക്ടുകളുടെ മാതൃകകൾ ലഭ്യമാക്കണം. മാതൃകാ പ്രോജക്ടുകൾ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ തയ്യാറാക്കുന്നുണ്ട്. ഇതിന്റെ ആദ്യ വാല്യം എങ്കിലും തദ്ദേശഭരണസ്ഥാപനദിനാഘോഷത്തിന്റെ ഭാഗമായി ഫെബ്രുവരി 18-ന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

### 3.3 CCTV സ്ഥാപിക്കൽ

കണ്ണൂർ ജില്ലയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി സ്മാർട്ട് ഐ എന്ന പേരിൽ CCTV സ്ഥാപിക്കുന്നുണ്ട്. പൊതുസ്ഥലത്ത് മാലിന്യ നിക്ഷേപം തടയുന്നതടക്കമുള്ള ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിക്ക് വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. ഈ മാതൃക മറ്റ ജില്ലകൾക്കും സ്വീകരിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന രീതിയാണ് അഭികാമ്യം. കണ്ണൂർ ജില്ലാ പഞ്ചായത്തുമായി മറ്റ ജില്ലാ പഞ്ചായത്തുകൾ ബന്ധപ്പെട്ട് അനുയോജ്യമായ രീതിയിൽ പദ്ധതി ഏറ്റെടുക്കുന്നത് പരിഗണിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

### 3.4 സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം

വിവിധ തലത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് സംയുക്ത പ്രോജക്ടുകൾ ജില്ലയിൽ നടപ്പാക്കുന്നുണ്ട്.

ഉദാ:- ABC പ്രോഗ്രാം, വൃക്ക രോഗികൾക്ക് ഡയാലിസിസ്, ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ് തുടങ്ങിയവ. ധനവകുപ്പിന്റെ 03.07.2018-ലെ 100/2018/ധന ഉത്തരവും 26.05.2022-ലെ 41/2022/ധന നമ്പർ സർക്കുലറും അനുസരിച്ച് സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖ്യ നിർവ്വഹണ സ്ഥാപനത്തിനു അവരവരുടെ വിഹിതം കൈമാറേണ്ടത് അലോട്ട്മെന്റ് രീതി വഴിയായിരിക്കണം എന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് മുഖ്യ നിർവ്വഹണ തദ്ദേശഭരണസ്ഥാപനം മറ്റ് തദ്ദേശഭരണ സ്ഥാപനത്തിന് റിക്വിസിഷൻ നൽകി ഓരോ ആവശ്യത്തിനും അലോട്ട്മെന്റ് രീതിയിലൂടെ തുക വാങ്ങണം. ഇത് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും അറിയിച്ചിട്ടുണ്ട്. ഈ രീതി ഇത്തരം സംയുക്ത പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഇതു ചൂണ്ടികാണിച്ച് സംയുക്ത പ്രോജക്ട് ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നു. അതിനാൽ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ വിഹിതം കൈമാറുന്ന രീതി ലളിതമാക്കേണ്ടതുണ്ട് എന്ന് യോഗം വിലയിരുത്തി. കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023ലെ യോഗത്തിലും ഈ വിഷയം ചർച്ച ചെയ്തിരുന്നതാണ്.

മുഖ്യനിർവ്വഹണ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെയോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റേയോ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങി പദ്ധതിയിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഡിപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കുന്നത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സൗകര്യപ്രദമായിരിക്കും എന്ന് യോഗം വിലയിരുത്തി. ഇതിന് അനുമതി നൽകണമെന്ന് ധനവകുപ്പിനോട് പ്രത്യേക കുറിപ്പിലൂടെ ആവശ്യപ്പെട്ടിരുന്നതാണ്. ഇങ്ങനെ തുടങ്ങുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ ഓരോ വർഷവും മാർച്ച് 31-ന് ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് മാറ്റണമെന്ന രീതി അവലംബിച്ചുകൊണ്ടാണെങ്കിൽ പോലും സംയുക്ത പ്രോജക്ടുകൾക്ക് സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകുന്നത് പരിഗണിക്കണമെന്ന് ധനവകുപ്പിനോട് ഒന്നു കൂടി ആവശ്യപ്പെടാൻ യോഗം തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ധന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (എഫ്.എം/ആർ.സി) വകുപ്പ്** |

### 3.5 ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റ് കെട്ടിടം

ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയറ്റിനായി 11 ജില്ലകളിൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മൂന്ന ജില്ലകളിൽ നിർമ്മാണം നടന്ന വരുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ഓഫീസ് എന്നീ ഓഫീസുകളാണ് സെക്രട്ടേറിയറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. പല ജില്ലകളിലും തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർക്ക് മതിയായ ഓഫീസ് സൗകര്യമില്ല. ഈ സാഹചര്യത്തിൽ ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റിൽ സ്ഥലം ലഭ്യമാണെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിനു കൂടി സ്ഥല സൗകര്യം നൽകണമെന്ന ആവശ്യം ചില ജില്ലകളിൽ നിന്ന വന്നിട്ടുണ്ട്. കൂടാതെ, പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ ജോയിന്റ് ഡയറക്ടറുടെ ഓഫീസിനു കൂടി സ്ഥലം ലഭ്യമാകുന്ന കാര്യം പരിഗണിക്കാൻ കഴിയുമോ എന്ന പരിശോധിക്കണം. ഒപ്പം നിലവിലെ കെട്ടിടത്തിൽ അധിക നില നിർമ്മിച്ച് ജോയിന്റ് ഡയറക്ടർ ഓഫീസിനു കൂടി സൗകര്യമൊരുക്കാൻ കഴിയുമോ എന്നും പരിശോധിക്കണം. ഈ വിഷയം തദ്ദേശസ്വയംഭരണവകുപ്പും സംസ്ഥാന ആസൂത്രണബോർഡും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പും ചർച്ച ചെയ്ത തീരുമാനമെടുക്കേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു. ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സംസ്ഥാന ആസൂത്രണ ബോർഡ്**<br>2) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

### 3.6 മാർഗ്ഗരേഖ തമിഴ്, കന്നട ഭാഷയിൽ തയ്യാറാക്കൽ

ജനകീയാസൂത്രണ മാർഗ്ഗരേഖ മലയാളത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ അതിർത്തിയിലുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തമിഴ്, കന്നട ഭാഷകളിൽ കൂടി ഇവ ലഭ്യമാക്കുകയാണെങ്കിൽ കാര്യക്ഷമമായ പദ്ധതി ആസൂത്രണത്തിന് പ്രയോജനപ്പെടും. ഈ പ്രദേശങ്ങളിലെ ജനപ്രതിനിധികൾക്ക് ഇത് വളരെ സഹായകരമാകും എന്നതിനാൽ പദ്ധതി ആസൂത്രണ സബ്സിഡി മാർഗ്ഗരേഖയുടെ പ്രധാനപ്പെട്ട ഭാഗങ്ങൾ തമിഴ്, കന്നട ഭാഷകളിൽ കൂടി തയ്യാറാക്കി ഈ പ്രദേശങ്ങളിൽ ലഭ്യമാക്കാൻ തീരുമാനിച്ചു. ഒപ്പം ഈ പ്രദേശങ്ങളിലെ പരിശീലന പരിപാടികൾ തമിഴ്, കന്നട ഭാഷകളിൽ കൂടി നടത്തണം. ഇതിന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് നടപടി സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**<br>2) **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

### 3.7 അതിദരിദ്ര വിഭാഗത്തിലെ കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം

അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന നൽകുന്നുണ്ട്. അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ചികിത്സ സഹായം ആവശ്യമുണ്ടെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ അദ്ധ്യക്ഷതയിലുള്ള സമിതി ഇതു പ്രത്യേകം പരിശോധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകേണ്ടതാണ്. പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗമായതിനാൽ ഇതിന് യാതൊരുവിധ കാലതാമസവും വരാതിരിക്കാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും പ്രത്യേകം നിർദ്ദേശം നൽകാൻ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ആരോഗ്യ വകുപ്പ് ഡയറക്ടർ**<br>**2)തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്** |

**3.8 സ്മാർട്ട് അടുക്കള**

അടുക്കള നവീകരിക്കുന്നതിനായി പല തദ്ദേശഭരണസ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കി അനുമതി ആവശ്യപ്പെട്ടുന്നുണ്ട്. അടുക്കളയുടെ ഉപയോഗം കൂടുതൽ സൗഹാർദ്ദപരമാക്കാനും അടുക്കള ഉപയോഗിക്കുന്നവരുടെ സൗകര്യത്തിനും ആരോഗ്യ സുരക്ഷയ്ക്കും ഈ ആവശ്യം പരിഗണിക്കപ്പെടേണ്ടതുണ്ട്. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുമായും ഈ രംഗത്തെ വിദഗ്ദ്ധരുമായും ഈ വിഷയം ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**3.9 ഓണാഘോഷവും പ്രാദേശിക ഉത്സവങ്ങളും**

സംസ്ഥാനത്ത് ഓണാഘോഷം പോലുള്ള പരിപാടികൾ, പ്രശസ്തമായതും പൈതൃക സ്വഭാവമുള്ളതുമായ ആഘോഷങ്ങൾ എന്നിവയിൽ തദ്ദേശഭരണസ്ഥാപനങ്ങളും പങ്കു വഹിക്കുന്നുണ്ട്. ഇത്തരം ആഘോഷങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് പല തദ്ദേശഭരണസ്ഥാപനങ്ങളും പ്രോജക്ട് എടുക്കാറുണ്ട്. ഇത്തരം ചെലവുകൾ ഏകീകൃത രീതിയിലാക്കണമെന്ന് യോഗം വിലയിരുത്തി. ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതിന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റി മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്** |

**3.10 വിദ്യാർത്ഥികൾക്ക് സൈക്കിൾ**

പല തദ്ദേശഭരണ സ്ഥാപനങ്ങളും സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മുൻകാലങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ അനുമതി നൽകിയിരിക്കുന്നു. ഇത് എല്ലാ വിഭാഗത്തിലുമുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന രീതിയിൽ പുനഃസ്ഥാപിക്കേണ്ടതുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4. പ്രത്യേക വിഷയം**

**==================**

**4.1 <u>കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്</u>**

**ഗ്രാമ വികസന കമ്മീഷണറുടെ 09.03.2023 ലെ** CRD/5891/2022/HT-2-**നമ്പർ കത്തും കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 16.08.2022 ലെ 2(2)-ാം നമ്പർ തീരുമാനവും** PVIP **ഡിവിഷൻ നം.1 പെരുമ്പാവൂരിന്റെ 17.12.2022 ലെ ഉത്തരവും അനുബന്ധരേഖകളും (SRG/427/23).**

**വിഷയം:-** ജലവിഭവവകുപ്പിന്റെ സ്ഥലത്ത് വനിതാ വിപണന കേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച്.

കോതമംഗലം ബ്ലോക്കിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലത്ത് വനിതാ വിപണന കേന്ദ്രം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് നിബന്ധനകളോടെ വിപണന കേന്ദ്രം നിർമ്മിക്കാൻ ജലസേചന വകുപ്പ് 17.12.2022 ൽ അനുമതി നൽകിയിട്ടുണ്ട്.

വിപണനകേന്ദ്രം നിർമ്മിക്കാൻ അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023-ലെ യോഗത്തിൽ പരിഗണിച്ചിരുന്നു.

ഏതു തരം നിർമ്മാണമാണ് നടത്തുന്നതെന്നോ എന്തൊക്കെ വിപണനമാണ് ഈ കേന്ദ്രത്തിൽ നടത്താനുദ്ദേശിക്കുന്നതെന്നോ അറിയിച്ചിട്ടില്ല എന്നു 03.07.2023-ലെ യോഗം വിലയിരുത്തി. വനിതാ ഘടക പദ്ധതിയിലെ തുക കാര്യക്ഷമമായി ഉപയോഗിക്കേണ്ടതുണ്ട് എന്നതിനാൽ ജലസേചന വകുപ്പ് മുന്നോട്ടു വച്ചിരിക്കുന്ന നിബന്ധനകൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 03.07.2023-ലെ യോഗം പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ 26.09.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയ റിപ്പോർട്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് 9,29,405 രൂപ വകയിരുത്തി കോൺക്രീറ്റ് കെട്ടിടമാണ് വനിത വിപണന കേന്ദ്രത്തിനായി നിർമ്മിക്കാനുദ്ദേശിക്കുന്നത് എന്നറിയിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണവും താല്ക്കാലികമായി മാത്രമേ പരിഗണിക്കൂ എന്ന് ജലസേചന വകുപ്പ് അറിയിച്ചിരുന്നു. ജലസേചന വകുപ്പിന്റെ സ്ഥലം പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയാൽ മാത്രമേ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയൂ എന്നും റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 26.09.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നിരസിച്ചു. എന്നാൽ വനിതകൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതി ആയതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി വേണമെന്നും അതിനാൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** വിപണനകേന്ദ്രത്തിന് സ്ഥിരമായ കെട്ടിടം നിർമ്മിക്കാൻ ജലസേചന വകുപ്പ് അനുമതി നൽകണമെന്ന നിബന്ധനയോടെ മാത്രം കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്നു. ഒപ്പം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് RRF ഇല്ലായെങ്കിൽ ബാക്കി ലഭ്യമായ സ്ഥലത്ത് RRF നിർമ്മിക്കാൻ കൂടി ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.2 കൊല്ലം കോർപ്പറേഷൻ**

**കൊല്ലം കോർപ്പറേഷൻ മേയറുടെ 10.11.2023-ലെ/25/2023/C1/25/2023-ാം നമ്പർ കത്ത് (SRG/45/24)**

**വിഷയം:-** ചിറക്കര കുളത്തിന് സമീപം പുറമ്പോക്ക് സ്ഥലത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 458/24* | *അടങ്കൽ* | *46,25,000 രൂപ (വികസനഫണ്ട്- ജനറൽ)* |
| *പേര്* | *ചിറക്കര കുളത്തിനു ചുറ്റും താമസിക്കുന്നവർക്കുള്ള പുനരധിവാസം* | |

കൊല്ലം കോർപ്പറേഷനിലെ 11-ാം വാർഡിൽ (മതിലിൽ ഡിവിഷൻ) ചിറക്കര കുളത്തിനു സമീപമുള്ള പുറമ്പോക്ക് സ്ഥലത്ത് ശ്രീ.രമേശ്, ശ്രീമതി സുലഭ, ശ്രീമതി മേരി സേവ്യർ, ശ്രീ. രാജഗോപാൽ, ശ്രീ. സണ്ണി എന്നിവരുടെ 5 കുടുംബങ്ങൾ കഴിഞ്ഞ 50 വർഷമായി താമസിക്കുന്നുണ്ട്. ഇവരുടെ വീട് മോശമായ സാഹചര്യത്തിലാണ്. ഈ സ്ഥലം ഈ കുടുംബത്തിന് പതിച്ചുകിട്ടാൻ സാധ്യതയില്ലാത്തതിനാൽ ഇവർക്ക് മറ്റു പ്രദേശത്ത് സ്ഥലം വാങ്ങി വീട് നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നു. അമൃത് പദ്ധതിയിൽ കുളം നവീകരിക്കുന്നതിനായി 47 ലക്ഷം രൂപ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു കുടുംബത്തിന് 9.25 ലക്ഷം രൂപ മുടക്കി ആകെ 46.25 ലക്ഷം രൂപ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കോർപ്പറേഷൻ പരിധിയിൽ സ്ഥലം വാങ്ങി വീട് നിർമ്മിച്ചു നൽകാൻ ഈ തുക പര്യാപ്തമാണെന്ന് കോർപ്പറേഷൻ ഉറപ്പവരുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ് |
|---|---|

**4.3 ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്**

**ബഹു. വേങ്ങര എം.എൽ.എ.യുടെ 02.11.2023-ലെ കത്തും ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.10.2023-ലെ A3-10/22-ാം നമ്പർ കത്തും ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.08.2023-ലെ 9(1)-ാം നമ്പർ തീരുമാനവും (SRG/1498/23, SRG/1556/23)**

**വിഷയം:-** പാലിയേറ്റീവ് കെയറിനായി രണ്ടാമത് ആരംഭിക്കുന്ന യൂണിറ്റിന് നഴ്സിനെ നിയമിക്കുന്നത് സംബന്ധിച്ച്

ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ ഒരു പാലിയേറ്റീവ് യൂണിറ്റ് ഉണ്ട്. ഇവിടെ 300 ലധികം പാലിയേറ്റീവ് രോഗികൾ ഉണ്ട്. രണ്ടാമത് ഒരു യൂണിറ്റു കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി നിശ്ചിത യോഗ്യതയുള്ള നഴ്സിനെ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പത്രപരസ്യം വഴിയും ആളുകളെ കണ്ടെത്താൻ നടപടി സ്വീകരിച്ചുവെങ്കിലും യോഗ്യതയുള്ളവരെ ലഭിച്ചില്ല. അതിനാൽ പാലിയേറ്റീവ് നഴ്സായി പ്രവർത്തിക്കാൻ താല്പര്യമുള്ളതും കാര്യക്ഷമതയുള്ള ഉദ്യോഗാർത്ഥിയുമായ ശ്രീമതി.പ്രമീള.സി, കാർത്തിക, ചേരിമുണ്ടപറമ്പ് എന്ന വ്യക്തിയെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇവർക്ക് സർക്കാർ ഉത്തരവു പ്രകാരമുള്ള യോഗ്യതയില്ല. ഈ വ്യക്തിയെ പാലിയേറ്റീവ് നഴ്സായി നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് |
|---|---|

**4.4 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.08.2023 ലെ കത്തും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 01.08.2023 2(4)-ാം നമ്പർ തീരുമാനവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05.08.2023 ലെ BDOOTP/421/2023-C നമ്പർ കത്തും (SRG/ 1105/23 - CC/588/23, SRG/ 1106/23 - CC/589/23, SRG 1104/23-CC/587/23).**

**വിഷയം:-** ഡയാലിസിസിനു ധനസഹായം നൽകുന്നത് സംബന്ധിച്ച്

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് 2022-23ൽ വൃക്ക രോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകുന്നതിന് രണ്ടു പ്രോജക്ടുകൾ നടപ്പാക്കി. ഇതിനു സാധൂകരണം നൽകണമെന്നും 2023-24 ൽ ഡയാലിസിസിനു ധനസഹായം നൽകാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതും സംബന്ധിച്ച്. പ്രോജക്ട് വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

**2022-23 വർഷം**

| *പ്രോ.നം:* 67/23 | ***അടങ്കൽ*** | ***12,07,863 രൂപ*** |
|---|---|---|
| | *വികസന ഫണ്ട്* | *5,00,000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *7,07,863 രൂപ* |

| *പ്രോ.നം:* 79/23 | ***അടങ്കൽ*** | ***14,00,000 രൂപ*** |
|---|---|---|
| | *വികസന ഫണ്ട്* | *6,00,000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *8,00,000 രൂപ* |

2023-24 വർഷം

| *പ്രോ.നം:* 11/24 | ***അടങ്കൽ*** | ***40,07,863 രൂപ*** |
|---|---|---|
| | *വികസന ഫണ്ട്* | *11,00,000 രൂപ* |
| | *ഗ്രാമപഞ്ചായത്ത് വിഹിതം* | *16,00,000 രൂപ* |
| | *സംഭാവന* | *10,00,000 രൂപ* |
| | *ബാങ്ക് ബാലൻസ്* | *3,07,863 രൂപ** |

**തീരുമാനം :-** കഴിഞ്ഞ വർഷം പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകുന്നു. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുണ്ട് എന്നതു കൂടി പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്ത് മുഖേന ഡയാലിസിസ് നടത്താൻ ഈ വർഷത്തേയ്ക്ക് അനുമതി നൽകുന്നു. വരുംവർഷങ്ങളിൽ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |
|---|---|

**4.5 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.08.2023 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2023 ലെ CA - 38/2023 നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 - ലെ യോഗ തീരുമാനവും (ഖണ്ഡിക 4.2) അനുബന്ധ രേഖകളും (SRG/1183/23 - CC/556/2023).**

**വിഷയം:-** കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന സ്നേഹസ്പർശം പദ്ധതിയുടെ നടത്തിപ്പ സംബന്ധിച്ച്

| *പ്രോ.നം:* 283/24 | ***അടങ്കൽ*** | ***50,00,000 രൂപ*** *(വികസനഫണ്ട് - ജനറൽ)* |
|---|---|---|
| ***പേര്*** | **സ്നേഹസ്പർശം** | |

കോഴിക്കോട് ജില്ലയിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളേയും ഉൾപ്പെടുത്തി 2011 മുതൽ ജില്ലാ പഞ്ചായത്തു നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് 'സ്നേഹസ്പർശം'. 2017-19 മുതൽ സർക്കാരിന്റെ അനുമതിയോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ ചീഫ് കോഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ 'സ്നേഹസ്പർശം' കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി എന്ന സംഘടനയാണ് നടത്തുന്നത്. ഡയാലിസിസ് രോഗികൾക്ക് ധനസഹായം, വൃക്ക മാറ്റിവച്ചവർക്ക് സൗജന്യമായി മരുന്ന്, മാനസിക രോഗികൾക്ക് ചികിത്സയും മരുന്നും, എച്ച്.ഐ.വി ബാധിതർക്ക് കെയർസെന്റർ, വൃക്കരോഗ - അവയവദാന ബോധവത്ക്കരണം, ഏർലി ഡിറ്റക്ഷന് വേണ്ടിയുള്ള മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുന്നു. ഇവയ്ക്കു പുറമെ സ്വകാര്യ ആശുപത്രിയുമായി സഹകരിച്ചു വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയ 'ജീവജ്യോതി' എന്ന പദ്ധതിയിലൂടെ പൂർണ്ണമായും സൗജന്യമായി നടപ്പാക്കുന്നു. ഈ പ്രോജക്ട് ഈ വർഷവും തുടരുന്നു. പൊതുജനങ്ങളിൽ നിന്നുള്ള മുൻകാല വിഭവസമാഹരണത്തിൽ ലഭ്യമായ തുക ഉപയോഗിച്ചാണ് ജീവജ്യോതി പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നത്. സർക്കാർ ഉത്തരവു പ്രകാരം ഈ പ്രോജക്ടിന്റെ നടത്തിപ്പ് ചാർട്ടേഡ് അക്കൗണ്ടന്റ്, അക്കൗണ്ടന്റ് ജനറൽ, കേരള സ്റ്റേറ്റ് ആഡിറ്റ് എന്നീ ഏജൻസി / വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. താഴെ പറയും പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം ശേഖരിച്ച് ഈ വർഷവും പ്രോജക്ട് ഇതേ രീതിയിൽ നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 4.00 ലക്ഷം രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്തുകൾ | 7.00 ലക്ഷം രൂപ വീതം |
| ജില്ലാ പഞ്ചായത്ത് | 50.00 ലക്ഷം രൂപ |
| നഗരസഭകൾ | 7.00 ലക്ഷം രൂപ വീതം |
| കോഴിക്കോട് കോർപ്പറേഷൻ | 100.00 ലക്ഷം രൂപ |

**തീരുമാനം :-** താഴെ പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

1. ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ചു ചേർത്ത് വേണം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും നൽകേണ്ട വിഹിതം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്.
2. മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ നിർദ്ദേശിച്ച പ്രകാരം കണക്കുകളും മറ്റും ലോക്കൽ ഫണ്ട് ഓഡിറ്റിനും C&AG ഓഡിറ്റിനും വിധേയമാക്കണം. ഒപ്പം ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റിനും വിധേയമാക്കണം.
3. ഓരോ വർഷവും പ്രവർത്തന റിപ്പോർട്ട് സർക്കാരിനു നൽകണം. ഒപ്പം ഇവ ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നൽകണം
4. മാർഗ്ഗരേഖ പ്രകാരമുള്ള വരുമാന പരിധി പാലിച്ചു വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.
5. സംഭാവനയടക്കം മറ്റ് സ്രോതസ്സിലൂടെ പരമാവധി തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.6 <u>എടവനക്കാട് ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023, 13.09.2023 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/1282/23 - CC/701/23).**

**വിഷയം:-** എടവനക്കാട് ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചകർമ്മ ചികിത്സാ സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 35/24*** | ***അടങ്കൽ*** | ***5,00,000 രൂപ*** |
| | | *(തനത് ഫണ്ട്)* |
| ***പേര്*** | ***എടവനക്കാട് ഗവ.ആയുർവേദ പഞ്ചകർമ്മ ചികിത്സ സൗകര്യം ലഭ്യമാക്കൽ*** | |

എടവനക്കാട് ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ 2019-20 മുതൽ ഗ്രാമപഞ്ചായത്ത് പഞ്ചകർമ്മ സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ആദ്യവർഷത്തെ ചെലവ് സംഭവാനയിൽ നിന്ന് കണ്ടെത്തി. 2021-22 മുതൽ നൂതന പ്രോജക്ടായാണ് നടപ്പാക്കുന്നത്. ആറു മാസത്തേയ്ക്ക് മാത്രം വേതനം നൽകാനാണ് അനുമതി നൽകുന്നത്. യോഗ്യരായ വനിത-പുരുഷ തെറാപ്പിസ്റ്റുകളെ നിയമിച്ച് (2 പേർ) പ്രതിമാസം ഒരാൾക്ക് 20,385 രൂപയിൽ കവിയാത്ത വേതനം നൽകുന്നു. (പ്രതിദിനം 755 രൂപ). വർഷം മുഴുവൻ ഈ സേവനം നൽകുന്ന രീതിയിൽ സ്ഥിരമായി തെറാപ്പിസ്റ്റുകളുടെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. എടവനക്കാട് ഗ്രാമപഞ്ചായത്തു കൂടാതെ ചൂർണ്ണിക്കര, മുളന്തുരുത്തി, മണീട്, ശ്രീമൂലനഗരം, മുളവുകാട്, എന്നീ ഗ്രാമപഞ്ചായത്തുകളും ഇതേ രീതിയിൽ പഞ്ചകർമ്മ ചികിത്സ നടത്തുന്നുണ്ടെന്നും ഈ ഗ്രാമപഞ്ചായത്തുകൾക്കും ഇതേ രീതിയിൽ തെറാപ്പിസ്റ്റുകളെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആയുർവേദ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ഡയറക്ടർ ആയുർവേദ വകുപ്പ്**<br>**2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.7 ളാലം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.07.2023-ലെ 1(2) -ാം നമ്പർ തീരുമാനവും (SRG/ 1316/23 - CC/649/23).**

**വിഷയം:-** വൃക്ക രോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 36/24 | *അടങ്കൽ* | *5,00,000 രൂപ (അവർഡ് തുക )* |
| *പേര്* | **വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം** | |

വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകാനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** മാർഗ്ഗരേഖയിൽ പറയും പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.8 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023-ലെ കത്തുകൾ - 2 എണ്ണം (SRG/1333/23 CC/625/23)**

**വിഷയം:-** വക്കം RHC യിൽ ഡോക്ടറെയും സെക്യൂരിറ്റി ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 164/24 | *ടങ്കൽ* | *7,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *വക്കം RHC യിൽ ഡോക്ടർ, സെക്യൂരിറ്റി നിയമനം* | |

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ വക്കം RHC പ്രവർത്തിക്കുന്നുണ്ട്. RHC യുടെ പ്രവർത്തനം ഉച്ചകഴിഞ്ഞു കൂടി ലഭ്യമാക്കാൻ ഒരു ഡോക്ടറെയും ജീവനക്കാരുടെ സുരക്ഷയ്ക്കും മറ്റുമായി ഒരു സെക്യൂരിറ്റി ജീവനക്കാരനെയും നിയമിക്കാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** വക്കം **RHC** മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ കീഴിലുള്ളതാണ് എന്ന് യോഗം നിരീക്ഷിച്ചു. മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ കീഴിലുള്ള RHC കളിൽ ഡോക്ടർമാരെ നിയമിക്കുന്നതടക്കമുള്ള വിഷയത്തിന്മേൽ അഭിപ്രായമറിയിക്കാൻ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് മറുപടി ലഭിച്ചതിനുശേഷം ഇവിടെ ഡോക്ടറെ നിയമിക്കുന്നതടക്കമുള്ളവ പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.9 പാലക്കാട് മുനിസിപ്പാലിറ്റി**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2023-ലെ കത്തും പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ 05.09.2023-ലെ H3-42881/2022-ാം നമ്പർ കത്തും (SRG/1337/23 - CC/750/23)**

**വിഷയം: -** അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ വാടക നിശ്ചയിക്കുന്നത് സംബന്ധിച്ച്

പാലക്കാട് നഗരസഭയിൽ അർബൻ ഹെൽത്ത് സെന്ററിന്റെ കീഴിൽ അർബൻ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററിനായി കെട്ടിടം വാടകയ്ക്കെടുക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 6/33-ാം നമ്പർ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. 184.65 ചതുരശ്ര മീറ്ററാണ് വിസ്തീർണ്ണം. ഇതിന് PWD നിശ്ചയിച്ചിരിക്കുന്ന വാടക പ്രതിമാസം 16,211 രൂപയാണ്. കെട്ടിട ഉടമയായ ഡോ. അനുപമ രാമചന്ദ്രൻ, തോണിവിളയം വാടകയായി പ്രതിമാസം 35,000 രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നഗരസഭയും കെട്ടിട ഉടമയുമായി സംസാരിച്ച് വാടക 33,000 രൂപയായി കുറവു ചെയ്തിട്ടുണ്ട്. ഈ നിരക്കിൽ വാടക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രത്തിന് കെട്ടിടം വാടകയ്ക്ക് എടുക്കുകയാണെങ്കിൽ പരമാവധി പ്രതിമാസ വാടക 40,000 രൂപയാണ്. PWD നിരക്കനുസരിച്ചുള്ള വാടകയ്ക്ക് കെട്ടിടം പലപ്പോഴും ലഭ്യമല്ലാത്ത സാഹചര്യമുണ്ട്. അതിനാൽ ന്യായയുക്തമായ വാടക നിശ്ചയിക്കാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും 23.12.2023-ലെ 2558/2023/തസ്വഭവ നമ്പർ പ്രകാരം പ്രാദേശികമായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.10 വടകര ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2023-ലെ കത്തും വടകര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.09.2023-ലെ 4(1) -ാം നമ്പർ തീരുമാനവും ഉള്ളടക്കം ചെയ്തിരിക്കുന്ന റിപ്പോർട്ടും (SRG/1342/23 – CC/755/23)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ബേസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റിൽ നിയമിച്ചവർക്ക് വേതനം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 41/24** | ***അടങ്കൽ*** | ***7,58,700 രൂപ<br>(വികസനഫണ്ട് ജനറൽ – 5,40,000<br>ഗ്രാമപഞ്ചായത്ത് വിഹിതം – 83,700<br>ജില്ലാ പഞ്ചായത്ത് വിഹിതം – 1,35,000 രൂപ )*** |
| ***പേര്*** | ***കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ സ്റ്റാഫിന് വേതനം നൽകൽ, മറ്റു ചെലവുകൾ*** | |

കോഴിക്കോട് ജില്ലാ പഞ്ചായത്ത്, ജില്ലാ ഭരണകൂടം, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന സമഗ്ര പദ്ധതിയാണ് എനേബ്ലിംഗ് കോഴിക്കോട്.

ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ സമഗ്ര ചികിത്സാ പുനരധിവാസ പദ്ധതിയാണ് ഇതിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി വടകര ബ്ലോക്ക് പഞ്ചായത്ത് ഓർക്കാട്ടേരി CHC യിൽ കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ (CDMC) ആരംഭിച്ചു. ഈ സെന്ററിലേയ്ക്ക് താഴെപ്പറയും പ്രകാരമാണ് താൽക്കാലികമായി നിയമനം നടത്തിയിരിക്കുന്നത്.

| ക്രമ നം | തസ്തിക | പ്രതിമാസ വേതനം |
|---|---|---|
| 1 | റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് (1) | 30,000 രൂപ |
| 2 | ഫിസിയോ തെറാപ്പിസ്റ്റ് (1) | 26,400 രൂപ |
| 3 | സ്പിച്ച് തെറാപ്പിസ്റ്റ് (2 പേർ) | 26,400 രൂപ വീതം |
| 4 | സ്പെഷ്യൽ എഡ്യുക്കേറ്റർ | 17,250 രൂപ |

ഇവർക്ക് വേതനം നൽകുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി 15,17,400 രൂപയുടെ പ്രോജക്ട് തയ്യാറാക്കി നൂതന പ്രോജക്ടിനുള്ള ജില്ലാതല വിദഗ്ധ സമിതിക്ക് നൽകി. 6 മാസത്തേയ്ക്ക് മാത്രം വേതനം നൽകുന്നതിന് DLEC അംഗീകാരം നൽകി. ഇതനുസരിച്ച് പ്രോജക്ട് ഭേദഗതി ചെയ്ത് 6 മാസത്തെ വേതനം നൽകി. തുടർന്നുള്ള 6 മാസത്തെ വേതനം നൽകുന്നതിന് അനുമതി നൽകണമെന്നും വരും വർഷങ്ങളിലും ത്രിതല തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം വാങ്ങി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ലെ യോഗത്തിൽ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ സമാന ആവശ്യത്തിലെടുത്ത തീരുമാന (ക്രമനമ്പർ 2.7 ഖണ്ഡിക 4.37) പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

## 4.11 ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023-ലെ കത്തും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.07.2023-ലെ 6(8) -ാം നമ്പർ തീരുമാനവും (SRG/1327/23- CC/ 632/23, SRG/1328/23 –CC 670/23)**

**വിഷയം:-** വെള്ളാനിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അധികമായി ഒരു ഫിസിയോതെറാപ്പിസ്റ്റിനെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 113/24** | ***അടങ്കൽ*** | ***2,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***ജനറൽ ഫിസിയോതെറാപ്പിസ്റ്റ് നിയമനം*** | |

ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വെള്ളാനിക്കര CHC യിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും പവർ ഗ്രിഡിന്റെ CSR ഫണ്ടും ഉപയോഗിച്ച് 10 ലക്ഷം രൂപയുടെ ഫിസിയോ തെറാപ്പി ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പുത്തൂർ, നടത്തറ, പാണഞ്ചേരി, മടക്കത്തറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ളവർ ഇവിടെ ഫിസിയോതെറാപ്പിക്കായി വരുന്നുണ്ട്. NHM മുഖാന്തിരം (വേതനം നൽകി) ഒരു ഫിസിയോതെറാപ്പിസ്റ്റിനെ ഇവിടെ നിയമിച്ചിട്ടുണ്ട്. ഈ തെറാപ്പിസ്റ്റ് ആഴ്ചയിൽ 3 ദിവസം ആശുപത്രിയിലും 3 ദിവസം ഫീൽഡിലും സേവനം നൽകുന്നു. 30-40 പേർ ദിവസവും വരുന്നതിനാൽ തിരക്കുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ഒരു ഫിസിയോതെറാപ്പിസ്റ്റിനെ കൂടി നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകാൻ ബ്ലോക്ക് പഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു. അധികമായി ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

## 4.12 Kollam District Ayurvedic Oushadha Nirmmana Vyavasaya Co-operative Society Ltd (BHESHJAM)

**Kollam District Ayurvedic Oushadha Nirmmana Vyavasaya Co-operative Society Ltd (BHESHJAM) പ്രസിഡന്റിന്റെ 05.12.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1662/23)**

**വിഷയം:-** ഭേഷജം എന്ന സ്ഥാപനം ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകൾ സർക്കാർ ആയുർവേദ ആശുപത്രികളിൽ നൽകുന്നത് സംബന്ധിച്ച്

വ്യാവസായ വകുപ്പിൽ രജിസ്റ്റർ ചെയ്ത് ആയുർവേദ മരുന്നുകൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന ഒരു സഹകരണ സ്ഥാപനമാണ് കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം (ഭേഷജം). കൊല്ലം ജില്ലയിൽ മുണ്ടയ്ക്കലിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിന്ന് 09.07.2017 മുതൽ ആയുർവേദ മരുന്നുകൾ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് അനുമതിയുണ്ട്. ഈ സ്ഥാപനത്തിന് ഡ്രഗ് ലൈസൻസ് 31.12.2023 വരെയാണ് ഉണ്ടായിരുന്നത്. 31.12.2023 വരെ 'ഭേഷജം' നിർമ്മിക്കുന്ന ആയുർവേദ മരുന്നുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാനാണ് അനുമതിയുള്ളത്. 01.01.2024 ന് പ്രാബല്യത്തിലാകുന്ന പുതിയ ഡ്രഗ് ലൈസൻസ് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 'ഭേഷജം' ഉല്പാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക്/ഡിസ്പെൻസറികളിലേയ്ക്ക് വാങ്ങുന്നതിന് ഡ്രഗ് ലൈസൻസിന്റേയും GMP (Good Manufacturing Practice) സർട്ടിഫിക്കറ്റിന്റേയും കാലാവധി അവസാനിക്കുന്ന 31.12.2028 വരെ ദീർഘിപ്പിച്ചു നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-** ഇതിന്മേൽ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

## 4.13 കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ചെയർമാന്റെ 23.11.23-ലെ കത്തും അനുബന്ധരേഖകളും (SRG/1642/23)

**വിഷയം:-** കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫർമസ്യൂട്ടിക്കൽസിൽ നിന്നും മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്

നിലവിലെ സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 25.10.2023-ലെ ഡി.എ1/363/2023/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോപ്പറേഷനിൽ (KMSCL) നിന്ന് മാത്രമേ വാങ്ങാവൂ. അലോപ്പതി മരുന്നുകൾ KMSCL-ൽ നിന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി, നീതി സ്റ്റോറുകൾ എന്നിവയുടെ ഔട്ട് ലറ്റുകളിൽ നിന്നു വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (KSDP) മരുന്നു നിർമ്മിക്കുന്ന കമ്പനി ആയതിനാൽ മുകളിൽ പറഞ്ഞ സ്ഥാപനങ്ങളെക്കാൾ വിലക്കുറവിൽ ജനറിക് മരുന്നുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് എത്തിച്ചു നൽകാൻ KSDPക്ക് സാധിക്കുമെന്നറിയിച്ചിരിക്കുന്നു. അതിനാൽ KSDP യിൽ നിന്ന് കൂടി മരുന്നു വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** KMCL മുഖേന മരുന്നു ലഭിക്കാതെ വരുമ്പോൾ മുകളിൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കൊപ്പം കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (KSDP) യിൽ നിന്ന് മരുന്നു വാങ്ങി നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

## 4.14 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

**സർക്കാരിന്റെ 14.11.2023-ലെ ഡി.എ1/360/2023 തസ്വഭവ നമ്പർ കത്ത്, 30.11.2023 -ലെ ഡി.എ1/405/2023 തസ്വഭവ നമ്പർ കത്ത്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.09.2023-ലെ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.11.2023-ലെ E3/4828/2017/ TDP നമ്പർ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 20.09.2023-ലെ 7(3) -ാം നമ്പർ തീരുമാനവും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 14.11.2023-ലെ 8(2)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1548/23, SRG/1590/23)**

**വിഷയം:-** സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സൊസൈറ്റിയിൽ നിന്ന് മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്.

(i) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2018 മുതൽ 'ആശ്വാസ്' എന്ന പേരിൽ നടപ്പിലാക്കി വരുന്ന പദ്ധതി പ്രകാരം കരൾ, വൃക്ക എന്നിവ മാറ്റി വച്ച ജില്ലയിലെ നിർദ്ധനരായ രോഗികൾക്ക് മരുന്നു വിതരണം നടത്തുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും ചാരിറ്റി സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നാല് മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.
നിലവിലെ സബ്സിഡി -ധനസഹായ മാർഗ്ഗരേഖ പ്രകാരവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലെ 25.10.2023-ലെ ഡി.എ1/363/2023/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ (KMSCL) നിന്നു മാത്രമേ വാങ്ങാവൂ. അലോപ്പതി മരുന്നുകൾ KMSCL ൽ നിന്നും ലഭിക്കാൻ കാലതാമസം വന്നാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി, നീതി സ്റ്റോറുകൾ എന്നിവയുടെ ഔട്ട് ലറ്റുകളിൽ നിന്നു വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.
ഈ സ്ഥാപനങ്ങളോടൊപ്പം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള മെഡിക്കൽ സ്റ്റോറിനെ കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഒപ്പം 'ആശ്വാസ്' പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള മരുന്ന് സ്നേഹം പാലിയേറ്റീവ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ന്യായവില മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു.

(ii) കരൾ, വൃക്ക മാറ്റി വച്ചവർക്ക് മരുന്ന് വാങ്ങി നൽകാൻ 66.00 ലക്ഷം രൂപയുടെ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിരുന്നു. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രോജക്ട് വെറ്റ ചെയ്തില്ല. രോഗികൾക്ക് 2023 ഏപ്രിൽ, മെയ്, ജൂൺ ജൂലൈ മാസങ്ങളിൽ മരുന്നു നൽകിയ വകയിൽ 22,48,060 രൂപ സ്നേഹം പാലിയേറ്റീവ് സൊസൈറ്റിക്ക് നൽകാനുണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരം ഈ തുക 11.09.2023-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സ്നേഹം പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് അനുവദിച്ച് നൽകി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ആരോഗ്യവകുപ്പ്<br>തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

4.15 <u>വടകര ബ്ലോക്ക് പഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 17.08.2023 ലെ കത്തും അനുബന്ധ രേഖകളും (SRG/ 1189/23 – CC/515/23).**

**വിഷയം:-** മാനസിക വെല്ലുവിളി നേരിടുന്ന തൊഴിൽ പരിശീലനാർത്ഥികൾക്ക് യാത്രാബത്ത നൽകുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 25/24 | *അടങ്കൽ* | *14,00,000 രൂപ (വികസനഫണ്ട് – ജനറൽ)* |
|---|---|---|
| *പേര്* | റീ ബോൺ ഭിന്നശേഷി സമഗ്ര വികസന പദ്ധതി | |

വടകര ബ്ലോക്ക് പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം മുതൽ റീബോൺ ഭിന്നശേഷി സമഗ്രവികസന പദ്ധതി എന്ന പേരിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലനം നൽകുന്നുണ്ട്. ബ്ലോക്ക് പരിധിയിലുള്ള 18 വയസ്സിനു മുകളിലുള്ള മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ ഉൾപ്പെടുത്തി ഓരോരുത്തരുടേയും കഴിവിനെ അടിസ്ഥാനപ്പെടുത്തി പരിശീലനം നൽകി തൊഴിൽ നേടാൻ സഹായിക്കുന്നതിനാണ് പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു ബാച്ചിന് ഒരു വർഷത്തേക്കാണ് പരിശീലനം നൽകുന്നത്. ഇവർക്കാവശ്യമായ വാഹനസൗകര്യവും ഭക്ഷണവും നൽകുന്നുണ്ട്. എന്നാൽ വാഹനത്തിന്റെ വാടക കണ്ടെത്തുന്നതിനുള്ള തുക നിർധന കുടുംബത്തിൽപ്പെട്ടരിൽ നിന്നു വാങ്ങാൻ കഴിയുന്നില്ല. അതിനാൽ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന 1000 രൂപക്കു പുറമെ ആവശ്യമുള്ള അധിക തുക ഈ വർഷവും തുടർന്നുള്ള വർഷവും പ്രോജക്ടിൽ നിന്ന് (ബ്ലോക്കു പഞ്ചായത്തിൽ നിന്ന്) ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള കെട്ടിടത്തിലാണ് പരിശീലനം നടത്തുന്നത്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

4.16 <u>താനൂർ ബ്ലോക്ക് പഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.09.2023 ലെ കത്തും അനുബന്ധരേഖകളും (SRG/1274/23)**

**വിഷയം:-** ക്ഷീര വികസന ഓഫീസിലേയ്ക്ക് UPS വാങ്ങുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 57/24 | *അടങ്കൽ* | *50,000 രൂപ (മെയിന്റനസ് ഗ്രാന്റ് നോൺ റോഡ്)* |
|---|---|---|
| *പേര്* | **ക്ഷീര വികസന ഓഫീസിലേയ്ക്ക് UPS വാങ്ങൽ** | |

നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ക്ഷീരവികസന ഓഫീസിലേയ്ക്ക് UPS വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്** |

4.17 <u>പന്തലായനി ബ്ലോക്ക് പഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2023-ലെ കത്തും പന്തലായിനി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 25.09.2023-ലെ BPPLY/2101/2022- B നമ്പർ കത്തും. പന്തലായിനി ക്ഷീരവികസന ഓഫീസറുടെ 12.09.2023-ലെ കത്തും (SRG/1335/23 CC/753/23)**

**വിഷയം:-** ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 19/23 | *അടങ്കൽ* | *6,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
|---|---|---|
| *പേര്* | *ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്* | |

ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതിന് ധനസഹായം നൽകുന്നതിന് തൊട്ടു മുൻപുള്ള വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. അപേക്ഷ സമർപ്പിച്ച സംഘങ്ങളിൽ 2022-23 വർഷം ഓഡിറ്റ് നടന്നിട്ടില്ല. 2022-23-ലെ ഓഡിറ്റ് നടക്കാൻ കാലതാമസം ഉണ്ടാകും എന്നറിയിച്ചിട്ടുണ്ട്. അതിനാൽ മാനദണ്ഡ പ്രകാരം മറ്റ് യോഗ്യതയുള്ള ക്ഷീരസംഘങ്ങൾക്ക് 2021-22-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 2021-22-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.18 ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2023 ലെ കത്തും ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.07.2023 -ലെ 24 (2)/23-24-ാം നമ്പർ തീരുമാനവും (SRG/1326/23 – CC/725/23)**

**വിഷയം:-** തീറ്റപ്പുൽ കൃഷിക്ക് ഉയർന്ന സബ്സിഡി നൽകണമെന്നതു സംബന്ധിച്ച്

| *പ്രോ.നം:* 13/24 | *അടങ്കൽ* | *2,00,000 രൂപ (വികസനഫണ്ട് ജനറൽ -1,00,000 രൂപ ഗുണഭോക്തൃ വിഹിതം – 1,00,000 രൂപ)* |
|---|---|---|
| *പേര്* | *ക്ഷീര സംഘങ്ങൾ മുഖേന തീറ്റപ്പുൽ കൃഷി* | |

സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം തീറ്റപ്പുൽകൃഷിക്ക് ഒരു ഹെക്ടറിന് 18,000 രൂപ നിരക്കിൽ പരമാവധി 36,000 രൂപയാണ് നൽകാവുന്നത്. ഇത് 50,000 രൂപ നിരക്കിൽ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**4.19 തിരുവനന്തപുരം എഗ്ഗർ നഴ്സറി**

**തിരുവനന്തപുരം എഗ്ഗർ നഴ്സറി സംരംഭകരുടെ 02.08.2023-ലെ കത്ത് (SRG/1424/23)**

**വിഷയം:-** മുടക്കം കൂടാതെ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത് സംബന്ധിച്ചും കോഴികുഞ്ഞുങ്ങളുടെ വില സംബന്ധിച്ചും

(I) മൃഗസംരക്ഷണ വകുപ്പിന്റെ കുടപ്പനക്കുന്ന് റീജിയണൽ പൗൾട്രി ഫാമിൽ നിന്ന് പരിശീലനം ലഭിച്ചവർ നടത്തുന്ന എഗ്ഗർ നേഴ്സറികളിൽ നിന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ കോഴികുഞ്ഞുങ്ങളെ വാങ്ങുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ഹാച്ചറികളിൽ നിന്നും ഒരു ദിവസം

പ്രായമായ കോഴികുഞ്ഞുങ്ങളെ എഗ്ഗർ നേഴ്സറി ഉടമകൾ വാങ്ങണം. എന്നാൽ കോഴികുഞ്ഞുങ്ങളുടെ വിതരണം വർഷം മുഴുവൻ നടക്കുന്നില്ല. ഓരോ വർഷവും സെപ്റ്റംബറിൽ ആരംഭിച്ച് മാർച്ച് മാസത്തോടെ വിതരണം അവസാനിക്കും. മാർച്ച് മാസത്തിനു ശേഷവും ഹാച്ചറികളിൽ നിന്ന് കോഴികുഞ്ഞുങ്ങളെ എടുക്കണം. അല്ലായെങ്കിൽ നേഴ്സറികളുടെ ലൈസൻസ് റദ്ദാകും. ഇങ്ങനെയെടുക്കുന്ന കോഴികുഞ്ഞുങ്ങളെ വളർത്തുന്നതിന് വലിയ സാമ്പത്തിക ബാദ്ധ്യത വരും. അതിനാൽ വർഷം മുഴുവൻ കോഴികുഞ്ഞുങ്ങളെ ഗ്രാമപഞ്ചായത്തു മുഖേന വിതരണം ചെയ്യുന്നതിന് സൗകര്യമൊരുക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പതിമൂന്നാം പദ്ധതി മുതൽ ഏപ്രിൽ ഒന്നിനു തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കാവുന്ന രീതിയിലാണ് പദ്ധതി രൂപീകരണം ക്രമപ്പെടുത്തി യിരിക്കുന്നത്. ഇതനുസരിച്ച് വെറ്ററിനറി ഡോക്ടർമാർ പദ്ധതി നിർവ്വഹണം ഏപ്രിൽ മുതൽ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഒപ്പം യോഗത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടതുപോലെ വർഷം മുഴുവൻ നിർവ്വഹണം നടത്താൻ കഴിയുംവിധം ബഹുവർഷ പ്രോജക്ടായി ഈ പ്രോജക്ട് നടപ്പാക്കുന്ന രീതിയും സ്വീകരിക്കാവുന്നതാണ്. ഇതനുസരിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ താഴെതലത്തിലുള്ള ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

(II) മാർഗ്ഗരേഖ പ്രകാരം 45 ദിവസം മുതൽ 60 ദിവസം വരെ പ്രായമുള്ള കോഴികുഞ്ഞുങ്ങൾക്ക് 120 രൂപയാണ്. എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ പുതുക്കിയ നിരക്ക് 130 രൂപയാണ്. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ വാങ്ങുന്ന കോഴികുഞ്ഞുങ്ങളുടെ വില 130 രൂപയായി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കോഴികുഞ്ഞുങ്ങളെ 100 ശതമാനം സബ്സിഡിയോടെയാണ് നൽകുന്നത്. അതിനാൽ ഈ വർഷത്തേയ്ക്ക് അധികമായ 10 രൂപ ഗുണഭോക്തൃ വിഹിതമായി ഉൾക്കൊള്ളിക്കാൻ നിർദ്ദേശിക്കുന്നു. അടുത്ത വർഷം വില വർദ്ധിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.20 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2023 ലെ കത്ത് (SRG/1464/23 – CC/644/2023)**

**വിഷയം:-** മൊബൈൽ വെറ്ററിനറി ക്ലിനിക് തുടങ്ങുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 24/24 | ***അടങ്കൽ*** | ***22,00,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *20,00,000 രൂപ* |
| | *സംഭാവന* | *2,00,000 രൂപ* |
| ***പേര്*** | **മൊബൈൽ വെറ്ററിനറി ക്ലിനിക്** | |

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് 9 ഗ്രാമപഞ്ചായത്തുകൾ ഉണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും മൃഗാശുപത്രി ഉണ്ടെങ്കിലും വിശാലമായ ഭൂപ്രദേശമായതിനാൽ മൃഗാശുപത്രിയിലെത്താൻ ഗുണഭോക്താക്കൾക്ക് വളരെയധികം സഞ്ചരിക്കണം. അതിനാൽ മൃഗങ്ങളേയും മറ്റും വീട്ടിൽ ചെന്ന് ചികിത്സിക്കുന്നതിന് മൊബൈൽ വെറ്ററിനറി ക്ലിനിക് തുടങ്ങാൻ ഉദ്ദേശിക്കുന്നു. പ്രോജക്ട് ചെലവ് താഴെ പറയും പ്രകാരമാണ്. 2019 ലെ കന്നുകാലി സെൻസസ് പ്രകാരമുള്ള വളർത്തു മൃഗങ്ങളുടേയും വളർത്തു പക്ഷികളുടേയും എണ്ണം

നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. വാടകയ്ക്ക് എടുക്കുന്ന വാഹനത്തിന്റെ ഡ്രൈവർ അറ്റന്ററായി പ്രവർത്തിക്കും അതിന് പ്രത്യേക വേതനം ഇല്ല.

| | |
|---|---|
| മരുന്ന് | 10,00,000 രൂപ |
| ഡോക്ടറുടെ വേതനം | 5,16,300 രൂപ |
| വാഹന വാടക | 4,56,000 രൂപ |
| സ്റ്റേഷനറി | 27,700 രൂപ |
| ആകെ | 20,00,000 രൂപ |

**തീരുമാനം :-** **1)** സഞ്ചരിക്കുന്ന മൃഗാശുപത്രിയിലൂടെ തീർത്തും സൗജന്യമായി സേവനം നൽകുന്നതിനു പകരം ന്യായമായ ഫീസ് ഈടാക്കി സംരംഭക മാതൃകയിൽ പ്രോജക്ട് നടപ്പാക്കുന്ന രീതി പരിഗണിക്കണം. ഇതുവഴി സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ പ്രവർത്തന ചെലവ് വരുമാനത്തിൽ നിന്നു കണ്ടെത്തി ഭാവിയിൽ പൂർണ്ണമായും സംരംഭക മാതൃകയിൽ ഇതു മാറ്റാൻ കഴിയുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കണം. ഗുണഭോക്താക്കളിൽ നിന്ന് വാങ്ങുന്ന ഫീസ് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ച് ചെലവു വഹിക്കുന്ന രീതി അവലംബിക്കണം.

ഈ രീതി ഈ വർഷം തന്നെ തുടങ്ങി കൊണ്ട് അടുത്തവർഷം പൂർണ്ണമായും സംരംഭക രീതിയിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**2)** മൃഗസംരക്ഷണ വകുപ്പിന്റെ നേരിട്ടുള്ള സഹായത്തോടെ പ്രവർത്തിക്കുന്ന മൊബൈൽ വെറ്ററിനറി ക്ലിനിക്കുകളിൽ 450 രൂപ നിരക്കിലാണ് ഓരോ സേവനത്തിനും ചാർജ് ഈടാക്കുന്നത് എന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. ഈ മാതൃക കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തടക്കം മൊബൈൽ വെറ്ററിനറി ക്ലിനിക്കിനു പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സ്വീകരിക്കാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.21 <u>അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023-ലെ കത്തും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.09.2023-ലെ C-503/23-ാം നമ്പർ കത്തും (SRG/1360/23 - CC/721/23)**

**വിഷയം:-** കറവപശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 6/24*** | ***അടങ്കൽ*** | ***10,00,000 രൂപ*** *(CFC Basic Grant - 5,00,000 രൂപ ഗുണഭോക്തൃ വിഹിതം - 5,00,000രൂപ)* |
| ***പേര്*** | ***കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി*** | |

സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം കറവപശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി പൊതുവിഭാഗത്തിന് 50 ശതമാനമാണ് (പരമാവധി 10,000 രൂപ). ഇതു വരുമാന പരിധിയില്ലാതെ 20,000 രൂപയായി ഉയർത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്** |

**4.22 തച്ചമ്പാറ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023 –ലെ കത്ത് (SRG/ 1281/23)**

**വിഷയം:–** പശു വാങ്ങുന്നതിന് ധനസഹായം നല്കാനുള്ള പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 32/23* | *അടങ്കൽ* | *16,00,000 രൂപ* |
| | | *(വികസനഫണ്ട് ജനറൽ – 8,00,000 രൂപ* |
| | | *ഗുണഭോക്തൃ വിഹിതം 8,00,000 രൂപ)* |
| *പേര്* | *പശു വളർത്തൽ – വനിത* | |

പശു വളർത്തലിനു ധനസഹായം നൽകാനുള്ള മുകളിൽ പറഞ്ഞ പ്രോജക്ട് വനിതാഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചു. അതിനാൽ ഈ ലിസ്റ്റ പ്രകാരം തന്നെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :–** കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023–ലെ യോഗത്തിൽ കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമാന വിഷയത്തിൽ താഴെപ്പറയും പ്രകാരം വ്യക്തത വരുത്തിയിരുന്നു (ഖണ്ഡിക 4.37). ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

'ഈ വർഷം ഇത്തരം പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വെറ്റിംഗ് നടപടികളിലേയ്ക്ക് കടന്ന പ്രോജക്ടുകളിൽ ഗുണഭോക്താക്കളെ എപ്രകാരമാണോ തെരഞ്ഞെടുത്തിരിക്കുന്നത് അതേ രീതിയിൽ നടപ്പാക്കാവുന്നതാണ്. ഈ പ്രോജക്ടുകളിലെ ഗുണഭോക്തൃ ഭവനങ്ങളിലെ വനിതകൾക്ക് ഈ പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുമെന്ന് ഇംപ്ലിമെന്റിംഗ് ഓഫീസർ ഉറപ്പാക്കുകയും വനിതാ ഗുണഭോക്താക്കൾക്ക് ഇതിൽ പരിശീലനം നൽകുകയും വേണമെന്ന നിബന്ധനയോടെ ഈ വർഷം നടപ്പാക്കാൻ അനുമതി നൽകുന്നു. എന്നാൽ വരും വർഷങ്ങളിൽ വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന രീതിയിൽ അർഹതാ മുൻഗണനാ മാനദണ്ഡം കൃത്യമായി നിശ്ചയിക്കേണ്ടതാണെന്ന് വ്യക്തത വരുത്തുന്നു'.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.23 പറക്കോട് ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2023–ലെ കത്തും പ്രോജക്ട് റിപ്പോർട്ടും അനുബന്ധരേഖകളും (SRG/1300/23 – CC/704/23).**

**വിഷയം:–** ഒരു കുടുംബത്തിന് കറവപശു, പെണ്ണാട്, മുട്ടക്കോഴി എന്നിവ ഒരുമിച്ചു നൽകുന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 85/23* | *അടങ്കൽ* | *34,00,000 രൂപ* |
| | | *വികസനഫണ്ട് – 17,00,000 രൂപ* |
| | | *ബാങ്ക് വായ്പ – 16,70,000 രൂപ* |
| | | *ഗുണഭോക്തൃവിഹിതം – 30,000 രൂപ* |
| *പേര്* | *ഗൃഹസമൃദ്ധി – വീട്ടമ്മമാർക്ക് ഒരു കൈത്താങ്ങ്* | |

ഒരു പ്രോജക്ടിലൂടെ പാലും മുട്ടയും ഉല്പാദിപ്പിക്കാനും കുടുംബം പുലർത്താൻ വരുമാനം ഉണ്ടാക്കാനുമാണ് ലക്ഷ്യം. ഒരു ഗുണഭോക്താവിനു തന്നെ കറവപശു, പെണ്ണാട്, മുട്ടക്കോഴി എന്നിവ നൽകുന്നു. യൂണിറ്റ് ചെലവ് താഴെപ്പറയും പ്രകാരമാണ്.

| ഇനം | ആകെ ചെലവ് (രൂപ) | സബ്സിഡി (രൂപ) |
|---|---|---|
| കറവപശു എണ്ണം(1) | 60,000 | 30,000 |
| പെണ്ണാട് (1 എണ്ണം) | 9,000 | 4,500 |
| മുട്ടക്കോഴി(10 എണ്ണം) | 11,000 | 500 |
| **ആകെ** | **70,100** | **35,000** |

ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കറവ പശുവിന്റെ കൂടെ പെണ്ണാടിനെ കൂടി കൊടുക്കേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്കായതിനാൽ തുക ഗ്രാമപഞ്ചായത്തിന് കൈമാറി നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്** |

**4.24 <u>പറക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2023-ലെ കത്തും പ്രോജക്ട് റിപ്പോർട്ടും അനുബന്ധരേഖകളും (SRG/1301/23 - CC/705/23).**

**വിഷയം:-** ഒരു കുടുംബത്തിന് കറവപശു, പെണ്ണാട്, മുട്ടക്കോഴി എന്നിവ ഒരുമിച്ച് നൽകുന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 129/24*** | ***അടങ്കൽ*** | ***10,55,000 രൂപ*** |
| | | ***SCP- 7,80,000** രൂപ* |
| | | *ബാങ്ക് വായ്പ - **2,70,000** രൂപ* |
| | | *ഗുണഭോക്തൃവിഹിതം - **5,000** രൂപ* |
| ***പേര്*** | ***ഗൃഹസമൃദ്ധി - വീട്ടമ്മമാർക്ക് ഒരു കൈത്താങ്ങ് - SCP*** | |

ഒരു പ്രോജക്ടിലൂടെ തന്നെ പാലും മുട്ടയും ഉല്പാദിപ്പിക്കാനും കുടുംബം പുലർത്താൻ വരുമാനം ഉണ്ടാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കറവപശു, പെണ്ണാട്, മുട്ടക്കോഴി എന്നിവ ഒരു കുടുംബത്തിനു തന്നെ നൽകുന്നു. യൂണിറ്റ് ചെലവ് താഴെപറയും പ്രകാരമാണ്.

| ഇനം | ആകെ ചെലവ് (രൂപ) | സബ്സിഡി (രൂപ) |
|---|---|---|
| കറവപശു എണ്ണം(1) | 60,000 | 45,000 |
| പെണ്ണാട് (1 എണ്ണം) | 9,000 | 6,500 |
| മുട്ടക്കോഴി(10 എണ്ണം) | 11,000 | 500 |
| **ആകെ** | **70,100** | **52,000** |

ബ്ലോക്ക് പഞ്ചായത്ത് മുഖേന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കറവ പശുവിന്റെ കൂടെ പെണ്ണാടിനെ കൂടി കൊടുക്കേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു. വ്യക്തിഗത ഗുണഭോക്താക്കൾക്കായതിനാൽ തുക ഗ്രാമപഞ്ചായത്തിന് കൈമാറി നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.25 <u>പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/1310/23 – CC/549/2023)**

**വിഷയം:-** ഉയർന്ന ഉല്പാദനക്ഷമതയുള്ള പശുക്കളെ നാട്ടിൽ തന്നെ വളർത്തുന്ന തിനുള്ള പ്രോജക്ട് നടപ്പാക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 144/23 | ***അടങ്കൽ*** | ***20,00,186 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *5,00,000 രൂപ* |
| | *തനത് ഫണ്ട്* | *5,00,093 രൂപ* |
| | *ബാങ്ക് വായ്പ* | *9,79,000 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *21,093 രൂപ* |
| ***പേര്*** | **ഗോ വർദ്ധിനി** | |

സങ്കരയിനത്തിൽപ്പെട്ടതും ഉല്പാദനശേഷി ഉള്ളതുമായ കറവപ്പശുക്കളെ കർഷകരിലേക്കെത്തിക്കുന്നതിനാണ് പ്രോജക്ട്. ഇതിനായി അന്യസംസ്ഥാനങ്ങളിൽ നിന്ന് 12 മുതൽ 18 മാസം പ്രായമുള്ള മുന്തിയ ഇനം കിടാരികളെ വാങ്ങി വിതരണം ചെയ്യുന്നു. കിടാരികളുടെ വിലയുടെ 50 ശതമാനം സബ്സിഡി നൽകുന്നു. വില ജില്ലാതലത്തിൽ നിശ്ചയിക്കും. കിടാരികൾക്കൊപ്പം 50 ശതമാനം സബ്സിഡിയോടെ 9 കിലോ മിനറൽ മിക്സ്ചറും വിരമരുന്നും നൽകും. നൂതന ആശയം ഇല്ല എന്നതിനാൽ നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള DLEC അനുമതി നിരസിച്ചു. ചെലവ് വിവരം താഴെ പറയും പ്രകാരമാണ്.

| **ഇനം** | **ധനസഹായം (ഒരാൾക്ക്)** | **ഗുണഭോക്തൃ വിഹിതം (ഒരാൾക്ക്)** | **ആകെ (ഒരാൾക്ക്)** | **അടങ്കൽ** |
|---|---|---|---|---|
| കിടാരിയുടെ വില (89 എണ്ണം) | 11,000 | 11,000 | 22,000 | 19,58000 |
| മിനറൽ മിക്ചർ (89x9) | 810 | 810 | 1,620 | 1,44,180 |
| വിരമരുന്ന് (89) | 18 | 17 | 35 | 3,115 |
| ആകെ | 11,828 | 11,827 | 23,655 | 21,05,295 |

ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുമായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.26 <u>വേളം ഗ്രാമപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2023 ലെ കത്തും വേളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.06.2023 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/1205/23 – CC/418/23).**

**വിഷയം:-** KWA ഗ്രാമപഞ്ചായത്തിനു തിരികെ നൽകിയ തുക വിവിധ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണിക്ക് ഉപയോഗിക്കുന്നതു സംബന്ധിച്ച്

വേളം ഗ്രാമപഞ്ചായത്ത് 2020-21 വർഷം വിവിധ കുടിവെള്ള പദ്ധതികൾക്കായി സി.എഫ്.സി ടൈഡ് ഗ്രാന്റ് ഇനത്തിൽ 23.00 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ ജലജീവൻ മിഷൻ വന്നതിനാൽ ഇപ്രകാരം ഡിപ്പോസിറ്റ് ചെയ്ത 23.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് KWA തിരികെ നൽകി. ഈ തുക ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

4.27 <u>വളവന്നൂർ ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2023-ലെ കത്തും വളവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.10.2023-ലെ 2(1)-ാം നമ്പർ തീരുമാനവും വളവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.12.2023-ലെ SC1 - 5188/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1628/23 - CC/881/23))**

**വിഷയം:-** വളവന്നൂർ ബാഫക്കി യത്തീംഖാന സ്ഥാപനങ്ങൾക്ക് സൗജന്യ കുടിവെള്ളകണക്ഷൻ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 18/24** | ***അടങ്കൽ*** | *4,90,000 രൂപ (CFC Tied Grant)* |
| ***പേര്*** | ***ബാഫക്കി യത്തീംഖാന കുടിവെള്ള കണക്ഷൻ - തുക ഡിപ്പോസിറ്റ് ചെയ്യൽ*** | |

വളവന്നൂർ - കൽപ്പകഞ്ചേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിലേയ്ക്ക് ബാഫക്കി യത്തീംഖാനയുടെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലം സൗജന്യമായി വിട്ടു നൽകി ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്ന് കൽപ്പകഞ്ചേരി, വളവന്നൂർ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ബാഫക്കി യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷനും കുടിവെള്ളവും സൗജന്യമായി നൽകണമെന്ന നിബന്ധനയോടെയാണ് സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് വിട്ടു നൽകിയത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2012-ലെ 8(12)-ാം നമ്പർ തീരുമാനപ്രകാരം ഈ കുടിവെള്ള പദ്ധതിയിൽ നിന്ന് ബാഫക്കി യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം ലഭ്യമാക്കാൻ നിശ്ചയിക്കുകയും ഇതനനുസരിച്ച് വളവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ബാഫക്കി യത്തീം ഖാന ഓർഫനേജ് കമ്മിറ്റി പ്രസിഡന്റുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്. ഇതനുസരിച്ച് യത്തീംഖാനയക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം ലഭ്യമാക്കിയില്ലെങ്കിൽ കരാർ റദ്ദാക്കി നിർമ്മാണ പ്രവൃത്തികൾ നീക്കം ചെയ്യേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വളവന്നൂർ യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യ കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇപ്രകാരം സൗജന്യ കുടിവെള്ള കണക്ഷൻ നൽകുമ്പോൾ ഉണ്ടാകുന്ന ചെലവ്, കുടിവെള്ള ചാർജ് ഒരു വർഷം എത്ര രൂപ വരും തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കേരള വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ കേരള വാട്ടർ അതോറിട്ടി<br>2)തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

4.28 <u>കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2023 ലെ കത്തും കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2023 ലെ കത്തും കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.08.2023 ലെ 7(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1289/23 - CC/687/2023).**

**വിഷയം:-** വളവന്നൂർ ബാഫഖി യത്തിംഖാന സ്ഥാപനങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 270/24 | ***അടങ്കൽ*** | ***5,00,000 രൂപ*** *(തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | വളവന്നൂർ ബാഫഖി യത്തിംഖാന സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ | |

കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ വളവന്നൂർ കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിനായി 2013 ൽ MLASDF – ൽ ഫണ്ട് അനുവദിച്ചിരുന്നു. ടാങ്ക് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ബാഫഖി യത്തിംഖാനക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷനും കുടിവെള്ളവും സൗജന്യമായി നൽകണമെന്ന നിബന്ധനയോടെ വളവന്നൂർ ബാഫഖി യത്തിംഖാന 15 സെന്റ് സ്ഥലം KWAക്ക് വിട്ടു നൽകി. ഇതനുസരിച്ച് വളവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വളവന്നൂർ ബാഫഖി യത്തിംഖാന ഓർഫനേജ് കമ്മിറ്റി പ്രസിഡന്റുമായി മുദ്രപത്രത്തിൽ കരാറുണ്ടാക്കി. കരാറനുസരിച്ച് ഗ്രാമപഞ്ചായത്തോ അനുബന്ധ ഡിപ്പാർട്ട്മെന്റോ വാട്ടർ അതോറിറ്റിയോ യത്തിംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം നൽകാതിരുന്നാൽ കരാർ റദ്ദാക്കി നിർമ്മാണ പ്രവൃത്തികൾ നീക്കം ചെയ്യേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വളവന്നൂർ യത്തിംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യ കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇപ്രകാരം സൗജന്യ കുടിവെള്ള കണക്ഷൻ നൽകുമ്പോൾ ഉണ്ടാകുന്ന ചെലവ്, ഒരു വർഷം കുടിവെള്ള ചാർജ് എത്രയാണ് തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കേരള വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ചീഫ് എഞ്ചിനീയർ കേരള വാട്ടർ അതോറിട്ടി**<br>2) **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |
|---|---|

**4.29 <u>തവന്നൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.തവന്നൂർ എം.എൽ.എയുടെ 07.08.2023 ലെ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1264/23 – CC/676/23).**

**വിഷയം:-** കിണർ റീ ചാർജ്ജിംഗിന്റെ ഭാഗമായി പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 191/24 | ***അടങ്കൽ*** | ***1,20,000 രൂപ*** *( തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **കിണർ റീചാർജ്ജിംഗ് – പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ** | |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തവന്നൂർ ഗ്രാമപഞ്ചായത്തിൽ 60 വീടുകളിൽ കിണർ റീ ചാർജ്ജിംഗിനായി സൗകര്യമൊരുക്കുന്നുണ്ട്. ഇതിനു വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പുരപ്പുറത്തു നിന്നും പൈപ്പ് വഴി വരുന്ന മഴവെള്ളം ശേഖരിച്ച് ഫിൽറ്റർ ചെയ്യുന്നതിന് 300 ലിറ്റർ പി.വി.സി വാട്ടർ ടാങ്ക് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാതല ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചില്ല. അതിനാൽ ടാങ്കിനു വേണ്ടി MGNREGS വിഹിതത്തിനു പകരം ഗ്രാമപഞ്ചായത്തിൽ നിന്ന് വിഹിതം നൽകാൻ ഉദ്ദേശിക്കുന്നു. പിറ്റ് നിർമ്മിച്ച് കോൺക്രീറ്റ് സ്ലാബിനേക്കാൾ പ്രയോജനപ്രദം പി.വി.സി ടാങ്ക് ആണെന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും പി.വി.സി ടാങ്ക് വാങ്ങി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഗ്രാമസഭ മുഖേന തെരഞ്ഞെടുത്ത 62 പേരാണ് ഇതിന്റെ ഗുണഭോക്താക്കൾ.

**തീരുമാനം :-** അനുമതി നൽകുന്നു

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |
|---|---|

4.30 കോട്ടായി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും കോട്ടായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.08.2023-ലെ 1(3)-ാം നമ്പർ തീരുമാനവും (SRG/ 1275/23- CC/671/23)**

**വിഷയം:-** ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണി നടത്തുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 91/24* | *അടങ്കൽ* | *3,60,000 രൂപ (CFC Tied Grant )* |
| *പേര്* | *മഠത്തിൽപ്പടി കുടിവെള്ളപദ്ധതി പുനരുദ്ധാരണം - വാർഡ് 3* | |
| *പ്രോ.നം: 95/24* | *അടങ്കൽ* | *3,84,000 രൂപ (CFC Tied Grant)* |
| *പേര്* | *മുട്ടികടവ് പൈപ്പ് ലൈൻ റിപ്പയർ* | |

കോട്ടായി ഗ്രാമപഞ്ചായത്തിന്റെ സ്വന്തമായ കുടിവെള്ള പദ്ധതികളാണ് മുകളിൽ പറഞ്ഞവ. ഈ കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസ് നടത്തുന്നതിന് CFC Tied Grant ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

CFC റൈറ്റഡ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

4.31 വിളയൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2023 ലെ 20(1)-ാം നമ്പർ തീരുമാനവും (SRG/1311/23 - CC/718/2023).**

**വിഷയം:-** കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിവിധ കുടിവെള്ള പദ്ധതികൾ നിർമ്മിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. ജല-ജീവൻ പദ്ധതി വരുന്നതുവരെ ഈ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃസമിതി തന്നെ നൽകി. ജലജീവൻ പദ്ധതിയിലൂടെ കുടിവെള്ളം ലഭിക്കുന്നുണ്ട് എന്നതിനാൽ ഇപ്പോൾ ഗുണഭോക്തൃസമിതി വൈദ്യുതി ചാർജ് അടയ്ക്കുന്നില്ല. ഗുണഭോക്താക്കൾ മാസംതോറും നൽകേണ്ട തുക നൽകുന്നില്ല. ആകെ 30 കുടിവെള്ള പദ്ധതിയുടെ കുടിശ്ശികയാണ് നൽകാനുള്ളത്. ഇതിൽ 14 എണ്ണത്തിന്റെ വൈദ്യുതി കണക്ഷൻ KSEB വിച്ഛേദിച്ചു. കുടിശ്ശിക ഈടാക്കാൻ KSEB റവന്യു റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ കുടിശ്ശിക തുക 84,923 രൂപ. ഈ തുക നൽകാൻ തനത് ഫണ്ട് ഇനത്തിൽ 1,00,000 രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഈ പദ്ധതിയിലൂടെ കുടിവെള്ളമുപയോഗിച്ച കാലത്തെ കുടിശ്ശിക ഗുണഭോക്തൃ സമിതി തന്നെ നൽകേണ്ടതാണ് എന്നു യോഗം നിരീക്ഷിച്ചു. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

4.32 <u>ഏലപ്പാറ ഗ്രാമപഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2023 ലെ കത്തും (SRG/ 1070/23 – CC/490/23).**

**വിഷയം:-** പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശിക അടയ്ക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 108/23 | ***അടങ്കൽ*** | ***17,00,000 രൂപ*** *(സി.എഫ്.സി. ടൈഡ് ഗ്രാന്റ്)* |
|---|---|---|
| ***പേര്*** | **പൊതുടാപ്പുകളുടെ കുടിവെള്ളക്കര കുടിശ്ശിക നൽകൽ** | |

ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശികയായി 26,66,299 രൂപയുണ്ട്. ഒറ്റത്തവണ സെറ്റിൽമെന്റ് പ്രകാരം ഇത് 19.00 ലക്ഷം രൂപയായി KWA കുറവു ചെയ്തു നൽകിയിട്ടുണ്ട്. ഈ തുക 31.07.2023 ന് മുമ്പ് അടയ്ക്കണമായിരുന്നു. കുടിവെള്ള ചാർജ്ജിന്റെ കുടിശ്ശിക അടയ്ക്കുന്നതിന് ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പൊതുടാപ്പുകളുടെ കുടിവെള്ള കുടിശ്ശിക തീർക്കുന്നത് സംബന്ധിച്ച് സർക്കാരിൽ പ്രത്യേക ഫയൽ ഉണ്ട്. ഇതിന്മേലെടുക്കുന്ന തീരുമാനം ഏലപ്പാറ ഗ്രാമപഞ്ചായത്തിനും ബാധകമായിരിക്കുമെന്നറിയിക്കുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |
|---|---|

4.33 <u>ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്</u>

**ശ്രീ.വിനോദ്.റ്റി.എൻ, ഉണ്ടത്തിൽ വീട്, പൂഞ്ഞാർ തെക്കേക്കര എന്ന വ്യക്തിയുടെ 26.07.2023 -ലെ കത്തും ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01.12.2023-ലെ B-1761/2023-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1255/23)**

**വിഷയം:-** കൈപ്പള്ളി ഗവ.എൽ.പി.എസ് കോമ്പൗണ്ടിൽ നിർമ്മിച്ച മഴവെള്ള സംഭരണിയുടെ തുക നൽകുന്നത് സംബന്ധിച്ച്

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കൈപ്പള്ളി ഗവ. എൽ.പി. സ്കൂളിൽ 2016-17-ൽ Pradan Manthri Krishi Sinchayee Yojana (PMKSY)/Integrated Watershed Management Programme (IWMP) യിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണി നിർമ്മിക്കാൻ ശ്രീ.വിനോദ്. റ്റി.എൻ എന്ന വ്യക്തിയെ ഏൽപ്പിച്ചിരുന്നു. 50,000 ലിറ്റർ സംഭരണശേഷിയുള്ള ഇതിന്റെ നിർമ്മാണം 2016-17-ൽ പൂർത്തിയായില്ല. ഇത് 2017-18-ൽ പൂർത്തിയാക്കി ബിൽ ബ്ലോക്ക് പഞ്ചായത്തിൽ നൽകിയെങ്കിലും IWMP നിർത്തലാക്കിയതിനാൽ ബിൽ തുകയായ 5.00 ലക്ഷം രൂപ ലഭിച്ചില്ല. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നു നൽകാൻ നിർദ്ദേശം നൽകണമെന്ന് ശ്രീ.വിനോദ്.റ്റി.എൻ ന്റെ ആവശ്യം സംബന്ധിച്ച് .

ഈ വിഷയം സംബന്ധിച്ച് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. മഴവെള്ള സംഭരണിയിൽ മഴവെള്ളം സംഭരിച്ചപ്പോൾ വിള്ളൽ രൂപപ്പെട്ട് ചോർച്ചയുണ്ടായി. ഇതു പരിഹരിക്കണമെന്ന് വാട്ടർഷെഡ് കമ്മിറ്റിയോട് ആവശ്യപ്പെട്ട പ്രകാരം പരിഹരിച്ചു എന്ന് കമ്മിറ്റി അറിയിച്ചുവെങ്കിലും ന്യൂനത പരിഹരിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സമീപവാസികൾ പരാതിപ്പെട്ടതിനാൽ മെഷർമെന്റ് എടുത്ത് ബിൽ തുക നൽകിയിട്ടില്ല. ഇപ്പോൾ ഈ ടാങ്കിൽ മഴവെള്ളം സംഭരിച്ച് സ്കൂളിലെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. മഴവെള്ള സംഭരണിയുടെ നിർമ്മാണവും ഇപ്പോഴത്തെ ക്ഷമതയും പരിശോധിക്കുന്നതിനോടൊപ്പം ബിൽ തുക നല്കുന്നതിന് ഉദ്ദേശിക്കുന്ന വിഭവസ്രോതസ്സ് ഏതാണെന്ന് ബ്ലോക്ക് പഞ്ചായത്തുമായി ചർച്ച ചെയ്ത് അതിന്റെ വിശദാംശം ഉൾപ്പെടെ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>2) **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

**4.34 കോഡൂർ ഗ്രാമപഞ്ചായത്ത്**

**ബഹു. മലപ്പുറം എം.എൽ.എ.യുടെ 31.10.2023-ലെ കത്തും കോഡൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.09.2023-ലെ 12(1)-ാം നമ്പർ തീരുമാനവും (SRG/1542/23)**

**വിഷയം:-** കോഡൂർ ഗ്രാമപഞ്ചായത്തിലെ നൂറാടി പമ്പ് ഹൗസിന് പുതിയ ട്രാൻസ് ഫോമർ സ്ഥാപിക്കുന്നത് സംബന്ധിച്ച്

കോഡൂർ ഗ്രാമപഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ നൂറാടി പമ്പ് ഹൗസ് 1989 മുതൽ പ്രവർത്തിച്ചു വരുന്നു. ആയിരത്തോളം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്ന ജലസ്രോതസ്സിലാണ് ഈ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. ഈ പമ്പ് ഹൗസിന്റെ പ്രവർത്തനത്തിന് 100 KVA ശേഷിയുള്ള ട്രാൻസ് ഫോമറാണുള്ളത്. ഇവിടുത്തെ പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന് 40 HP ശക്തിയുള്ള രണ്ട് മോട്ടോറുകൾ പ്രവർത്തിക്കണം. ഇതിനായി ഇപ്പോഴുള്ള 100 KVA ട്രാൻസ് ഫോമറിനു പകരം 200 KVAയുടെ ട്രാൻസ് ഫോമർ വേണം. ഇതിനുള്ള ഫണ്ട് KWA ക്കോ KSEB ക്കോ ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ട്രാൻസ് ഫോമറിനുള്ള തുക നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച് .

**തീരുമാനം :-** 200 **KVA** ട്രാൻസ്ഫോമറിന്റെ ആവശ്യം എന്തുകൊണ്ടാണ്, എത്ര കുടുംബത്തിനാണ് ഇതിന്റെ പ്രയോജനം, ട്രാൻസ് ഫോർമറിന്റെ ചെലവ് **KWA/KSEB** ക്ക് വഹിക്കാൻ കഴിയാത്തതിന്റെ കാരണം എന്നിവയടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ **KWA** ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി**<br>**തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

**4.35 മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023-ലെ കത്തും മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.05.2023-ലെ 3(1)-ാം നമ്പർ തീരുമാനവും (SRG/1362/23 – CC/579/23)**

**വിഷയം:-** ജലനിധി പദ്ധതിയിൽ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം മറ്റു കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

.

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജലനിധി പ്രോജക്റ്റ് നടപ്പാക്കിയിരുന്നു. ഇപ്പോൾ ഈ പദ്ധതി ഇല്ല. ജലനിധി പദ്ധതിക്കായി സർക്കാർ വിഹിതമായി 2013-14 വർഷം ലഭിച്ച തുകയിൽ 32,79,318 രൂപ കാനറാ ബാങ്ക് മൈനാഗപ്പള്ളി ബ്രാഞ്ചിൽ ബാക്കിയുണ്ട്. ഈ

തുക ജലജീവൻ പദ്ധതിപോലുള്ള കുടിവെള്ള പദ്ധതിക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** ഇത് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

**4.36 <u>പാലക്കാട് ജില്ലാ പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2023 ലെ കത്തും പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 31.07.2023 ലെ 11(5)-ാം നമ്പർ തീരുമാനവും (SRG/1203/23 – CC/626/23).**

**വിഷയം:-** മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻ പൊറ്റ പട്ടികവർഗ്ഗ സങ്കേതത്തിൽ വികസന പ്രവൃത്തികൾ നടപ്പാക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 86/24** | ***അടങ്കൽ*** | ***50,00,000 രൂപ (റ്റി.എസ്.പി)*** |
| ***പേര്*** | കോളനി ദത്തെടുക്കൽ | |

മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപൊറ്റ പട്ടികവർഗ്ഗ സങ്കേതം ഏറ്റെടുത്ത് വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് പ്രോജക്ട്. വിവിധ പ്രവൃത്തികൾക്കായി 1.00 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഹു വർഷമായി നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രോജക്ടിൽ ഈ വർഷം 50.00 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന ഭാഗികമായി നിർമ്മാണം നടത്തിയ 19 വീടുകളുടെ നവീകരണം, റോഡ്, ചേരിവികസനം, കുടിവെള്ളം എന്നീ മേഖലയിലാണ് വികസനം ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** ഇതിന് പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നും ഫണ്ട് നൽകാൻ കഴിയുമോ, ഉണ്ടെങ്കിൽ ഏതൊക്കെ ആവശ്യത്തിനാണ്, എത്ര തുകയാണ് നൽകാൻ കഴിയുന്നത് എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോട്ട് നൽകാൻ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.37 <u>കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ</u>**

**കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 10.10.2023 -ലെ KGPA/LP/FR/2023/101001 -ാം നമ്പർ കത്തും പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.2023-ലെ PRE/11/23-ാം നമ്പർ കത്തും (SRG/1426/23)**

**വിഷയം:-** വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡുതല പരിശോധനയ്ക്ക് പ്രതിഫലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ്തല പരിശോധന നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇതിനായി നിശ്ചിത യോഗ്യതയുള്ളവരെ താൽക്കാലികമായി നിയമിക്കാനും ഒരു കെട്ടിടത്തിന് 30 രൂപ വേതനം നൽകാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ നിരക്ക് പ്രകാരം ആരും ഫീൽഡ്

സന്ദർശനത്തിനും വിവരശേഖരണത്തിനും തയ്യാറാകുന്നില്ല. അതിനാൽ ഒരു വീടിന് 75 രൂപയെങ്കിലുമായി നിരക്ക് നിശ്ചയിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** എല്ലാ കെട്ടിടത്തിനും 30 രൂപ നിരക്കിൽ നൽകുന്നത് ശരിയല്ല എന്നും കെട്ടിടത്തിന്റെ വിസ്തീർണ്ണം കണക്കാക്കി സ്ലാബ് രീതിയിൽ നിരക്ക് നിശ്ചയിക്കുന്ന രീതിയാണ് നല്ലതെന്നും യോഗം വിലയിരുത്തി. ഇങ്ങനെ നിശ്ചയിക്കുന്ന നിരക്ക് പരമാവധി 50 രൂപയിൽ പരിമിതപ്പെടുത്താൻ കഴിയുമോ എന്നും പരിശോധിക്കണം. ഒപ്പം ഇത് കുടുംബശ്രീ മുഖേന ചെയ്യാൻ കഴിയുമോ എന്നും പരിശോധിക്കണം. ഇവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്** |

**4.38 <u>വെൺമണി ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2023-ലെ കത്ത് (SRG/ 1192/23 - CC/583/23).**

**വിഷയം:-** മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി CCTV സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 239/24*** | ***അടങ്കൽ*** | ***3,15,000 രൂപ***<br>*(CFC -Tied Grant - 3,13,960 രൂപ)*<br>*തനത് ഫണ്ട് - 1040 രൂപ )* |
| ***പേര്*** | ***മാലിന്യം നിർമ്മാർജ്ജനം - പൊതു സ്ഥലങ്ങളിൽ CCTV സ്ഥാപിക്കൽ*** | |

പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതു തടയുന്നതിന്റെ ഭാഗമായി CCTV സ്ഥാപിക്കുന്നതിന് ധനകാര്യ കമ്മീഷൻ (Tied Grant) ഉപയോഗിച്ചുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** CCTV സ്ഥാപിക്കുന്നതിന് മാർഗ്ഗരേഖയിലെ മറ്റ് നിർദ്ദേശങ്ങൾ കൂടി പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം)വകുപ്പ്** |

**4.39 <u>കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2023 -ലെ കത്ത് (SRG/1571/23 - WM1/254/23/തസ്വഭവ)**

**വിഷയം:-** മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 56/24 | ***അടങ്കൽ*** | ***24,00,000 രൂപ***<br>*(CFC **റ്റൈഡ് ഗ്രാൻ് - 5,00,000 രൂപ***<br>*SBM **വിഹിതം - 19,00,000 രൂപ)*** |
| ***പേര്*** | ***ബ്ലോക്ക് RRF ലേയ്ക്ക് യന്ത്രങ്ങൾ വാങ്ങൽ*** | |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2022-23ൽ റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിച്ചിരുന്നു. ഇവിടെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നതിന് ഈ വർഷം പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. യന്ത്രങ്ങൾ വാങ്ങി മാലിന്യ സംസ്കരണം നടത്താനും അക്രഡിറ്റഡ് ഏജൻസികളെ ഏല്പിച്ച് പ്രവർത്തനം നടത്താനുമാണ് ഉദ്ദേശിക്കുന്നത്. ഒപ്പം ഇവയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനും ലക്ഷ്യമിടുന്നു. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. ഇത് തദ്ദേശഭരണ സ്ഥാപനതലത്തിൽ തന്നെ തീരുമാനമെടുക്കാവുന്ന വിഷയമാണെന്ന് യോഗം നിരീക്ഷിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം)വകുപ്പ്** |

**4.40 <u>മുക്കന്നൂർ ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2023-ലെ കത്തുകളും (2 എണ്ണം) മുക്കന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.11.2023-ലെ 5(1) -ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1586/23 – CC/924/23)**

**വിഷയം:-** സമഗ്ര ശുചിത്വ ഗ്രാമമാക്കി മുക്കന്നൂർ ഗ്രാമപഞ്ചായത്തിനെ മാറ്റുന്നതിന്റെ ഭാഗമായി കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 357/24 | *അടങ്കൽ* | *6,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | **ക്ലീൻ – ഗ്രീൻ ആന്റ് ഹാപ്പി മുക്കന്നൂർ നടപ്പാക്കുന്നതിനായി ശുചിത്വ തൊഴിലാളികൾക്ക് വേതനം നൽകൽ** | |

എറണാകുളം ജില്ലയിലെ ഏഴാറ്റുമുഖം പ്രകൃതിഗ്രാമം, തൃശ്ശൂർ ജില്ലയിലെ ആതിരപ്പള്ളി, വാഴച്ചാൽ തുമ്പൂർമൂഴി, മലക്കപ്പാറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് ടൂറിസ്റ്റുകൾക്കുള്ള പ്രവേശന കവാടമാണ് മുക്കന്നൂർ ഗ്രാമപഞ്ചായത്ത്. വിനോദ സഞ്ചാരികൾ പാതയോരങ്ങളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ കാഷ്വൽ സ്വീപ്പർമാരെ നിയമിച്ച് സ്ഥിരമായി നീക്കം ചെയ്ത് ശുചിത്വ ഗ്രാമമാക്കി ക്ലീൻ, ഗ്രീൻ & ഹാപ്പി മുക്കന്നൂർ എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് പ്രോജക്റ്റ്. ഇതിന്റെ ഭാഗമായി 10 കാഷ്വൽ സ്വീപ്പർമാരെ മൂന്നുമാസക്കാലത്തേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാനുള്ള പ്രോജക്റ്റിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. മാലിന്യ നിർമ്മാർജ്ജനത്തിന് ഫെഡറൽ ബാങ്കിന്റെ CSR വിഹിതം ഉപയോഗിച്ച് മറ്റു പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് നടത്തുന്നുണ്ട്.

**തീരുമാനം :-**

1) പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (19.04.2022-ലെ 84/2022/തസ്വഭവ നമ്പർ ഉത്തരവ്) ഖണ്ഡിക നമ്പർ **8.1.C-18** പ്രകാരം നടപടി സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഇപ്രകാരം നിയമിക്കുന്നവരുടെ സേവനം ഫലപ്രദമാണെന്നും, എത്രമാത്രം പ്രദേശം വൃത്തിയാക്കുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് പ്രത്യേകം പരിശോധിക്കണം.

2) ശുചീകരണ മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം ശരാശരിയെക്കാൾ മോശമാണെന്നും മാലിന്യം വീടുകളിൽ നിന്നും കൃത്യമായി ശേഖരിക്കുന്നില്ല എന്നും യോഗം നിരീക്ഷിച്ചു. തെരുവുകൾ വൃത്തിയാക്കുന്നതോടൊപ്പം MCF/മിനി MCF സ്ഥാപിക്കുന്നതിലും ആവശ്യമായിടത്തൊക്കെ ബിന്നുകൾ സ്ഥാപിക്കുന്നതിലും അവ

കൃത്യമായി ശേഖരിച്ച് സംസ്കരിക്കുന്നതിനും പ്രത്യേക നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കണം. ഇതു സംബന്ധിച്ച് ഇതുവരെയുള്ള പുരോഗതി/സ്വീകരിച്ച നടപടി റൂറൽ ഡയറക്ടർക്ക് റിപ്പോർട്ട് നൽകണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം)വകുപ്പ്** |

**4.41 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 30.09.2023 -ലെ JS1-4470/2022 -ാം നമ്പർ കത്തും (SRG/1431/23)**

**വിഷയം:-** പൊതു ഇടങ്ങളിൽ CCTV സ്ഥാപിക്കുന്നതിനുള്ള സംയുക്ത പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 507/24 | *അടങ്കൽ* | *1,50,92,100 രൂപ (വികസന ഫണ്ട് - 12,86,100 രൂപ ഗ്രാമപഞ്ചായത്ത് വിഹിതം - 1, 08,56,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 19,47,000 മുനിസിപ്പാലിറ്റി വിഹിതം - 10,03,000 രൂപ)* |
| *പേര്* | *സ്മാർട്ട് ഐ- പൊതു ഇടങ്ങളിൽ CCTV സ്ഥാപിക്കൽ* | |

പൊതു ഇടങ്ങളിൽ CCTV സ്ഥാപിക്കുന്നതിന് സ്മാർട്ട് ഐ എന്ന പ്രോജക്ട് ജില്ലാ പഞ്ചായത്ത് 2022-23 വർഷം ആരംഭിച്ച് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ സംയുക്തമായാണ് പ്രോജക്ട് നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ സ്ഥാപനമായി നടപ്പാക്കുന്ന ഈ പ്രോജക്റ്റിന് മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾ തുക കൈമാറണം. ജില്ലാ പഞ്ചായത്തിൽ നിന്ന് ഓരോ തദ്ദേശഭരണസ്ഥാപനത്തിലേയ്ക്കും റിക്വിസിഷൻ നൽകി ഓരോ ബില്ലും പ്രത്യേകമായി ട്രഷറിയിൽ നൽകേണ്ടതുണ്ട്. കോൺട്രാക്ടർക്ക് ബിൽ തുക നൽകുന്നതിന് പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനത്തിന്റെ അത്രയും എണ്ണം ബിൽ തയ്യാറാക്കണം. ഇതു പ്രായോഗികമായി ബുദ്ധിമുട്ടുവരും. കൂടാതെ ചില തദ്ദേശഭരണസ്ഥാപനങ്ങൾ ഈ പ്രോജക്റ്റിന് CFC Basic Grant ആണ് വകയിരുത്തിയിരിക്കുന്നത്. ഇത് PFMS വഴി ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് കൈമാറിയിരിക്കുന്നത്. ഈ പ്രശ്നം ABC പദ്ധതി നടത്തിപ്പിലുമുണ്ട്. സാങ്കേതികമായി വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ ഐ.കെ.എം.ന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.4 പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ധന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്** |

**4.42 <u>മങ്കട ഗ്രാമപഞ്ചായത്ത്</u>**

**ബഹു. മങ്കട എം.എൽ.എയുടെ 09.10.2023-ലെ 107/MALI/2023/M നമ്പർ കത്തും മങ്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.10.2023-ലെ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.09.2023-ലെ 13(1)-ാം നമ്പർ തീരുമാനവും (SRG/1427/23)**

**വിഷയം:-** വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗിച്ച വാഹനത്തിന് വാടക നൽകുന്നത് സംബന്ധിച്ച്

മങ്കട ഗ്രാമപഞ്ചായത്തിൽ 20.03.2022 മുതൽ 30.06.2022 വരെയുള്ള കാലയളവിൽ വീടുകളിൽ നിന്നും കടകളിൽ നിന്നും മാലിന്യം MCF ലേയ്ക്ക് എത്തിക്കുന്നതിന് വാഹനം വാടകയ്ക്ക് എടുത്തു. വാഹനം വാടകയ്ക്കെടുക്കുന്നതിന് ടെണ്ടറടക്കമുള്ള നടപടിക്രമങ്ങൾ പാലിച്ചിരുന്നില്ല. വാടകയിനത്തിൽ 75,990 രൂപ ഹരിതകർമ്മസേനയുടെ സ്വന്തം വരുമാനത്തിൽ നിന്ന് നൽകി. ഈ തുക ഹരിത കർമ്മസേനയ്ക്ക് തിരികെ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഈ കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ലായിരുന്നു. 2022 ജൂലൈയിൽ വാഹനം സ്വന്തമായി വാങ്ങിയിട്ടുണ്ട്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം)വകുപ്പ്** |

### 4.43 മണിയൂർ ഗ്രാമ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2023-ലെ കത്തും മണിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.10.2023-ലെ 23(3)-ാം നമ്പർ കത്തും (SRG/1656/23 - CC/923/23)**

**വിഷയം:-** ***മണിയൂർ തെരുവ് ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച്***

| | | |
|---|---|---|
| *പ്രോ.നം: 27/24* | ***അടങ്കൽ*** | *15,50,500 രൂപ (സി.എഫ്.സി. ടൈഡ് ഗ്രാന്റ്)* |
| ***പേര്*** | ***മണിയൂർ തെരുവ് ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം*** | |

മണിയൂർ ഗ്രാമപഞ്ചായത്തിൽ 13-ാം വാർഡിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മണിയൂർ തെരുവിൽ സ്ഥിതി ചെയ്യുന്ന വപ്രാത്ത് കഴകം ട്രസ്റ്റിനു കീഴിലുള്ള ക്ഷേത്രത്തിന് സമീപമുള്ള സ്ഥലത്താണ് ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിക്കുന്നത്. ഈ സ്ഥലം 99 വർഷത്തേയ്ക്ക് ടേക്ക് എ ബ്രേക്കിനായി ഉപയോഗിക്കുന്നതിന് സ്ഥല ഉടമയായ ശ്രീമതി വനജ, കക്കിടിയില എന്ന വ്യക്തിയുമായി മണിയൂർ ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ രജിസ്റ്റർ ചെയ്യണമെന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ ചെയ്യുന്നത് പ്രായോഗികമല്ല. അതിനാൽ കരാർ രജിസ്റ്റർ ചെയ്യാതെ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കരാർ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം)വകുപ്പ്** |

### 4.44 വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.08.2023-ലെ കത്ത് (SRG/1191/23 - CC/486/23).**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ ലൈഫ് 2020 ലിസ്റ്റിൽ താഴെപ്പറയുന്നവർ ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ഉണ്ട്.

(1) ശ്രീമതി. ഭദ്രകുമാരി, വിള്ളൂർ (വാർഡ് 17)
(2) ശ്രീമതി. ഉഷാകുമാരി, കൃഷ്ണവിലാസം (വാർഡ് 16)
(3) ശ്രീമതി. സേതുകുമാരി,നെടിയത്ത് (വാർഡ് 14)

ഇവർ 2010-11 വർഷം ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 75,000 രൂപ വീതം വീട് നിർമ്മാണത്തിന് കൈപ്പറ്റിയിരുന്നു. ഈ വീടും സ്ഥലവും പിന്നീട് ഇവർ വിറ്റു. ഭവന നിർമ്മാണത്തിനു കൈപ്പറ്റിയ തുകയും പലിശയും ഗ്രാമപഞ്ചായത്തിൽ തിരികെ അടച്ചു. ഇപ്പോൾ ഇവർ വാടക വീട്ടിൽ താമസിക്കുന്നു. ഇവർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം സ്ഥലവും വീടും നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.45 <u>ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.08.2023 ലെ കത്തും ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 13.07.2023 ലെ 5(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1182/23 – CC/526/23).**

വിഷയം:- വീടു നിർമ്മിക്കാൻ ധനസഹായം നൽകുന്നതു സംബന്ധിച്ച്

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ശ്രീമതി ദേവി, കുർമ്മൽ എന്ന വ്യക്തി PMAY ഭവനപദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. ഇവർക്ക് 23 വർഷം മുമ്പ് IAY പദ്ധതി പ്രകാരം വീട് അനുവദിച്ചതിനാൽ ഇനി PMAY യിൽ ഭവന നിർമ്മാണത്തിന് ഉൾപ്പെടുത്താൻ കഴിയില്ല എന്നറിയിച്ചിരിക്കുന്നു. സർക്കാരിന്റെ "കരുതലും കൈതാങ്ങും" പരാതി പരിഹാര അദാലത്തിൽ ഈ വിഷയം വന്നിട്ടുണ്ട്. ഈ വ്യക്തിയുടെ ഭർത്താവ് മരണപ്പെട്ടു. മൂന്നു വർഷം മുമ്പ് മൺകട്ട കൊണ്ടുള്ള വീടു തകർന്നുപോയി. രാത്രിയിൽ മറ്റു വീടുകളിലാണ് താമസിക്കുന്നത്. അതിനാൽ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടുപയോഗിച്ച് വീടു നിർമ്മാണത്തിനു ധനസഹായം നൽകുന്നതിനോ ഉണ്ണികുളം ഗ്രാപഞ്ചായത്തിന്റെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനോ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ലൈഫ് നിരക്കു പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.46 <u>അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്തും അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.07.2023 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG/1194/23 – CC/550/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ശ്രീ.അബ്ദുൾ മുനീർ കെ.റ്റി, ആഷിമ ജഹാൻ, കുളങ്ങര തൊടി ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ 310 ക്രമ നമ്പറായി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയുടെ മകനായ 8 വയസ്സുള്ള മുഹമ്മദ് റയാൻ ഓട്ടിസം ബാധിച്ച കുട്ടിയാണ്. ലൈഫ് അന്തിമ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ കുട്ടിയുടെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്

ഉൾപ്പെടുത്തിയിരുന്നില്ല. മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തി മുൻഗണന നൽകി ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൂടി ശുപാർശ ചെയ്ത പ്രകാരം അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.47 <u>പുളിമാത്ത് ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023, 13.09.2023 എന്നീ തീയതികളിലെ കത്തും അനുബന്ധരേഖകളും (SRG/1288/23 – CC/529/2023).**

**വിഷയം:-** ലൈഫ് ഭവനപദ്ധതിപ്രകാരം വീട് നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി റിജം.കെ, സാന്ദ്രാലയം, ഊറാൻകുഴി, കാട്ടുപുറം എന്ന വ്യക്തി 2019-ലെ ലൈഫ് ലിസ്റ്റിൽ ഉണ്ട്. ഈ വ്യക്തിയുടെ റേഷൻകാർഡിൽ ഉൾപ്പെട്ട സഹോദരിമാർക്കെല്ലാം കൂടി 26 സെന്റ് സ്ഥലമുണ്ട്. 2021-ൽ ഈ റേഷൻ കാർഡിൽ നിന്നും സഹോദരിമാരുടെ പേര് കുറവു ചെയ്തിട്ടുണ്ട്. ഈ വ്യക്തിക്ക് സംഭാവനയായി 3 സെന്റ് സ്ഥലം ലഭിച്ചിട്ടുണ്ട്. എന്നാൽ ലൈഫ് ഭവനപദ്ധതി പ്രകാരം വീട് ലഭിക്കുന്നതിന് പഴയ റേഷൻകാർഡ് ഹാജരാക്കണമെന്ന് VEO ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി ഭിന്നശേഷിക്കാരിയാണ് എന്നറിയിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനയോടെ ഇവർക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**<br>2) **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.48 <u>കയ്പമംഗലം ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2023 ലെ കത്തും കയ്പമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.08.2023 ലെ 10(1)-ാം നമ്പർ തീരുമാനവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.08.2023 ലെ കത്തും (SRG/1231/23 – CC/646/23).**

**വിഷയം:-** വീട് റിപ്പയറിംഗിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 126/23 | ***അടങ്കൽ*** | ***20,00,000 രൂപ*** *( വികസനഫണ്ട് ജനറൽ)* |
| ***പേര്*** | **വീട് വാസയോഗ്യമാക്കൽ- ജനറൽ** | |

കയ്പ്പമംഗലം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രോജക്ടിൽ ശ്രീമതി ഷഹന കെ.എസ് എന്ന വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ഇവർക്ക് രണ്ടാം ഗഡുവായ 25,000 രൂപ നൽകുന്നതിന് ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായാണ് രേഖപ്പെടുത്തിയത്. അതിനാൽ ഈ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തു. ഈ തുക തിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) സർക്കാരിൽ നിന്ന് ഈ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കണമെന്ന ആവശ്യത്തിന്മേൽ ധനവകുപ്പിന് കത്തു നൽകാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു. ഒപ്പം ഈ വർഷത്തെ വിഹിതത്തിൽ നിന്ന് അർഹതപ്പെട്ട വിഹിതം ഗുണഭോക്താവിനു നൽകാവുന്നതാണ്.

2) ഇത്തരം തെറ്റ് ഭാവിയിൽ ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.49 <u>വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2023 ലെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/1232/23 – CC/337/23).**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം നൽകുന്നത് സംബന്ധിച്ച്

വൈപ്പിൻ ബ്ലോക്കു പഞ്ചായത്തിന്റെ 2009-10 വർഷത്തെ IAY ഭവന പദ്ധതിയിൽ ശ്രീ വിനോദ് വെട്ടുവേലിതറ എന്ന വ്യക്തി 76,125 രൂപ കൈപ്പറ്റിയിരുന്നു. അന്നു നിലനിന്ന നിരക്ക് 1.00 ലക്ഷം രൂപയാണ്. ലിന്റൽ ലെവൽവരെ മാത്രമേ നിർമ്മാണം നടന്നുള്ളു. ഈ വ്യക്തി 2020 ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ലിന്റൽ ലെവൽവരെ നിർമ്മിച്ച വീടിനു മുകളിൽ ഇനി നിർമ്മാണം സാധ്യമല്ലാത്തതിനാൽ ഭിത്തിയും ഫൗണ്ടേഷനും പൊളിച്ചു പുതിയ വീടു നിർമ്മിക്കണം. ഗുണഭോക്താവ് 2009-10 ൽ കൈപ്പറ്റിയ തുക ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയിൽ നിന്നു കുറവ് ചെയ്ത് ബാക്കി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. ഒപ്പം ഭിത്തിയും ഫൗണ്ടേഷനും പൊളിച്ചു കളയാതെ പുതിയ വീടുനിർമ്മാണം സാധ്യമാകുമോ എന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.50 <u>തലനാട് ഗ്രാമപഞ്ചായത്ത്</u>**

**ബഹു. രാജ്യസഭാ എം.പി. ശ്രീ. ജോസ് കെ മാണി.യുടെ 25.09.2023-ലെ കത്തും കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.09.2023 ലെ കത്തും തലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 01.08.2023 ലെ കത്തും ഗ്രാമപഞ്ചായത്ത് VEOയുടെ 26.05.2023 ലെ റിപ്പോർട്ടും (SRG/1239/23, SRG/1468/23 – CC/569/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതി പ്രകാരം വീടു നൽകുന്നതു സംബന്ധിച്ച്

തലനാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി എൽസി ജോസ്, കാരാമക്കുന്നേൽ, അടുക്കം എന്ന വ്യക്തി ലൈഫ് ഭവനപദ്ധതി 2020 ലെ ലിസ്റ്റിൽ ഉണ്ട്. ക്രമനമ്പർ 15. കരാറിലും ഏർപ്പെട്ടു. ധനസഹായത്തിന്റെ ആദ്യഗഡു അനുവദിക്കുന്നതിനു മുമ്പുള്ള പരിശോധനയിൽ ഇവർ ലിന്റൽ ലവൽവരെ ഭവന നിർമ്മാണം പൂർത്തിയാക്കി എന്നറിയിച്ചു. ഗുണഭോക്താവുമായി ബന്ധപ്പെട്ടപ്പോൾ സെന്റ് സേവ്യേഴ്സ് പള്ളിയിൽ നിന്ന് ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകുമെന്നും ഗ്രാമപഞ്ചായത്തിന്റെ ധനസഹായം ആവശ്യമില്ല എന്നും അറിയിച്ചു. ഇപ്പോൾ ഭവന നിർമ്മാണം പൂർത്തിയായി. പള്ളിയിൽ നിന്ന് ധനസഹായം ലഭിക്കാൻ തടസ്സമുണ്ട്. പള്ളി വികാരിയുടെ കത്തു പ്രകാരം ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയിൽ അധികമായി വരുന്ന ചെലവു മാത്രമെ പള്ളിയിൽ നിന്നു നൽകൂ. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

4.51 <u>വാഴയൂർ ഗ്രാമപഞ്ചായത്ത്</u>

**ബഹു.കൊണ്ടോട്ടി എം.എൽ.എയുടെ 01.11.2023-ലെ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.06.2023-ലെ 2(7)-ാം നമ്പർ കത്തും (SRG/ 1553/23).**

**വിഷയം:-** ലൈഫ് ഭവന പദ്ധതിയിൽ വീടുനിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

താഴെപ്പറയുന്ന 9 കുടുംബങ്ങൾ ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ ഗ്രാമപഞ്ചായത്തുമായി കരാർ ഏർപ്പെടുന്നതിന് മുൻപായി വീടിന്റെ മേൽക്കൂര കോൺക്രീറ്റ് പ്രവൃത്തിവരെ പൂർത്തീകരിച്ചു. ലൈഫ് ഭവന പദ്ധതിയിൽ ധനസഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ പലവിധത്തിലും കടം വാങ്ങിയാണ് വീട്ടു നിർമ്മാണം പൂർത്തിയാക്കിയതെന്ന് അറിയിച്ചുകൊണ്ട് ലൈഫ് ഭവന പദ്ധതിപ്രകാരം ലഭിക്കേണ്ട തുക അനുവദിക്കണമെന്നതു സംബന്ധിച്ച്

1) ശ്രീമതി.ചിന്നരാമൻ, ആലുങ്ങൽ, വാഴയൂർ, വാർഡ് 6, ഈസ്റ്റ്.പി.ഒ
2) ശ്രീമതി. കുട്ടിമാളു, ചിനക്കൽ, അഴിഞ്ഞിലം, വാർഡ് 2
3) ശ്രീ.ഷാജി.പി.കെ, പത്മനിവാസ്, പാറമ്മൽ, വാർഡ് 15
4) ശ്രീ.സജീഷ്, ബാലത്ത് ഹൗസ്, കാരാട് പറമ്പ്, വാർഡ് 12
5) ശ്രീമതി. നഫീസ വലിയപറമ്പിൽ, പള്ളിപ്പടി, വാർഡ് 15
6) ശ്രീ.ഷിജു, പാട്ടയിൽ, കല്ലുവെട്ടുകുഴി, കാരാട്, വാർഡ് 3
7) ശ്രീ. മണി, പാലക്കാട്, പുതുക്കോട്
8) ശ്രീമതി. സക്കീന, ചെറുപാലക്കാട്, പുതുക്കോട്
9) ശ്രീമതി. റഫീക്ക, ചെറുപാലക്കോട്, പുതുക്കോട്

**തീരുമാനം :-** ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്ത പ്രകാരം അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

4.52 <u>കിഴുവിലം ഗ്രാമപഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023-ലെ കത്തുകൾ (2 എണ്ണം) കിഴുവിലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.09.2023-ലെ 8(14)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1331/23 – CC/737/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

കിഴുവിലം ഗ്രാമപഞ്ചായത്തിലെ ശ്രീമതി.മോളി, വടക്കേവിള, മുടപുരം (വാർഡ് 10) എന്ന വ്യക്തി 2020-ലെ ലൈഫ് ലിസ്റ്റിൽ ക്രമനമ്പർ 224 ആയി ഉൾപ്പെട്ടിട്ടുണ്ട്. രണ്ട് പെൺകുട്ടികൾ അടങ്ങുന്ന ഇവരുടെ കുടുംബം സുരക്ഷിതമല്ലാത്ത വീട്ടിൽ ആണ് താമസിക്കുന്നത് എന്നറിയിച്ചുകൊണ്ട് ഇവർക്കുള്ള ആനുകൂല്യം ആദ്യഘട്ടത്തിൽ തന്നെ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** മുൻഗണനാക്രമം മാറ്റാവുന്നതല്ല എന്നറിയിക്കുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.53 <u>ഇലന്തൂർ ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്ത് (SRG/1317/23 – CC/726/23).**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച് ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ. മനുമോഹൻ, ഒറ്റപ്ലാമൂട്ടിൽ, പരിയാരം പി.ഒ എന്ന വ്യക്തി ലൈഫ് ഭവന രഹിതരുടെ ലിസ്റ്റിൽ 12-ാം നമ്പരായി ഉൾപ്പെട്ടിട്ടുണ്ട്. ഇദ്ദേഹത്തിന്റെ 80 വർഷം പഴക്കമുള്ള കുടുംബ വീട്ടിൽ രോഗബാധിതരായ മാതാപിതാക്കളും മുത്തശ്ശിയും താമസിക്കുന്നു. ഈ വീട് അപേക്ഷകന്റെ അനിയനു കൂടി അവകാശപ്പെട്ടതാണ്. ഈ വ്യക്തി ക്യാൻസർ രോഗബാധിതനും ഇദ്ദേഹത്തിന്റെ 10 വയസ്സുള്ള മകൾ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിയുമാണ്. മാതാപിതാക്കൾക്ക് താമസിക്കുന്നതിനായി പഴയവീട് പൊളിക്കാതെ നിലനിർത്തേണ്ടതുണ്ട്. ഭിന്നശേഷിക്കാരിയായ മകൾക്ക് സഹായകരമായ ഹാൻഡ് റെയിൽസ്, പ്രത്യേക ബാത്ത് റൂം എന്നിവ പുതിയ വീട്ടിൽ വേണം. ലൈഫ് പദ്ധതിക്ക് അപേക്ഷ നൽകിയപ്പോൾ കുടുംബറേഷൻ കാർഡിൽ അപേക്ഷകനും ഉൾപ്പെട്ടിരുന്നു. 80 വർഷം പഴക്കമുള്ള പഴയ വീട് നിലനിർത്തിക്കൊണ്ട് തന്നെ പുതിയ വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് ഉറപ്പാക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.54 <u>മറയൂർ ഗ്രാമ പഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2023 ലെ കത്തും മറയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.08.2023 ലെ 12(1)-ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG/ 1334/23 – CC/722/2023)**

**വിഷയം:-** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് അധിക തുക നൽകണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 109/24 | ***അടങ്കൽ*** | ***6,25,00,000 രൂപ*** |
| | *റ്റി.എസ്.പി* | *20,00,000 രൂപ* |
| | *സംസ്ഥാനസർക്കാർ വിഹിതം* | *2,64,00,000രൂപ* |
| | *വായ്പ* | *3,41,00,000 രൂപ* |
| ***പേര്*** | **ലൈഫ് ഭവനനിർമ്മാണം – റ്റി.എസ്.പി വിഹിതം** | |

മറയൂർ ഗ്രാമപഞ്ചായത്തിൽ 24 പട്ടികവർഗ്ഗ കുടികളുണ്ട്. ഇവയിൽ ഭൂരിഭാഗവും ദുർഘടമേഖലയിലാണ്. തായണ്ണൻകുടി, മുളകാമുട്ടികുടി, പുതുക്കുടി, വെള്ളക്കൽ കുടി എന്നീ സങ്കേതങ്ങൾ അതീവ ദുർഘടമേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ വീടു നിർമ്മാണത്തിന് തലച്ചുമടായും മറ്റു സാധനസാമഗ്രികൾ എത്തിക്കുന്നതിന് ചെലവ് കൂടുതലാണ്. ലൈഫ് ഭവന പദ്ധതി പ്രകാരം ഈ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകാവുന്നത് 6.00 ലക്ഷം രൂപയാണ്. ഇത് വർദ്ധിപ്പിച്ചു നൽകണമെന്ന് ഗുണഭോക്താക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്. ലോക്കൽ റേറ്റ് അനുസരിച്ച് ഒരു വീടിന് അധികമായി 1.80 ലക്ഷം രൂപ ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ വേണ്ടിവരും എന്ന് മറയൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതിനാൽ അധിക തുക നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് നൽകാവുന്ന പരമാവധി തുകയായ 6.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.55 പട്ടണക്കാട് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2023-ലെ SC2-3031/23-ാം നമ്പർ കത്തും (SRG/1344/23 - CC/631/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതിപ്രകാരം വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി. പ്രസീത w/o പ്രസാദ് എന്ന വ്യക്തി 2020-ലെ പട്ടികജാതി വിഭാഗത്തിലെ ലൈഫ് ഭവന ലിസ്റ്റിൽ ഉണ്ട്. ഇവർ 2010-11-ൽ IAY ഭവന പദ്ധതിയിൽ 60,750 രൂപ കൈപ്പറ്റിയിരുന്നു എങ്കിലും ഭവന നിർമ്മാണം പൂർത്തിയായില്ല. വീട് നിർമ്മാണ സമയത്ത് അപേക്ഷകയുടെ ഭർത്താവ് മരണപ്പെട്ടു. ഏക മകനും വാഹനാപകടത്തിൽ മരണപ്പെട്ടു. ലൈഫ് ഭവന പദ്ധതിപ്രകാരം ധനസഹായം ലഭിക്കണമെങ്കിൽ 2010-11 ൽ വാങ്ങിയ തുക പലിശ സഹിതം തിരികെ അടയ്ക്കേണ്ടതുണ്ട്. എന്നാൽ ഈ വ്യക്തിയുടെ സ്ഥിതി വളരെ ബുദ്ധിമുട്ട് നിറഞ്ഞതാണെന്നറിയിച്ചുകൊണ്ട് വാങ്ങിയ തുകയും പലിശയും ഒഴിവാക്കി ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ധനസഹായം നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** പലിശ ഒഴിവാക്കി ലഭിച്ച ധനസഹായ തുക ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയിൽ നിന്ന് കുറവ് ചെയ്ത് ബാക്കി തുക നൽകാൻ അനുമതി നൽകുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |
|---|---|

**4.56 വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്ത് (SRG/1347/23 - CC/666/23)**

**വിഷയം:-** ലൈഫ് ഗുണഭോക്താവിന് ലഭിക്കേണ്ട അവസാന ഗഡു നൽകുന്നത് സംബന്ധിച്ച്

ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക ജില്ലാ പഞ്ചായത്തിന്റെ വിഹിതത്തിൽ നിന്ന് നൽകാൻ 30.03.2022 -ൽ ട്രഷറിയിൽ നൽകിയിരുന്നു. ഇതിൽ ഉൾപ്പെട്ട 3 ഗുണഭോക്താക്കൾക്ക് തുക ലഭിച്ചുവെങ്കിലും ശ്രീമതി. സുകുമാരിയമ്മ, പള്ളിയിൽ വീട്, വാർഡ് 7 എന്ന വ്യക്തിക്ക് ലഭിക്കേണ്ട 1.00 ലക്ഷം രൂപ അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റായില്ല. അക്കൗണ്ട് നമ്പർ സംബന്ധിച്ച് പ്രശ്നമൊന്നുമില്ല. ബാങ്കിലെ സെർവറിന്റെ പ്രശ്നമായിരുന്നു എന്നറിയിച്ചിരിക്കുന്നു. സാങ്കേതിക പിഴവ് ഗ്രാമപഞ്ചായത്ത് പരിഹരിക്കാൻ വൈകിയതിനാൽ സർക്കാരിലേയ്ക്ക് തുക ക്രെഡിറ്റ് ആയെന്ന് ട്രഷറി ഓഫീസർ അറിയിച്ചു. ഗുണഭോക്താവ് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വ്യക്തിയാണെന്നറിയിച്ചിട്ടുണ്ട്. അതിനാൽ അർഹതപ്പെട്ട വിഹിതം ഈ വർഷത്തെ ലൈഫ് വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-**

1) ട്രഷറിയിൽ സമർപ്പിച്ച ബില്ലിലെ തുക സർക്കാർ അക്കൗണ്ടിലേയ്ക്കാണ് ക്രഡിറ്റായത് എന്ന് ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.
2) സാങ്കേതിക പ്രശ്നം പരിഹരിക്കാൻ വൈകിയതിനാലാണ് തുക ഗുണഭോക്താവിനു ലഭിക്കാതെ പോയത് എന്ന് യോഗം വിലയിരുത്തി. ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |
|---|---|

4.57 <u>പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.09.2023 ലെ കത്തും പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.08.2023 ലെ കത്തും പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 04.04.2023 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG/1233/23 – CC/623/23).**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ കുടുംബത്തിന് സ്മാർട്ട് അടുക്കള നിർമ്മിക്കുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 7/23 | ***അടങ്കൽ*** | ***30,00,000 രൂപ ( എസ്.സി.പി)*** |
|---|---|---|
| ***പേര്*** | **പട്ടികജാതി കുടുംബങ്ങൾക്ക് സ്മാർട്ട് അടുക്കള.** | |

പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് സ്മാർട്ട് അടുക്കള എന്ന ഈ പ്രോജക്റ്റിൽ അടുക്കളയിൽ ടൈൽ ഇടൽ, ഫാബ്രിക്കേഷൻ വർക്കുകൾ, സ്ലാബിട്ട് സിങ്ക് ബേസിൻ എന്നിവ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഒരു കുടുംബത്തിന് 75,000 രൂപയാണ് നൽകാൻ ഉദ്ദേശിക്കുന്നത്. ആദ്യഗഡുവായി 37,500 രൂപയും ബാക്കി തുക പണിപൂർത്തിയാക്കി വാല്യുവേഷന്റെ അടിസ്ഥാനത്തിലും നൽകും.

**തീരുമാനം :-** ആവശ്യം പരിഗണിച്ചില്ല. ഇതു സംബന്ധിച്ച മാർഗ്ഗരേഖ പിന്നീട് നൽകുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

4.58 <u>പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്</u>

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.10.2023-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.09.2023-ലെ 2 (1)-ാം നമ്പർ തീരുമാനവും (SRG/1366/23 – CC/803/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ അടുക്കള നവീകരിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 97/24 | ***അടങ്കൽ*** | ***10,00,000 രൂപ (എസ്.സി.പി)*** |
|---|---|---|
| ***പേര്*** | ***സ്മാർട്ട് കിച്ചൺ*** | |

നിലവിൽ അടുക്കള ഇല്ലാത്തതോ അപൂർണ്ണമായ അടുക്കള ഉള്ളതോ ആയ കുടുംബത്തിന് അടുക്കള മെച്ചപ്പെടുത്തുന്നതിനാണ് പ്രോജക്ട്. ഒരു ലക്ഷം രൂപ ധനസഹായം നൽകും. ആദ്യഗഡുവായി 25,000 രൂപയും തുടർന്ന് 50,000 രൂപ, 25,000 രൂപ നിരക്കിലും ഗഡുക്കൾ നൽകുന്നു. സ്മാർട്ട് കിച്ചൺ എന്ന പേരിലുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം പരിഗണിച്ചില്ല. ഇതു സംബന്ധിച്ച മാർഗ്ഗരേഖ പിന്നീട് നൽകുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

4.59 <u>തൃക്കരുവ ഗ്രാമപഞ്ചായത്ത്</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2023 ലെ കത്ത് (SRG/1227/23 – CC/335/23).**

**വിഷയം:-** കെട്ടിട നമ്പർ ഇല്ലാത്ത കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 132/24 | ***അടങ്കൽ*** | ***22,54,900 രൂപ*** |
| | ***സി.എഫ്.സി റ്റൈഡ് ഗ്രാന്റ്*** | ***10,34,900 രൂപ*** |
| | ***കേന്ദ്രാവിഷ്കൃത വിഹിതം*** | ***12,20,000 രൂപ*** |
| ***പേര്*** | സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ | |

അഷ്ടമുടി കായൽ തീരത്ത് താമസിക്കുന്ന സാധാരണക്കാരായ പല കുടുംബങ്ങൾക്കും സെപ്റ്റിക് ടാങ്ക് ഇല്ലാത്ത കക്കൂസുകളാണ് ഉള്ളത്. ഇത് കായൽ മലിനീകരണത്തിനു കാരണമാകുന്നുണ്ട്. കായൽ തീരത്ത് താമസിക്കുന്ന പല കുടുംബങ്ങളുടേയും വീടുകൾക്ക് UA നമ്പർ ആണുള്ളത്. ചിലർക്കു നമ്പർ ഇല്ല. UA നമ്പർ മാത്രമുള്ള കുടുംബങ്ങൾക്കും നമ്പർ ഇതുവരെ ലഭിക്കാത്ത കുടുംബങ്ങൾക്കും BPL, APL നോക്കാതെ ഫൈബർ സെപ്റ്റിക് ടാങ്ക് നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള വരുമാനപരിധി പാലിക്കേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം)വകുപ്പ്** |

4.60 <u>തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്</u>

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2023 ലെ കത്ത് (SRG/1228/23 – CC/371/23).**

**വിഷയം:-** കെട്ടിട നമ്പർ ഇല്ലാത്ത കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 97/23 | ***അടങ്കൽ*** | ***67,00,000 രൂപ*** |
| | *ബ്ലോക്ക് പഞ്ചായത്ത് വിഹിതം* | *5,00,000 രൂപ* |
| | *ജില്ലാ പഞ്ചായത്ത് വിഹിതം* | *35,00,000 രൂപ* |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *7,00,000 രൂപ* |
| | *മറ്റു തദ്ദേശഭരണസ്ഥാപന വിഹിതം (കോർപ്പറേഷൻ നഗരസഞ്ചയം)* | *20,00,000 രൂപ* |
| ***പേര്*** | **ജീവനാണ് അഷ്ടമുടി – ജീവിക്കണം അഷ്ടമുടി – രണ്ടാം ഘട്ടം സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ** | |

അഷ്ടമുടികായൽ തീരത്ത് താമസിക്കുന്ന പല കുടുംബങ്ങൾക്കും വീടിനു UA നമ്പർ മാത്രമാണുള്ളത്. ചിലർക്ക് ഒരു നമ്പറും ഇല്ല. ഈ കുടുംബങ്ങളിൽ പലരുടേയും കക്കൂസുകൾക്ക് സെപ്റ്റിക് ടാങ്ക് ഇല്ല. ഇത് അഷ്ടമുടി കായൽ മലിനീകരണത്തിന് കാരണമാകുന്നു. UA നമ്പർ മാത്രമുള്ളവർക്കും വീട്ടുനമ്പർ ഇല്ലാത്തവർക്കും പ്രീ ഫാബ്രിക്കേറ്റഡ് സിന്തറ്റിക് ടാങ്ക് APL, BPL പരിഗണന കൂടാതെ വിതരണം ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള വരുമാനപരിധി പാലിക്കേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം)വകുപ്പ്** |

**4.61 അരൂർ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും അരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.09.2023-ലെ 2(1) -ാം നമ്പർ തീരുമാനവും (SRG/1353/23 – cc/724/2023)**

വിഷയം:- ഇടിഞ്ഞു തകർന്ന വീട് പുനർ നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 181/24 | ***അടങ്കൽ*** | ***6,50,000 രൂപ*** |
| | | ***(തനത് ഫണ്ട്)*** |
| | | |
| ***പേര്*** | ***പകൽ വീടിന്റെ മതിൽ ഇടിഞ്ഞു വീട് തകർന്ന ഷാജി തോപ്പിൽ പറമ്പിലിന്റെ വീടിന്റെ പുനർ നിർമ്മാണം*** | |

അരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പകൽ വീടിന്റെ ചുറ്റമതിൽ 06.04.2021-ൽ വീണ് ശ്രീ.ഷാജി തോപ്പിൽ പറമ്പിൽ എന്ന വ്യക്തിയുടെ വീട് പൂർണ്ണമായും തകർന്നു പോയി. ഇവർക്ക് പുതിയ വീട് നിർമ്മിച്ചു നൽകാൻ 10.12.2021 ൽ തീരുമാനം എടുത്തു. പുതിയ വീട് നിർമ്മിച്ചു നൽകാൻ ടെണ്ടർ വിളിച്ചുവെങ്കിലും ആരും ടെണ്ടർ എടുത്തില്ല. ശ്രീ.ഷാജി തോപ്പിൽ പറമ്പിൽ 31.08.2023-ൽ മരണപ്പെട്ടു. നിരാലംബയായ ഭാര്യയും ഒരു പെൺകുട്ടിയും മാത്രമുള്ള സാഹചര്യത്തിൽ വീട് നിർമ്മിച്ചു നൽകേണ്ടതുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വീട് നിർമ്മാണത്തിന് 5.60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണോ എന്നും വ്യക്തത വരുത്തണമെന്നതും സംബന്ധിച്ച്

**തീരുമാനം :-** ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പകൽവീടിന്റെ മതിലിടിഞ്ഞാണ് വീട് തകർന്നതെന്നതിനാൽ വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്ത് നേരിട്ടാണ് വീട് നിർമ്മിച്ചു നൽകുന്നതെങ്കിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനാകേണ്ടതാണ്. ലൈഫ് നിരക്ക് 4.00 ലക്ഷം രൂപയാണെങ്കിലും ഗ്രാമപഞ്ചായത്ത് വരുത്തിയ നഷ്ടമായതിനാലും ഗ്രാമപഞ്ചായത്ത് നേരിട്ട് നിർമ്മാണം നടത്തുന്നതിനാലും എസ്റ്റിമേറ്റ് തുകയായ 5.60 ലക്ഷം രൂപ ചെലവഴിക്കാവുന്നതാണ്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.62 വേങ്ങര ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2023 ലെ 1(4)-ാം നമ്പർ തീരുമാനവും (SRG/1195/23 - CC/557/23).**

**വിഷയം:-** ഗ്രാമസേവാകേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 3/24 | ***അടങ്കൽ*** | ***4,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **ഗ്രാമസേവാ കേന്ദ്രങ്ങളുടെ പ്രവർത്തന ഫണ്ട് നൽകലും അനുബന്ധ പ്രവൃത്തികളും** | |

വേങ്ങര ഗ്രാമപഞ്ചായത്ത് ഗ്രാമസേവാ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് രണ്ടാംവാർഡിലെ ഗ്രാമസേവാ കേന്ദ്രത്തിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം പരിഗണിച്ചില്ല

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.63 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്തും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.06.2023 ലെ 6(1)-ാം നമ്പർ തീരുമാനവും (SRG/1199/23 - CC/581/23).**

**വിഷയം:-** സ്പോർട്സ് ക്ലബ്ബുകൾക്ക് LCD പ്രൊജക്ടർ നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 107/24 | ***അടങ്കൽ*** | ***17,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **ആറ് ഗ്രാമപഞ്ചായത്തുകളിലെ രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് എൽ.സി.ഡി പ്രൊജക്ടർ** | |

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്ക് LCD പ്രൊജക്ടർ വാങ്ങി നൽകാൻ 19.12.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയിരുന്നു. സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ കുറവാണ്. അതിനാൽ നെഹ്റു യുവ കേന്ദ്രയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് LCD പ്രൊജക്ടർ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.64 <u>കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്ത് (SRG 1200/23 - CC/582/23)**

**വിഷയം:-** സ്പോർട്സ് ക്ലബ്ബുകൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 110/24 | ***അടങ്കൽ*** | ***1,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | **ആറ് ഗ്രാമപഞ്ചായത്തുകളിലെ രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് ഫർണിച്ചർ** | |

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് ഫർണിച്ചർ വാങ്ങി നൽകാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ലെ യോഗം അനുമതി നൽകിയിരുന്നു. സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് ക്ലബ്ബുകളുടെ എണ്ണം കുറവാണ്. അതിനാൽ നെഹ്റു യുവകേന്ദ്രയിൽ രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്കു കൂടി ഫർണിച്ചർ വാങ്ങി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.65 <u>മൊറയൂർ ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.08.2023 ലെ കത്ത് (SRG/ 1202/23 - CC/617/23).**

**വിഷയം:-** ഗ്രാമപഞ്ചായത്ത് ഓഫീസിനു സമീപമുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 154/23 | ***അടങ്കൽ*** | ***3,50,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | പഞ്ചായത്ത് ഓഫീസിനു സമീപമുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | |

മൊറയൂർ ഗ്രാമപഞ്ചായത്ത് ഓഫീസിനു മുൻവശത്തുള്ള ട്രാൻസ്ഫോർമർ ഓഫീസ് നവീകരണത്തിനു തടസ്സമാകുന്ന രീതിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇതു മാറ്റി സ്ഥാപിച്ചാൽ മാത്രമേ സൗകര്യപ്രദമായ രീതിയിൽ റാമ്പു നിർമ്മിക്കലും ഓഫീസ് നവീകരണവും സാധിക്കുകയുള്ളു. ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ 3,06,070 രൂപ നൽകണമെന്ന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതിനായി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.66 <u>കീഴരിയൂർ ഗ്രാമപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2023 ലെ കത്തും അനുബന്ധ രേഖകളും (SRG/ 1204/23 – CC/399/23).**

**വിഷയം:-** കോഴിക്കോട് ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് കെട്ടിട നിർമ്മാണത്തിനു വിഹിതം നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 92/24** | ***അടങ്കൽ*** | ***2,00,000 രൂപ*** |
| | *സി.എഫ്.സി. ബേസിക് ഗ്രാന്റ്* | *1,79,000 രൂപ* |
| | *തനത് ഫണ്ട്* | *21,000 രൂപ* |
| ***പേര്*** | ഡി.പി.സി കെട്ടിട നിർമ്മാണം – പഞ്ചായത്ത് വിഹിതം | |

കോഴിക്കോട് ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ 1.79 ലക്ഷം രൂപ സി.എഫ്.സി അൺടൈഡ് വിഹിതമുണ്ട്. സി.എഫ്.സി വിഹിതം ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ കൈമാറാൻ കഴിയൂ. ജില്ലാ ആസൂത്രണസമിതി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് ട്രഷറി അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ട്രഷറി അക്കൗണ്ടിലേക്ക് സി.എഫ്.സി വിഹിതം മാറ്റാൻ കഴിയില്ല. അതിനാൽ ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സി.എഫ്.സി വിഹിതം മാറ്റിയതിനുശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ ആസൂത്രണ സമിതിയുടെ ട്രഷറി അക്കൗണ്ടിലേക്ക് വിഹിതം മാറ്റാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഈ ആവശ്യത്തിന് വികസനഫണ്ടോ (ജനറൽ) തനത് ഫണ്ടോ ഉപയോഗിക്കാൻ നിർദ്ദേശം നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.67 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2023 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 27.09.2023 ലെ P2-4771/23-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG/ 1341/23).**

**വിഷയം:-** കക്കോടി ഖാദി ഇൻഡസ്ട്രീസ് പ്രൊഡ്യൂസേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് കെട്ടിട നവീകരണത്തിന് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 422/24** | ***അടങ്കൽ*** | ***25,00,000 രൂപ*** *(വികസനഫണ്ട് – ജനറൽ)* |
| ***പേര്*** | 2022-23 കക്കോടി ഖാദി കെട്ടിടങ്ങളുടെ വനിതാ തൊഴിലിടങ്ങളുടെ നവീകരണം – ബഹുവർഷം | |

കക്കോടി ഖാദി ഇൻഡസ്ട്രീസ് പ്രൊഡ്യൂസേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ കെട്ടിടം വളരെയേറെ പഴക്കം ചെന്നതാണ്. ഈ സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നു. ഈ വർഷം 25.00 ലക്ഷം രൂപയും വരും വർഷം 50.00 ലക്ഷം രൂപയും ഉൾപ്പെടുത്തി ആകെ 75.00 ലക്ഷം രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള സ്ഥാപനമാണ്. സ്ഥലം സ്ഥാപനത്തിന്റെ സ്വന്തമാണെന്നറിയിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ ചെലവിന്റെ മുഴുവൻ തുകയും നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020, 21.10.2022 എന്നീ യോഗങ്ങളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞ ഖാദി സഹകരണ സംഘത്തിന്റെ സ്വന്തം സ്ഥലമാണെന്നുറപ്പാക്കി 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന പരമാവധി ധനസഹായമായ 15.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണ്

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.68 <u>കതിരൂർ ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023 ലെ കത്തും അനുബന്ധരേഖകളും (SRG/1290/23 – CC/416/2023).**

**വിഷയം:-** കതിരൂർ സൂര്യനാരായണ ക്ഷേത്രത്തിൽ ചുമർചിത്രം നിർമ്മിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 40/24 | ***അടങ്കൽ*** | ***2,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | കതിരൂർ സൂര്യനാരായണക്ഷേത്രത്തിൽ ചുമർ ചിത്രം നിർമ്മിക്കുന്നതു സംബന്ധിച്ച് | |

കതിരൂർ സൂര്യനാരായണ ക്ഷേത്രത്തിൽ 40 പാനലുകളിലായി 2400 ചതുരശ്ര അടിയിൽ ഇടമുറിയാതെ ചുമർചിത്രം നിർമ്മിക്കാനാണ് പ്രോജക്ട്. ക്ഷേത്രകമ്മിറ്റിയുടേയും ഗ്രാമപഞ്ചായത്തിന്റേയും പൊതുജനങ്ങളുടേയും സഹായത്തോടെയാണ് ചിത്രങ്ങൾ തയ്യാറാക്കുന്നത്. ഇതിന് 25 ലക്ഷം രൂപ ചെലവ് വരും. ഇതിൽ 1.50 ലക്ഷം രൂപയുടെ പെയിന്റും 10 ചിത്രകാരന്മാർക്ക് 25 ദിവസത്തെ ഭക്ഷണത്തിനുമായി 50000 രൂപയും (ആകെ 2.00 ലക്ഷം രൂപ) ഗ്രാമപഞ്ചായത്തിൽ നിന്ന് ചെലവഴിക്കുന്നു. മറ്റ് ചെലവുകൾ ജനകീയ കമ്മിറ്റിയാണ് വഹിക്കുന്നത്. ഇതു പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ക്ഷേത്ര ചുവർ ചിത്രമായി മാറും എന്നറിയിച്ചിരിക്കുന്നു. ഇത്തരത്തിൽ ചിത്രങ്ങൾ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തും സൂര്യനാരായണക്ഷേത്ര ഭാരവാഹികളും തമ്മിൽ കരാർ ഉടമ്പടിയായെന്നും ഇതനുസരിച്ച് പൊതു ജനങ്ങൾക്ക് ഈ ചിത്രങ്ങൾ കാണാനും പഠിക്കാനും സൗകര്യമൊരുക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.69 <u>വല്ലച്ചിറ ഗ്രാപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2023 ലെ കത്തും വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.08.2023 ലെ 22/10-ാം നമ്പർ തീരുമാനവും (SRG/1230/23 – CC/637/23).**

**വിഷയം:-** ഗ്രാമ പഞ്ചായത്തിൽ ഓണാഘോഷ പരിപാടി നടത്തുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 49/24* | ***അടങ്കൽ*** | ***1,50,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *50,000 രൂപ* |
| | *തനത്ഫണ്ട്* | *1,00,000 രൂപ* |
| ***പേര്*** | **ഓണാഘോഷ സാംസ്കാരികോത്സവം** | |

ഓണാഘോഷവുമായി ബന്ധപ്പെട്ട് സാംസ്കാരികോത്സവം നടത്തുന്നതിനാണ് പ്രോജക്ട്. വിവിധ ക്ലബ്ബുകളുടേയും മറ്റും സഹകരണത്തോടെയാണ് പരിപാടി നടത്തുന്നത്. മുൻകാലങ്ങളിലും ഗ്രാമപഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. ഈ വർഷവും തുടർന്നുള്ള വർഷവും ഇതേ രീതിയിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) ഈ വർഷം പ്രോജക്ട് നടപ്പാക്കി എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഇതിന് സാധൂകരണം നൽകുന്നു.
2) മുൻവർഷം നടപ്പാക്കിയതിന്മേലുള്ള ഓഡിറ്റ് കുറിപ്പിന്മേൽ തുടർനടപടിക്കായി വകുപ്പുതലത്തിൽ നൽകാൻ നിർദ്ദേശിക്കുന്നു. വരും വർഷങ്ങളിലും ഈ പരിപാടി നടപ്പാക്കുന്നത് സംബന്ധിച്ച് പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഡി/എ.ബി)വകുപ്പ്** |

**4.70 <u>പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.07.2023-ലെ 4(8)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1276/23- CC/672/23)**

**വിഷയം:-** കാഴ്ചശക്തിയില്ലാത്തവർക്ക് ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള ഫോൺ വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 137/23* | ***അടങ്കൽ*** | ***1,00,000 രൂപ*** |
| | | ***(വികസനഫണ്ട് ജനറൽ - 75,000 രൂപ )*** |
| | | ***തനത് ഫണ്ട് - 25,000 രൂപ)*** |
| ***പേര്*** | ***കാഴ്ചശക്തിയില്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകൽ*** | |

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് കാഴ്ചശക്തി ഇല്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതിന് കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. പരമാവധി ധനസഹായം 3000 രൂപയിൽ പരിമിതപ്പെടുത്തണമെന്ന നിബന്ധനയോടെ 14.02.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ ആൻഡ്രോയിഡ് ഒ.എസ്. ഉള്ള ഫോൺ നൽകുകയാണെങ്കിൽ GPS സംവിധാനം ഉപയോഗിക്കുന്നതടക്കമുള്ള പ്രയോജനം ലഭിക്കുമെന്നും അതിനാൽ ഇത്തരം ഫോൺ വാങ്ങി നൽകാൻ അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്. പരമാവധി 12,000 രൂപ ഒരു ഫോണിന് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം :-** ഇത് വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ**<br>**2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4. 71 <u>അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 08.08.2023-ലെ കത്തും (SRG/ 1277/23- CC/673/23)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഓപ്പൺ ജിം, ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 100/24* | *അടങ്കൽ* | *25,00,000 രൂപ* |
| | | *(വികസനഫണ്ട് ജനറൽ )* |
| *പേര്* | *ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഓപ്പൺ ജിം ഇൻഡോർ സ്റ്റേഡിയം* | |

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിനു സമീപം ഇൻഡോർ സ്റ്റേഡിയത്തിന് 30 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടെയുള്ള യുവതീയുവാക്കളുടെ കലാകായിക പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് ഓപ്പൺ ജിം, ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം ജില്ലാപഞ്ചായത്തിനാണ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാവുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഈ സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഓപ്പൺ ജിം, ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇൻഡോർ സ്റ്റേഡിയത്തിനും ഓപ്പൺ ജിമ്മിനും 30 സെന്റ് സ്ഥലം മതിയാകില്ല എന്ന് യോഗം വിലയിരുത്തി. അതിനാൽ ഓപ്പൺ ജിം മാത്രം നിർമ്മിക്കുന്നതിന് അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.72 <u>ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും അനുബന്ധരേഖകളും (SRG/ 1280/23- CC/699/23)**

**വിഷയം:-** KSEBയുടെ സെക്ഷൻ ഓഫീസിനു വാടക നല്കുന്നത് സംബന്ധിച്ച്

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ ലക്കിടി കൂട്ടുപാതയിൽ 2020 ഒക്ടോബർ മാസം മുതൽ KSEB സെക്ഷൻ ഓഫീസ് പ്രവർത്തിച്ചു വരുന്നു. KSEBക്ക് കെട്ടിടം പണിയാൻ 10 സെന്റ് സ്ഥലം സൗജന്യമായി നൽകണമെന്ന നിർദ്ദേശത്തോടെ 2 വർഷക്കാലത്തേയ്ക്ക് വാടക നൽകാൻ സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്ന് ഒരു വർഷത്തേയ്ക്ക് കൂടി വാടക നൽകാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022-ലെ യോഗത്തിൽ അനുമതി നൽകി. KSEBയ്ക്ക് 10 സെന്റ് സ്ഥലം സൗജന്യമായി നൽകുകയോ കെട്ടിടത്തിന്റെ വാടക നൽകുകയോ ചെയ്തില്ലെങ്കിൽ സെക്ഷൻ ഓഫീസ് പ്രവർത്തനം നിർത്തിവയ്ക്കുമെന്ന് KSEB എക്സിക്യൂട്ടീവ് എഞ്ചിനീയർ 29.05.2023-ൽ കത്തു മുഖേന അറിയിച്ചിട്ടുണ്ട്. ലക്കിടി പേരൂർ 1 വില്ലേജിലെ പുറമ്പോക്ക് ഭൂമി KSEBയ്ക്കായി വിട്ടു നൽകണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടപടി ഒന്നും ആയിട്ടില്ല. KSEB ക്കായി കെട്ടിടം പണിയുന്നതുവരെ തുടർന്നും ഗ്രാമപഞ്ചായത്തിൽ നിന്നും വാടക നല്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** ഗ്രാമപഞ്ചായത്തിൽ നിന്ന് **KSEB-യ്ക്ക്** വാടക നൽകാവുന്നതല്ല. **KSEB** യ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

4.73 <u>മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്</u>

**ബത്തേരി. സുൽത്താൻബത്തേരി എം.എൽ.എയുടെ 21.09.2023-ലെ 1656/SBY/ICB/MLA/2023-ാം നമ്പർ കത്തും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.09.2023-ലെ 401009/PDDC02/General/2023/3698-ാം നമ്പർ കത്തും (SRG/ 1429/23).**

**വിഷയം:-** സപ്ലൈകോ മാവേലി സ്റ്റോറിന് കെട്ടിട വാടക നൽകുന്നത് സംബന്ധിച്ച്

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഒരു മാവേലിസ്റ്റോർ കൂടി തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിനായി പള്ളിവക വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. ആദ്യത്തെ ഒരു വർഷം സൗജന്യമായും തുടർന്നുള്ള വർഷങ്ങളിൽ പ്രതിമാസം 8000 രൂപ നിരക്കിലുമാണ് വാടക നൽകേണ്ടത്. നിലവിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന രണ്ട് മാവേലിസ്റ്റോറുകളുടെ വാടക സപ്ലൈകോയാണ് നൽകുന്നത്. 04.02.2013-ലെ 301/2013/തസ്വഭവ ഉത്തരവ് പ്രകാരം പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അടുത്ത അഞ്ചുവർഷത്തെ വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അത് പ്രവർത്തിക്കുന്ന കാലത്തേയ്ക്ക് വാടകരഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വഹിക്കാൻ അനുമതിയുണ്ട്.

മൂന്നാമത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മാവേലിസ്റ്റോറിന്റെ വാടക നൽകാനും മാവേലി സ്റ്റോറിൽ അടിസ്ഥാന സൗകര്യമൊരുക്കാൻ 1.00 ലക്ഷം രൂപ സപ്ലൈകോ അക്കൗണ്ടിൽ അടയ്ക്കാനും അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ആർ.സി)വകുപ്പ്** |

4.74 <u>കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്</u>

**കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.10.2023-ലെ കത്തും കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.07.2023-ലെ 10(1) നമ്പർ തീരുമാനവും (SRG/1425/23)**

**വിഷയം:-** KSEB സബ് എഞ്ചിനീയർ ഓഫീസിന് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറി അനുവദിക്കണമെന്നു സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ 2014 മുതൽ KSEB യുടെ സബ് എഞ്ചിനീയർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. KSEB ക്ക് സൗജന്യമായി ഓഫീസ് മുറി അനുവദിക്കണമെന്ന നിബന്ധനയോടെയാണ് സബ് എഞ്ചിനീയർ ഓഫീസ് അനുവദിച്ചത്. 2014 മുതൽ പ്രവർത്തിക്കുന്ന ഓഫീസ് മുറി വാടക നൽകാത്തതിനാൽ (വാടക രഹിതമായാണ് ഉപയോഗിച്ചുകൊണ്ടിരുന്നത് ) ഒഴിഞ്ഞു നൽകേണ്ടി വന്നു. കഴിഞ്ഞ ഒരു വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുറിയിൽ അടിസ്ഥാന സൗകര്യമില്ല. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ലേലം കൊള്ളാതെ ഒഴിഞ്ഞു കിടക്കുന്ന ഒരു മുറി വാടക രഹിതമായി KSEB സബ് എഞ്ചിനീയർ ഓഫീസിനായി നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** വാടക വാങ്ങിക്കൊണ്ട് **KSEB** ക്ക് മുറി നൽകുന്നതിന് അനുമതി നൽകുന്നു. വാടക നിരക്കിൽ ചെറിയ രീതിയിൽ ഇളവ് നൽകാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ആർ.സി)വകുപ്പ്** |

4.75 വാഴക്കാട് ഗ്രാമപഞ്ചായത്ത്

**ബഹു.കൊണ്ടോട്ടി എം.എൽ.എ യുടെ 09.08.2023-ലെ വാഴക്കാട് ഗവ.ഐ.റ്റി.ഐ- PTA യുടെ 03.08.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1646/23 – LSGD – DB1/431/23/LSGD)**

**വിഷയം:-** വാഴക്കാട് ITI യുടെ വൈദ്യുതി ബിൽ അടയ്ക്കുന്നത് സംബന്ധിച്ച്

വാഴക്കാട് ഗ്രാമപഞ്ചായത്തിൽ 2021 വർഷം പുതുതായി ഒരു ITI ആരംഭിച്ചു. ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം സൗജന്യമായി ഭൂമി കൈമാറി അവിടെ സ്വന്തമായി കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും തയ്യാറാക്കുന്നത് വരെ ITI പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ (താൽക്കാലിക കെട്ടിടം, വൈദ്യുതി, ജലം, വാർഷിക അറ്റകുറ്റപ്പണി, മറ്റ് അത്യാവശ്യ കാര്യങ്ങൾ) തദ്ദേശഭരണസ്ഥാപനം ലഭ്യമാക്കാം എന്ന ധാരണയിലാണ് വ്യാവസായിക പരിശീലന വകുപ്പ് ITI അനുവദിച്ചത്. നിലവിൽ വാഴക്കാട് ഗ്രാമപഞ്ചായത്ത് സൗജന്യമായി ലഭ്യമാക്കിയ ദാറുൽഉലൂം അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ITI പ്രവർത്തിക്കുന്നത്. ഇതിന് വാടകയില്ല. വൈദ്യുതി ചാർജ്ജിനത്തിൽ രണ്ടു മാസത്തേയ്ക്ക് 9000 രൂപ ITI യിൽ ആകുന്നുണ്ട്. ഇത് ഗ്രാമപഞ്ചായത്ത് നൽകണമെന്നും വ്യാവസായിക വകുപ്പിൽ നിന്ന് ലഭിക്കുന്ന വിഹിതത്തിൽ നിന്നും ഇതിന് തുക ചെലവഴിക്കരുതെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറോട് അനുമതി ആവശ്യപ്പെട്ടുവെങ്കിലും അനുമതി നൽകിയില്ല. ITI യുടെ വൈദ്യുതി ചാർജ്ജടയ്ക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

4.76 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04.08.2023-ലെ DPT/ A4-4125/2023 -ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 1214/23)**

**വിഷയം:-** പട്ടികജാതി സങ്കേതങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 964/23 | ***അടങ്കൽ*** | *12,00,000 രൂപ (SCP)* |
| ***പേര്*** | ***തളിക്കുളം ഡിവിഷനിലെ എസ്.സി കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ*** | |

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് തളിക്കുളം ഡിവിഷനിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായുള്ള പട്ടികജാതി സങ്കേതങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഹൈമാസ്റ്റിനു പകരം LED മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന രീതിയിൽ വിഹിതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനു കൈമാറി നടപ്പാക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

4.77 നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023-ലെ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.03.2023-ലെ 13(1) -ാം നമ്പർ തീരുമാനവും (SRG/ 1312/23 – CC/719/23).**

**വിഷയം:-** ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്ന് വേതനം നൽകുന്നത് സംബന്ധിച്ച്

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി നിലവിൽ 9 ഹരിതകർമ്മ സേനാംഗങ്ങൾ ആണ് പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനയ്ക്ക് പ്രതിമാസം ആകെ 20000 രൂപ മാത്രമാണ് വരുമാനം. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശവും വനം/എസ്റ്റേറ്റ് മേഖലയാണ്. യൂസർ ഫീ വളരെ കുറവാണ്. പ്രതിമാസം 3000 രൂപയിൽ താഴെയാണ് ഒരംഗത്തിന് കിട്ടുന്ന വേതനം. 2022 നവംബർ മാസംവരെ വേതനം നൽകിയത് വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നാണ്. ഹരിത കർമ്മസേന സ്വയംപര്യാപ്തത കൈവരിക്കുന്നതുവരെ വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്ന് വേതനം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** സർക്കാരിന്റെ 07.10.2023-ലെ 1971/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഹരിതകർമ്മസേനയ്ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഹരിത കർമ്മസേന തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടും ഒരംഗത്തിന് 10,000 രൂപ വീതം നൽകാൻ കഴിയുന്നില്ലെങ്കിൽ മുകളിൽപറഞ്ഞ ഉത്തരവ് പ്രകാരം കൺസോർഷ്യത്തിലേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം)വകുപ്പ്** |

**4.78 ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്**

**ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.09.2023 ലെ കത്തും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.08.2023 ലെ 3(1)-ാം നമ്പർ തീരുമാനവും (SRG/1315/23- CC/638/23, SRG/1570/23 - LSGD - DA/349/2023/LSGD).**

**വിഷയം:-** വിവിധ ആവശ്യങ്ങൾക്കുവേണ്ടി നിർമ്മിച്ച കെട്ടിടം ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി ഉപയോഗിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:*** 149/24 | ***അടങ്കൽ*** | ***7,00,000 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *3,60,700 രൂപ* |
| | *തനത് ഫണ്ട്* | *3,39,300 രൂപ* |
| ***പേര്*** | **സമന്വയ - മൾട്ടിസെൻസറി പാർക്ക് കെട്ടിടം അറ്റകുറ്റപ്പണി** | |

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് 2009-10 മുതൽ 2014-15 വരെയുള്ള കാലഘട്ടത്തിൽ വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി 6 പ്രോജക്ടുകൾ നടപ്പാക്കി. ഈ കെട്ടിടങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ഈ കെട്ടിടങ്ങൾ റീ ഫർണിഷിംഗ് / മോഡിഫൈ ചെയ്ത് സമന്വയ മൾട്ടി സെൻസറി പാർക്ക് ആക്കി മാറ്റാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് വിവിധ തെറാപ്പികൾ, കായികശേഷി വികസനം, കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് എന്നിവയാണ് സെൻസറി പാർക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്കൂളുകളിൽ സമഗ്രശിക്ഷ കേരള (SSK), BRC എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുകയാണ് ലക്ഷ്യം.

ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. വികസനഫണ്ട് ജനറൽ ഉപയോഗിച്ച് നിർമ്മിച്ച താഴെ പറയുന്ന കെട്ടിടങ്ങളാണ് സെൻസറി പാർക്കിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

| ക്രമ നമ്പർ | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|---|
| 1 | 7/2010 | പട്ടിത്താനം വനിതാ സ്വയംതൊഴിൽ ഉത്പന്ന വിപണന കേന്ദ്രം | 4,00,000 രൂപ | 4,00,000 രൂപ |
| 2 | 22/2012 | പട്ടികജാതി സ്വയംതൊഴിൽ പരിശീലന ഉത്പന്ന വിതരണ കേന്ദ്രം | 6,82,000 രൂപ | 6,82,000 രൂപ |
| 3 | 25/2013 | കാണക്കാരി കാർഷിക വിജ്ഞാനകേന്ദ്രം | 3,00,000 രൂപ | 1,88,357 രൂപ |
| 4 | 61/2013 | കാണക്കാരി കാർഷിക വിജ്ഞാന കേന്ദ്രം | 1,25,000 രൂപ | 1,20,191 രൂപ |
| 5 | 6/2014 | കാണക്കാരി വനിതാ സ്റ്റാർ നിർമ്മാണം | 6,00,000 രൂപ | 6,00,000 രൂപ |
| 6 | 45/15 | കാണക്കാരി പട്ടിത്താനം മാർക്കറ്റ് സ്റ്റാൾ | 3,00,000 രൂപ | 2,96,244 രൂപ |

**തീരുമാനം :-** മൾട്ടി സെൻസറി പാർക്കിന്റെ പ്രവർത്തനം എങ്ങനെയാണെന്ന് വ്യക്തമാക്കി റിപ്പോർട്ട് നൽകണം. എത്ര കുട്ടികളെ പ്രതീക്ഷിക്കുന്നു. ഏതെല്ലാം സേവനങ്ങളാണ് നൽകുന്നത്, ഇതിന് പ്രത്യേകമായി ആളുകളെ നിയമിക്കേണ്ടതുണ്ടോ, ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരാണ്, ഇവർക്ക് നൽകേണ്ട വേതനം എങ്ങനെ കണ്ടെത്തും തുടങ്ങിയ കാര്യങ്ങൾ വിശദമാക്കണം. ഒരു വർഷം ഉണ്ടാകുന്ന ചെലവ് എത്ര, ഏതൊക്കെ സ്രോതസ്സിൽ നിന്നാണ് ഈ തുക കണ്ടെത്തുന്നതെന്ന് വ്യക്തമാക്കണം. ഉഴവൂർ ബ്ലോക്കിൽ **RRF/MCF** ഉണ്ടോ എന്നും ഇല്ലെങ്കിൽ ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന ഒരു കെട്ടിടം ഇതിനായി മാറ്റി വയ്ക്കണമെന്നും നിർദ്ദേശിക്കുന്നു. മുകളിൽ പറഞ്ഞവ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

4.79 Kerala State Remote Sensing & Envionement Centre

**കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് ( KSREC) ഡയറക്ടറുടെ 17.08.2023-ലെ A - 1441/2023/KSREC നമ്പർ കത്ത് (SRG/ 1572/23 - LSGD/DC1/316/23/LSGD)**

**വിഷയം:-** കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്റർ (KSREC) മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് GIS മാപ്പിംഗ് നടത്തുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

കേരളത്തിന്റെ സ്ഥലപര പ്രാദേശിക ആസൂത്രണത്തിനും വികസനത്തിനുമായ വിവരങ്ങൾ റിമോട്ട് സെൻസിംഗ്, ജി.ഐ.എസ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ശേഖരിക്കുയും അവ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് KSRECന്റെ പ്രധാന പ്രവർത്തനം. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന ജി.ഐ.എസ്. മാപ്പിംഗ് നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. റിമോട്ട് സെൻസിംഗ് ജി.ഐ.എസ് പ്രവർത്തനങ്ങളിൽ സംസ്ഥാനത്തിലെ നോഡൽ ഏജൻസിയായ KSREC-ക്കിന് GIS മാപ്പിംഗിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാനും കഴിയും. ഇവ പരിഗണിച്ച് GIS മാപ്പിംഗ് KSREC വഴി നടത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഇ.ജി)വകുപ്പ്** |

**4.80 <u>വെച്ചൂർ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും അനുബന്ധരേഖകളും (SRG 1314/23 – CC/386/23).**

**വിഷയം:-** തേജസ് സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് ആഹാരം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 111/24 | *അടങ്കൽ* | *1,00,000 രൂപ (വികസന ഫണ്ട് ജനറൽ)* |
| *പേര്* | **തേജസ് സ്പെഷ്യൽ സ്കൂളിലേക്ക് ആഹാരം നൽകൽ** | |

വെച്ചൂർ ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല. തേജസ് ചാരിറ്റബിൾ ട്രസ്റ്റ് നടത്തുന്ന സ്പെഷ്യൽ സ്കൂളിലാണ് മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്നത്. ഈ സ്കൂൾ സൗജന്യമായാണ് പ്രവർത്തിക്കുന്നതെന്ന് സ്കൂൾ മാനേജിംഗ് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. ഈ സ്കൂളിലെ കുട്ടികൾക്ക് ഭക്ഷണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**<br>**2)തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്** |

**4.81 <u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2023-ലെ E7/4183/21/ റ്റി.ഡി.പി നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2023-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.36) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 18.09.2023-ലെ C1/26892/ DTP നമ്പർ കത്തും അനുബന്ധരേഖകളും (SRG/847/23)**

**വിഷയം:-** സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റേയും ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലെയും പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് , ജില്ലയിലെ ഏഴ് ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കുള്ള പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയാണ്. ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ സുഗമമായ നടത്തിപ്പിന് ഈ സ്ഥാപനങ്ങളുടെ മേധാവികളെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. 7 ജി.ഐ.എഫ്.ഡി. സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സൂപ്രണ്ട്, ഗവ.ടെക്നിക്കൽ ഹൈസ്കൂൾ മഞ്ച നെടുമങ്ങാടിനെയും മണ്ണന്തല ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സൂപ്രണ്ട്, ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് മണ്ണന്തലയേയും നിയമിക്കണമെന്നതു സംബന്ധിച്ച്

ഇതിന്മേൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 22.12.2023-ലെ **C1/26892/23/DTE** നമ്പർ കത്ത് പ്രകാരം മണ്ണന്തല ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായി ഈ സ്ഥാപനത്തിലെ സൂപ്രണ്ടിനെയും വെറ്റിംഗ് ഓഫീസറായി വനിതാ പോളിടെക്നിക് കോളജ് പ്രിൻസിപ്പലിനേയും നിശ്ചയിച്ചിട്ടുണ്ട്. ഒപ്പം ജില്ലയിലെ ഏഴ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സെന്ററുകളിലെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായി നെടുമങ്ങാട് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിനെയും നിർവ്വഹണ ഉദ്യോഗസ്ഥനായി തിരുവനന്തപുരം വനിതാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പലിനെയും നിയമിച്ചിട്ടുണ്ട്.

**തീരുമാനം:-** 1) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥരായി ഈ സ്ഥാപനങ്ങളുടെ സൂപ്രണ്ടുമാരെയും വെറ്റിംഗ് ഓഫീസർമാരായി ഗവൺമെന്റ് പോളിടെക്നിക്ക് പ്രിൻസിപ്പൽമാരെയും നിശ്ചയിക്കുന്നു. ഓരോ ജില്ലയിലും വെറ്റിംഗ് ചുമതല നൽകാവുന്ന ഗവൺമെന്റ് പോളിടെക്നിക്ക് പ്രിൻസിപ്പൽമാരുടെ വിവരങ്ങൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പിനെയും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെയും അറിയിക്കേണ്ടതാണ്. പുതിയ നിർവഹണ രീതി 2024-25മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. അതുവരെ നിലവിലുള്ളതുപോലെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തന്നെ ഈ പ്രോജക്ടുകളുടെ നിർവഹണം നടത്തേണ്ടതാണ്.

(II) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കൈമാറിയ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് (GIFD) സെന്ററുകളുടെ നിർവഹണ ഉദ്യോഗസ്ഥനായി നെടുമങ്ങാട് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിനെ നിയോഗിക്കണ മെന്നാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തതോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലല്ലാത്തതോ ആയ ഉദ്യോഗസ്ഥരെ നിർവഹണ ഉദ്യോഗസ്ഥരായി നിശ്ചയിക്കാൻ കഴിയുകയില്ല എന്നതിനാൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ആവശ്യം അംഗീകരിക്കാൻ കഴിയുകയില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥരായി ജി.ഐ.എഫ്.ഡി. കളിലെ ഉദ്യോഗസ്ഥരെയോ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സൂപ്രണ്ടിനെയോ നിയോഗിക്കുന്നതിനുള്ള സാദ്ധ്യത സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ച് ശുപാർശ നൽകേണ്ടതാണ്. ശുപാർശ ലഭിച്ച ശേഷം വീണ്ടും ഈ വിഷയം പരിഗണിക്കുന്നതാണ്. അതുവരെ നിലവിലുള്ളതുപോലെ ജില്ലാപഞ്ചായത്ത് സെക്രട്ടറി തന്നെ നിർവഹണ ഉദ്യോഗസ്ഥരായി തുടരേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

4.82 <u>മണ്ണ് പരിശോധന പ്രോജക്ടുകളുടെ നിർവ്വഹണം</u>

**മലപ്പുറം, തിരുവനന്തപുരം ജില്ലാ മണ്ണ് പരിശോധന അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരുടെ 16.04.2022, 16.05.2022 എന്നീ തീയതികളിലെ കത്തുകളും കൃഷി ഡയറക്ടറുടെ 26.09.2023-ലെ TF(2) 10976/2023 -ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/837/23)**

**വിഷയം:-** ജില്ലയിലെ മണ്ണ് പരിശോധന പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഓഫീസറെയും നിശ്ചയിക്കുന്നത് സംബന്ധിച്ച്

ജില്ലാ പഞ്ചായത്തിന്റെ കാർഷിക ആവശ്യങ്ങൾക്കുള്ള മണ്ണ് പരിശോധനാ പ്രോജക്ടുകളുടെ നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) ആണ്. ഈ ഉദ്യോഗസ്ഥന്റെ ജോലിഭാരം കണക്കിലെടുത്ത് മണ്ണ് പരിശോധന സംബന്ധിച്ച പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ മണ്ണ് പരിശോധന ലബോറട്ടറിയിലെ അസിസ്റ്റന്റ് സോയിൽ കെമിസിറ്റിനെ നിയമിക്കണമെന്ന മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ നിന്നാവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കുള്ള മണ്ണ് പരിശോധനാ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി മണ്ണ് പരിശോധനാശാലകളിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരെ നിയോഗിക്കാവുന്നതാണെന്നും ഈ പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരായി അതത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരെ നിശ്ചയിക്കാവുന്നതാണെന്നും കൃഷി ഡയറക്ടർ 26.09.2023-ൽ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ക്രമീകരണം നടത്തുന്നത് സംബന്ധിച്ച്

**തീരുമാനം :-** കൃഷി ഡയറക്ടർ നൽകിയ ശുപാർശ പ്രകാരം മണ്ണ് പരിശോധനാ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി അതതു ജില്ലയിലെ മണ്ണുപരിശോധനാശാലയിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരെ നിയോഗിക്കാനും ഈ പ്രോജക്ടുകളുടെ വെറ്റിംഗ് ഉദ്യോഗസ്ഥനായി അതതു ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസറെ നിയോഗിക്കാനും തീരുമാനിച്ചു. ഇതനുസരിച്ച് ഉത്തരവിറക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

4.83 <u>തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023 ലെ കത്തും തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.09.2023-ലെ കത്തും (SRG/1350/23 - CC/694/23).**

**വിഷയം:-** ചേന്നംപള്ളിപ്പുറം വാർഡിൽ പതിയാമൂല ഭാഗത്ത് കാന നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 40/24 | *അടങ്കൽ* | *7,50,000 രൂപ*<br>*തനത് ഫണ്ട് - 1,77,000 രൂപ* |
| | | *CFC Tied Grant - 5,73,000 രൂപ* |
| *പേര്* | **ചേന്നംപള്ളിപ്പുറം വാർഡ് 6 പതിയാമൂല കാന കവർ സ്ലാബ് നിർമ്മാണം** | |

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ പതിയാമൂല ഭാഗത്തും 14-ാം നമ്പർ അങ്കണവാടി പരിസരത്തും വെള്ളക്കെട്ട് പ്രശ്നമുണ്ട്. ഇവിടെ കക്കൂസ് മാലിന്യമടക്കം മലിനജലം കെട്ടിക്കിടക്കുന്നു. ഇതു പരിഹരിക്കാൻ കവർ സ്ലാബ് ഉൾപ്പെടെ കാന നിർമ്മിക്കണം. ഗ്രാവൽ റോഡ്, പതിയാമൂല, വാഴച്ചിറ റോഡ് എന്നിവടങ്ങളിൽ കാന നിർമ്മിച്ച് മലിനജലം പള്ളിപ്പുറം തവണക്കടവ് PWD റോഡിൽ നിലവിലുള്ള കലുങ്കിലേയ്ക്ക്

ബന്ധിപ്പിക്കണം. ഇതിനായി ഗ്രാമപഞ്ചായത്ത് റോഡിൽ 47 മീറ്റർ നീളത്തിലും PWD റോഡിൽ 17 മീറ്റർ നീളത്തിലും കാന നിർമ്മിച്ച് സ്ലാബ് ഇടണം. PWD റോഡിൽ കാന നിർമ്മിച്ച് സ്ലാബ് ഇടാൻ PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ NOC നൽകിയിട്ടുണ്ട്. PWD റോഡിൽ 17 മീറ്റർ ഭാഗത്ത് കാന നിർമ്മിച്ച് സ്ലാബിടാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇവിടെയുള്ള മാലിന്യത്തിന്റെ ഉറവിടം എവിടെയാണ് എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>2) **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.84 താനൂർ ബ്ലോക്ക് പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.10.2023 ലെ കത്തും അനുബന്ധ രേഖകളും (SRG/ 1435/23 – CC/665/2023).**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിലേക്ക് ഡിജിറ്റൽ ക്യാമറ വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 59/24 | ***അടങ്കൽ*** | ***50,000 രൂപ***<br>*(നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്)* |
| ***പേര്*** | **ഡോക്യുമെന്റേഷൻ ആവശ്യാർത്ഥം ഡിജിറ്റൽ ക്യാമറ വാങ്ങൽ** | |

താനൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് ഡോക്യുമെന്റേഷൻ ആവശ്യത്തിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഡിജിറ്റൽ ക്യാമറ വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന് തനത് ഫണ്ട്/വികസനഫണ്ട്(ജനറൽ) ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.85 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

**സർക്കാരിന്റെ 15.11.2023 –ലെ DE2/131/2023/തസ്വഭവ നമ്പർ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.03.2023–ലെ P4/2115/2021/TDP നമ്പർ കത്തും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 01.02.2023–ലെ 8(16)–ാം നമ്പർ തീരുമാനവും (SRG/1585/23)**

**വിഷയം:-** തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് യു ട്യൂബ് ചാനൽ തുടങ്ങുന്നത് സംബന്ധിച്ച്

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടത്തുന്ന വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, ജനകീയ പദ്ധതികൾ, സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികൾ എന്നിവ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് യുട്യൂബ് ചാനൽ തുടങ്ങാൻ ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ഇതുവഴി ഡോക്യുമെന്റേഷനും ഉദ്ദേശിക്കുന്നു. സോഷ്യൽ മീഡിയ കൈകാര്യം ചെയ്യുന്നതിന് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളെ ടെണ്ടറിലൂടെ തെരഞ്ഞെടുക്കാനും ഇതിനായി തനത് ഫണ്ട് ചെലവഴിക്കാനും അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്രതീക്ഷിക്കുന്ന ചെലവടക്കമുള്ള കാര്യങ്ങളൊന്നും നൽകിയിട്ടില്ല. ഇത് സംബന്ധിച്ചുള്ള വിശദാംശം ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകാൻ നിർദ്ദേശിക്കുന്നു. ജില്ലാ ആസൂത്രണസമിതിയുടെ പരിഗണനയ്ക്ക് ശേഷം ആവശ്യമെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.86 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2023-ലെ കത്തും കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 08.08.2023-ലെ 4/4/2-ാം നമ്പർ തീരുമാനവും (SRG/1466/23 - CC/836/23)**

**വിഷയം:-** ഷീ ലോഡ്ജിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നത് സംബന്ധിച്ച്

| *പ്രോ.നം:* 183/24 | *അടങ്കൽ* | *11,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
|---|---|---|
| *പേര്* | *ഷീ ലോഡ്ജിലേയ്ക്ക് ആവശ്യമായ ഫർണിച്ചർ ഉപകരണങ്ങൾ വാങ്ങൽ* | |

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഇപ്പോൾ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ കെട്ടിടം ഷീ ലോഡ്ജിനു വേണ്ടി നവീകരിച്ചിട്ടുണ്ട്. ഇത് കല്പറ്റ ടൗണിനോട് ചേർന്ന് ബസ് സ്റ്റാൻഡിനടുത്തായതിനാൽ ഷീ ലോഡ്ജിന് അനുയോജ്യമാണ്. ഷീ ലോഡ്ജിന് ആവശ്യമായ ഫർണിച്ചറും മറ്റും വാങ്ങുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. ഷീ ലോഡ്ജിൽ **CCTV** കൂടി സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |
|---|---|

**4.87 കോതമംഗലം നഗരസഭ**

**കോതമംഗലം നഗരസഭാ ചെയർമാന്റെ 24.09.2022, 18.05.2023, 18.09.2023 എന്നീ തീയതികളിലെ കത്തുകളും നഗരകാര്യ ഡയറക്ടറുടെ 29.11.2022-ലെ DUA/9742/2022-DC3 നമ്പർ കത്തും അനുബന്ധരേഖകളും (SRG/1541/23)**

**വിഷയം:-** വിവിധ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ലഭിച്ച ബാക്കി തുക നഗരസഭയുടെ മറ്റാവശ്യത്തിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പല സമയങ്ങളിലായി ലഭിച്ചിട്ടുള്ള തുകയിൽ പദ്ധതി പൂർത്തിയായതിനുശേഷം 1,82,17,088 രൂപ നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി ബാക്കിയുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| **ക്രമ നം** | **പദ്ധതിയുടെ പേര്** | **ബാക്കിയുള്ള തുക (31.03.2022 വരെ)** | **ബാങ്കിന്റെ പേര്** |
|---|---|---|---|
| 1 | KURDFC | 41,399 | SBI |
| 2 | B Fund | 1,28,516 | SBI |
| 3 | IHSDP | 2,91,498 | IDBI |
| 4 | IDSMT | 32,775 | SBI |
| 5 | Kudumbasree | 3,33,905 | Union Bank |
| 6 | SHASU | 1,40,818 | South Indian Bank |
| 7 | SSAB Fund | 66,705 | Union Bank |
| 8 | Solid Waste Mangement Fund | 1,37,89,597 | IDBI |
| 9 | IDSMT | 33,59,100 | Federal Bank |
| 10 | IDSMT | 32,775 | SBI |
| | **ആകെ** | **1,82,17,088 രൂപ** | |

റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന വകയിൽ സർക്കാരിൽ നിന്നും 6,90,18,642 രൂപ നഗരസഭയക്ക് ലഭിക്കാനുണ്ട്. നഗരസഭയ്ക്ക് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയുണ്ട്. മുകളിൽ പറഞ്ഞ തുക വിവിധ പദ്ധതികൾ പൂർത്തിയാക്കിയതിനുശേഷം മിച്ചമുള്ളതാണ്. ഈ തുക നഗരസഭയ്ക്ക് മോഡേൺ ഗ്യാസ് ക്രിമിറ്റോറിയത്തിന്റെയും

ടൗൺഹാൾ കം ഇൻഡോർ സ്റ്റേഡിയത്തിന്റെയും നിർമ്മാണത്തിനുള്ള അടിസ്ഥാന ചെലവുകൾക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

**4.88 Kerala State Labour co-operative Federation Ltd ( LABOUR FED)**

**Kerala State Labour Co-operative Federation മാനേജിംഗ് ഡയറക്ടറുടെ കത്ത് (ലഭിച്ചത് 03.11.2023) (SRG/1463/23)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റികളെ ഏൽപ്പിക്കണമെന്നതു സംബന്ധിച്ച്.

കോവിഡ് മഹാമാരിക്ക് ശേഷം ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് നിർമ്മാണ പ്രവൃത്തികളുടെ കരാർ ലഭിക്കുന്നതിൽ കുറവു വന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 11.08.2017-ലെ 2780/2017/തസ്വഭവ ഉത്തരവു പ്രകാരം ലേബർ കോൺട്രാക്ട് സൊസൈറ്റികളെ വിവിധ പ്രവൃത്തികൾ പ്രത്യേക പരിഗണനയോടെ ഏൽപ്പിക്കുന്നതിന് ഏറ്റവും ഒടുവിലത്തെ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പ്രകാരമുള്ള തുകയുള്ള ജോലികൾ ഏറ്റെടുത്ത് പൂർത്തിയാക്കിയിരിക്കണം എന്ന നിബന്ധനയുണ്ട്.

| | |
|---|---|
| A ക്ലാസ്സ് ലേബർ സഹകരണ സംഘം | 500 ലക്ഷം രൂപ |
| B ക്ലാസ്സ് ലേബർ സഹകരണ സംഘം | 300 ലക്ഷം രൂപ |
| C ക്ലാസ്സ് ലേബർ സഹകരണ സംഘം | 100 ലക്ഷം രൂപ |

പ്രളയം, കോവിഡ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധിമൂലവും PWD ലൈസൻസ് നിർബന്ധമാക്കിയതിനാലും C ക്ലാസ്സ് സംഘങ്ങൾക്ക് മുൻ വർഷം 100 ലക്ഷം രൂപയുടെ പ്രവൃത്തിയെടുത്തിരിക്കണമെന്ന നിബന്ധന പാലിക്കാൻ കഴിയുന്നില്ല. അതിനാൽ മുകളിൽപ്പറഞ്ഞ നിബന്ധന ഒഴിവാക്കുകയോ മൂന്ന് വർഷത്തേയ്ക്ക് ഇളവ് അനുവദിക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു. മൂന്നു വർഷത്തെ ഇളവാണ് അനുവദിക്കുന്നതെങ്കിൽ മുകളിൽപ്പറഞ്ഞ ഉത്തരവിലെ തൊട്ടു മുൻവർഷമെന്നത് തൊട്ടു മുമ്പുള്ള മൂന്നു വർഷമെന്ന് ഭേദഗതി ചെയ്ത് സഹകരണ വകുപ്പിന്റെ 09.01.2018-ലെ 1/2018/സഹ. ഉത്തരവിലെ നിബന്ധനകൾ പാലിച്ച് പ്രവൃത്തികൾ LCCS കൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.89 തകഴി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്ത് (SRG/1345/23 – CC/642/23)**

**വിഷയം:-** വയോജനങ്ങൾക്ക് കണ്ണട വാങ്ങി നൽകുന്നത് സംബന്ധിച്ച് .

| *പ്രോ.നം:* 57/23 | *അടങ്കൽ* | *1,50,000 രൂപ (വികസനഫണ്ട് ജനറൽ )* |
|---|---|---|
| *പേര്* | *നേർക്കാഴ്ച – വയോജനങ്ങൾക്ക് കണ്ണട* | |

നേർക്കാഴ്ച എന്ന പേരിൽ വയോജനങ്ങൾക്ക് കണ്ണ് ടെസ്റ്റ് ചെയ്ത് അനുയോജ്യമായ കണ്ണട വാങ്ങി നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ് |
|---|---|

**4.90 ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.08.2023-ലെ 4(1) -ാം നമ്പർ തീരുമാനവും (SRG/1508/23 – CC/772/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കുന്ന സാധന സാമഗ്രികൾ ഉൾപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ പ്രാദേശിക നിരക്കിൽ ഗതാഗത കൂലി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് വന മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടേയ്ക്ക് യാത്രയ്ക്ക് ഉപയോഗിക്കുന്നത് ഓഫ് റോഡിന് അനുയോജ്യമായ പ്രത്യേക വാഹനമാണ്. അതിനാൽ സാധന സാമഗ്രികളും മറ്റും ഗ്രാമപഞ്ചായത്തിലേയ്ക്ക് കൊണ്ടുപോകുന്നതിന് ഗതാഗത കൂലി കൂടുതലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവ പരിഗണിച്ച് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

(i) ഗ്രാമപപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളിൽ സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് പ്രോജക്ടിൽ ഉൾപ്പെടുത്തണം.

(ii) ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വകുപ്പുകളുടേതടക്കമുള്ള മറ്റു പദ്ധതികളിൽ സാധന സാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി.

(iii) MGNREGS -ൽ മെറ്റീരിയൽ വർക്കിന് പ്രാദേശിക നിരക്കിലെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ അനുമതി.

**തീരുമാനം :-** ഇത് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് |
|---|---|

**4.91 രാമങ്കരി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും രാമങ്കരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.08.2023-ലെ 1(3)-ാം നമ്പർ തീരുമാനവും (SRG/1351/23 – CC/703/23)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

| *പ്രോ.നം:* 70/24 | *അടങ്കൽ* | *2,87,000 രൂപ (SCP)* |
|---|---|---|
| *പേര്* | *പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം* | |

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.92 ജില്ലാ ആസൂത്രണസമിതി, മലപ്പുറം**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2023-ലെ കത്ത് (SRG/1432/23)**

**വിഷയം:-** മലപ്പുറം ജില്ലയിൽ കായികമേള, ശാസ്ത്രമേള, കലാമേള എന്നിവയുടെ നടത്തിപ്പിന് തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത്ഫണ്ട് വിഹിതം ഉപയോഗിക്കുന്നത് സംബന്ധിച്ച്.

ഉപജില്ലാ തലത്തിലും റവന്യൂ ജില്ലാതലത്തിലും വിദ്യാർത്ഥികളുടെ കലാ-കായിക-ശാസ്ത്ര മേളകൾ നടത്തേണ്ടതുണ്ട്. മറ്റ ജില്ലകളെ അപേക്ഷിച്ച് മലപ്പുറം വലിയ ജില്ല ആയതിനാൽ ചെലവ് കൂടുതലാണ്. 2022-23 വർഷം കലാ-കായിക ശാസ്ത്ര മേളകൾ റവന്യൂ ജില്ലാതലത്തിൽ നടത്തുന്നതിന് 77.50 ലക്ഷം രൂപ ചെലവു വന്നു. കൂടാതെ സംസ്ഥാന മേളകളിൽ പങ്കെടുക്കുന്നതിന് 2.00 ലക്ഷം രൂപയും ചെലവായി. എന്നാൽ സർക്കാരിൽ നിന്ന് അനുവദിച്ചത് 64.50 ലക്ഷം രൂപയാണ്. ഇതോടൊപ്പം 8.50 ലക്ഷം രൂപ ഉപജില്ലാ ഓഫീസുകൾ മുഖേന ലഭിച്ചു. ഇനിയും 8 ലക്ഷം രൂപ പല ഇനങ്ങളിലായി നല്കാനുണ്ട്. ഈ വിഷയം 09.10.2023-ലെ ജില്ലാ ആസൂത്രണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും ഈ കുറവ് പരിഹരിക്കാൻ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് വിഹിതം വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും 10,000 രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 5000 രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്ന് 50,000 രൂപയും ഇതിനായി വാങ്ങാനാണ് ഉദ്ദേശിക്കുന്നത്. ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഈ നിരക്കിൽ വിഹിതം വിനിയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത് വകുപ്പുതലത്തിൽ പരിഗണിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്** |

**4.93 ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്**

**ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.10.2023-ലെ C1-51/23-ാം നമ്പർ കത്തും ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനവും (SRG/1396/23)**

**വിഷയം:-** നെടിയാട്ടുചാലിൽ ഷട്ടർ സ്ഥാപിക്കാനുള്ള തുക മൈനർ ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 264/24** | ***അടങ്കൽ*** | ***45,00,000 രൂപ*** *(CFC Tied Grant )* |
| ***പേര്*** | ***ഓരുജലം നിയന്ത്രിക്കുന്നതിനുള്ള ഷട്ടർ സ്ഥാപിക്കൽ*** | |

ഗ്രാമപഞ്ചായത്തിന്റെ 8, 9 വാർഡുകളിലായി വേമ്പനാട് കായലുമായി ബന്ധപ്പെട്ടുള്ള നെടിയാട്ടുചാൽ ജലാശയം നെൽക്കൃഷിക്ക് ഉപയോഗിക്കുന്നു. വേമ്പനാട് കായലിൽ നിന്നുള്ള ഓര് (ഉപ്പ്) കയറുന്നതുമൂലം കൃഷിക്ക് തടസ്സമുണ്ടാകുന്നുണ്ട്. ഒപ്പം സമീപവാസികൾക്ക് ശുദ്ധജലവും ലഭിക്കില്ല. വേനൽക്കാലത്ത് ഓരുമുട്ട് ഇടാറുണ്ട്. ഇതിനു

പകരം ഷട്ടർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി തുക മൈനർ ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.94 നാദാപുരം ഗ്രാമപഞ്ചായത്ത്**

**കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കൂടിയായ നാദാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.10.2023-ലെ കത്തും അനുബന്ധ രേഖകളും (SRG/1422/23)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും അവധി അനുവദിക്കുന്നത് സംബന്ധിച്ച്

തദ്ദേശഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, അംഗങ്ങൾ എന്നിവർ എയ്ഡഡ് സ്കൂളുകളിലും മറ്റും അദ്ധ്യാപകരായും അനദ്ധ്യാപകരായും ജോലി ചെയ്യുന്നുണ്ട്. ജനപ്രതിനിധികൾ എന്ന നിലയിൽ പല ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കേണ്ടതുണ്ട്. ഇവർക്ക് സർക്കാരിന്റെ വിവിധ ഉത്തരവുകളനുസരിച്ച് സ്പെഷ്യൽ ക്യാഷ്വൽ ലീവ്, ഡ്യൂട്ടി ലീവ്, വേതന രഹിത ലീവ് തുടങ്ങിയവയെടുക്കാം. എന്നാൽ ഇതു സംബന്ധിച്ച് വ്യക്തത കുറവുള്ളതിനാൽ പല സ്ഥാപന മേധാവികളും വ്യത്യസ്ത നിലപാടാണ് എടുക്കുന്നത്. അതിനാൽ വ്യക്തതയോടെ ഉത്തരവിറക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. താഴെപ്പറയുന്ന രണ്ട് കാര്യങ്ങളിലാണ് വ്യക്തത വരുത്തേണ്ടത്.

(i) തദ്ദേശഭരണസ്ഥാപനങ്ങളിലെ പ്രസിഡന്റുമാർക്കും നഗരസഭാ ചെയർപേഴ്സ ൺമാർക്കും മറ്റ് തൊഴിലിൽ ഏർപ്പെടുന്നതിന് 25.11.2002-ലെ 203/2002/ തസ്വഭവ ഉത്തരവ് പ്രകാരം തടസ്സമില്ല. ഇതിന്മേൽ വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു സംബന്ധിച്ച് നിലവിലെ ഉത്തരവുകളും KPR ആക്ടും പരിശോധിച്ച് ഉത്തരവിറക്കുന്നതിന് തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണവകുപ്പിനെ ചുമതല പ്പെടുത്തി.

(ii) കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.17.2017-ലെ യോഗ തീരുമാന പ്രകാരം ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകേതര ജീവനക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് 13-ാം പഞ്ചവൽസര പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കൂടാതെ വിവിധ ആവശ്യങ്ങൾക്കായുള്ള ഗ്രാമസഭ, വാർഡ് വികസന സമിതി, കുടുംബശ്രീ, അയൽസഭ, വാർഡ്തല സാനിറ്ററി കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ എന്നിവയ്ക്ക് ഒരു വർഷം പരമാവധി 15 ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ചുകൊണ്ട് 09.10.2017-ലെ 3248/2017/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് 14-ാം പദ്ധതിക്കു കൂടി ബാധമാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പതിനാലാം പഞ്ചവൽസര പദ്ധതിക്കാലത്തു കൂടി ഈ ഉത്തരവ് ബാധകമാക്കാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഇ.എം)വകുപ്പ്** |

**4.95 <u>മൂന്നാർ ഗ്രാമപഞ്ചായത്ത്</u>**

**മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2023-ലെ കത്തുകൾ (2 എണ്ണം) (SRG/1433/23)**

**വിഷയം:-** ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് കിടക്ക വാങ്ങി നൽകുന്നത് സംബന്ധിച്ച്

വയോജനങ്ങൾക്ക് കിടക്ക വാങ്ങി നൽകുന്നതിന് പ്രോജക്റ്റ് ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പരമാവധി 2000 രൂപ വിലയുള്ള ബെഡ് GeM പോർട്ടൽ മുഖേനയോ, കയർ ഫെഡ്, ഫോംമാറ്റിംഗ്സ് ഇന്ത്യ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ വാങ്ങണമെന്ന നിബന്ധനയോടെ പ്രോജക്റ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**4.96 <u>ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023-ലെ കത്തും ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.12.2022-ലെ VII (1)-ാം നമ്പർ തീരുമാനവും (SRG/1364/23 - CC/728/23)**

**വിഷയം:-** MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത പ്രദേശത്ത് കോൺക്രീറ്റിംഗ് നടത്തിയതിന് തുക നൽകുന്നത് സംബന്ധിച്ച്

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2019-20-ൽ വിവിധ കോൺക്രീറ്റിംഗ് പ്രവൃത്തികൾ MGNREGS -ൽ എടുത്തിരുന്നു. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിരുന്ന ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ താമസിച്ചതിനാൽ 2020-21 ൽ ഇതിലുൾപ്പെട്ട റോഡുകളുടെ ചില ഭാഗങ്ങൾ ഗ്രാമപഞ്ചായത്ത് വികസനഫണ്ട് ഉപയോഗിച്ച് ചെയ്തു. അതിനാൽ MGNREGS പ്രകാരം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന്റെ നീളം എസ്റ്റിമേറ്റിൽ ഉള്ളതിനേക്കാൾ കുറച്ച് ചെയ്താൽ മതിയെന്ന സാഹചര്യം വന്നു. അതിനാൽ MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത കൈതക്കെട്ട് - ആലുവിളതടം റോഡ് (വാർഡ് 2) എ.കെ.എം എച്ച്.എസ് ബ്രാഞ്ച് റോഡ് (വാർഡ് 3) തിരുഅറയ്ക്കൽ - ഉപ്പോട്ട് ഏലാ റോഡ് (വാർഡ് 5) എന്നീ റോഡുകളുടെ കോൺക്രീറ്റിംഗ് നടത്തി. ഇതിന്റെ വേതനം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകി. എന്നാൽ മെറ്റീരിയൽ നൽകിയ ശ്രീ.മണി ജെ, പുതിയവിള പുത്തൻവീട് എന്ന വെന്റർക്ക് 3,78,763 രൂപ നൽകാനുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ **MGNREGS** ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ഡയറക്ടർ, MGNREGS**<br>2) **തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്** |

**4.97. <u>തലക്കാട് ഗ്രാമപഞ്ചായത്ത്</u>**

**തലക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.12.2023-ലെ കത്തും തലക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.08.2023 ലെ 1(22)-ാം നമ്പർ തീരുമാനവും മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05.07.2023-ലെ കത്തും (SRG/ 1453/23)**

**വിഷയം:-** സ്കൂളിലേക്ക് അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നത് സംബന്ധിച്ച്.

തലക്കാട് ഗ്രാമപഞ്ചായത്തിൽ മാനേജ്മെന്റ് നിയന്ത്രണത്തിലുണ്ടായിരുന്ന ദേവീ സഹായ ലോവർ പ്രൈമറി സ്കൂളും മറ്റ് വസ്തുക്കളും 06.02.2010-ൽ സർക്കാരിനു കൈമാറി ആധാരം രജിസ്റ്റർ

ചെയ്യിട്ടുണ്ട്. എന്നാൽ നടപടി ക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ സർക്കാർ ഏറ്റെടുത്തിട്ടില്ല. മാനേജ്മെന്റ് നിലവിലില്ലാത്തതിനാൽ ദൈനംദിന കാര്യങ്ങൾ ഗ്രാമപഞ്ചായത്താണ് നോക്കുന്നത്. നാല് അദ്ധ്യാപക തസ്തികയിൽ രണ്ടുപേർ വിരമിച്ചു. LPST തസ്തികയിൽ മലപ്പുറം ജില്ലയിൽ സംരക്ഷണാനുകൂല്യമുള്ള ആരും പുനർവിന്യസിക്കപ്പെടാതെ ഇല്ല. അതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് സംരക്ഷിതാദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്നതു വരെയോ 2024 മാർച്ച് 31 വരെയോ മധ്യ വേനൽ അവധിക്ക് സ്കൂൾ അടയ്ക്കുന്നതുവരെയോ (ഏതാണോ ആദ്യം) ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാവുന്നതാണെന്ന് മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒഴിവുള്ള രണ്ട് തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഈ വർഷത്തേയ്ക്ക് മുകളിൽ പറഞ്ഞ പ്രകാരം അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകുന്നു. ഒപ്പം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഈ സ്കൂൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നതു കൂടി പരിഗണിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**4.98 <u>മതിലകം ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.11.2023-ലെ കത്തും മതിലകം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.09.2023-ല 6(4)-ാം നമ്പർ തീരുമാനവും (SRG/1566/23 – CC/894/23)**

**വിഷയം:-** പെരിഞ്ഞനം നീന്തൽക്കുളത്തിന്റെ നടത്തിപ്പ് സംബന്ധിച്ച്

മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ 2015-16-ൽ MLASDF ൽ 61,51,391 രൂപ മുടക്കി നീന്തൽക്കുളം നിർമ്മിച്ചു. എന്നാൽ നീന്തൽക്കുളം പ്രവർത്തനക്ഷമമാക്കാൻ അധികമായി ചില പ്രവൃത്തികൾ കൂടി വേണ്ടി വന്നു. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് 2022-23-ൽ 68,45,598 രൂപ വകയിരുത്തി 2023-24-ൽ പ്രവൃത്തികൾ പൂർത്തിയാക്കി. ഇവിടെ നീന്തൽ പരിശീലനം ആരംഭിക്കുന്നതിന് പൂൾ ഓപ്പറേറ്റർ, നീന്തൽ പരിശീലകൻ എന്നിവരെ നിയമിച്ച് വേതനം നൽകാനും വൈദ്യുതി ചാർജ്ജടക്കം നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്. നിശ്ചിത തുക ഫീസ് ഇനത്തിൽ ഈടാക്കാനും ഉദ്ദേശിക്കുന്നു.

**തീരുമാനം :-** പൂൾ ഓപ്പറേറ്റർക്കും പരിശീലകനുമുള്ള ചെലവ് കണ്ടെത്തുന്ന തരത്തിൽ ഫീസ് ഈടാക്കിക്കൊണ്ട് നീന്തൽ പരിശീലനകേന്ദ്രം നടത്തുന്ന രീതി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക തികയുന്നില്ലെങ്കിൽ മാത്രം കുളത്തിന്റെ പരിപാലന ചെലവും വൈദ്യുതി ചാർജ്ജും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നൽകാവുന്നതാണ്. എന്നാൽ വേതനം ഫീസിൽ നിന്ന് കണ്ടെത്തണം. ഒപ്പം സ്പോർട്സ് കൗൺസിലിന്റെ സഹായം ലഭിക്കാനുള്ള സാധ്യത കൂടി തേടണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.99 <u>മതിലകം ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023 കത്തും അനുബന്ധരേഖകളും(SRG/1359/23 – CC/628/23)**

**വിഷയം:-** ഐ.എ.വൈ. പദ്ധതിയിൽ മിച്ചമുള്ള തുക ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

മതിലകം ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ വിഹിതമായി ലഭിച്ച തുകയിൽ ചെലവഴിക്കപ്പെടാതെ 1,74,53,791 രൂപ രണ്ട് അക്കൗണ്ടുകളിലായി ബാക്കിയുണ്ട്. 25.06.2022-ലെ 1531/2022/തസ്വഭവ ഉത്തരവ് പ്രകാരം ഇങ്ങനെ ചെലവഴിക്കപ്പെടാതെയുള്ള തുക 2022-23 വർഷം PMAY(G) ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിരുന്നു. എന്നാൽ ലൈഫ് ഫേസ് -2 വിന്റെ അവസാന ഘട്ടമായതിനാൽ ഈ തുക ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഈ തുക PMAY ഗ്രാമീൺ പദ്ധതി പ്രകാരമുള്ള വീടുകൾക്കും ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പൊതുവിഭാഗം/പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിനായി ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** എന്തുകൊണ്ട് ഈ തുക കഴിഞ്ഞ വർഷം ചെലവഴിച്ചില്ല എന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.100 <u>മതിലകം ഗ്രാമ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023-ലെ കത്തും അനുബന്ധരേഖകളും (SRG/1358/23 – CC/691/23)**

**വിഷയം:-** മത്സ്യതൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 118/24 | *അടങ്കൽ* | *1,00,000 രൂപ (തനത് ഫണ്ട് 10,000 രൂപ സംഭാവന – 90,000 രൂപ )* |
| *പേര്* | *മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് സൈക്കിൾ വാങ്ങി നൽകുന്നത് സംബന്ധിച്ച്* | |

മത്സ്യ തൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.101 <u>കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.09.2023-ലെ BPKDLY/991/2021/C നമ്പർ കത്തും അനുബന്ധരേഖകളും (SRG/1357/23 – CC/764/23)**

**വിഷയം:-** സാമൂഹികാരോഗ്യ കേന്ദ്രത്തിലെ കമ്മ്യൂണിറ്റി ബേസ്ഡ് ഡിസ് എബിലിറ്റി മാനേജ്മെന്റ് സെന്ററിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 109/24 | *അടങ്കൽ* | *10,23,300/- രൂപ (വികസനഫണ്ട് ( ജനറൽ) 300 രൂപ തനത് ഫണ്ട് – 4,50,000/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതം – 3,00,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം – 2,70,000 രൂപ)* |
| *പേര്* | *എനേബ്ലിംഗ് കോഴിക്കോട് CDMC ജീവനക്കാർക്ക് ഓണറേറിയം – സംയുക്തം.* | |

കൊടുവള്ളി ബ്ലോക്കിലെ കോടഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എനേബ്ലിംഗ് കോഴിക്കോട് പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ബേസ്ഡ് ഡിസ്എബിലിറ്റി മാനേജ്മെന്റ് സെന്റർ (CDMC) 2022 ഫെബ്രുവരി മുതൽ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററിൽ താഴപ്പറയുന്നവരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

| ക്രമ നം | തസ്തിക | പ്രതിമാസ വേതനം |
|---|---|---|
| 1 | സ്പീച്ച് ലാംഗ്വേജ് തെറാപ്പിസ്റ്റ് | 26,400 രൂപ |
| 2 | റിഹാർബിലിറ്റേഷൻ സൈക്കോളജിസ്റ്റ് | 30,000 രൂപ |
| 3 | സ്പെഷ്യൽ എഡ്യൂക്കേറ്റർ | 17, 250 രൂപ |

**തീരുമാനം :-** കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ലെ യോഗത്തിൽ കന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ സമാന ആവശ്യത്തിലെടുത്ത തീരുമാനം (ക്രമനമ്പർ 2.7 ഖണ്ഡിക 4.37) പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**4.102 <u>പെരുമ്പളം ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും പെരുമ്പളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.09.2023-ലെ SC 1/2627/23 -ാം നമ്പർ കത്തും പൂച്ചാക്കൽ സബ് ട്രഷറി ഓഫീസറുടെ 09.06.2023-ലെ കത്തും. (SRG/1352/23 – CC/706/23)**

**വിഷയം:-** ട്രഷറിയിൽ സമർപ്പിച്ച ബിൽ തുക ഗുണഭോക്താവിന് ലഭിക്കാത്തതു സംബന്ധിച്ച്

പെരുമ്പളം ഗ്രാമപഞ്ചായത്ത് 2021-22 വർഷം താഴെപ്പറയുന്ന രണ്ടു ബില്ലുകൾ പൂച്ചാക്കൽ സബ്ട്രഷറിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലെ പിശകുമൂലം ബന്ധപ്പെട്ട ഏജൻസിക്ക് ലഭിച്ചില്ല. തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരികെ പോയി.

| ക്രമ നം | പ്രോ.നം | പ്രോജക്റ്റിന്റെ പേര് | ബിൽ സമർപ്പിച്ച തീയതി | ഗുണഭോക്താവ് | ബിൽ തുക |
|---|---|---|---|---|---|
| 1 | 49/22 | പച്ചക്കറിക്കൃഷി വികസനം | 02.11.2021 | റെയ്ഡ്കോ, ആലപ്പുഴ | 15,000 രൂപ |
| 2 | 52/22 | നെൽക്കൃഷി | 20.10.2021 | kerala State Seed Development Authority | 41,580 രൂപ |

ബിൽ തുക ചെലവായി എന്ന് സുലേഖ, സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക റി അലോട്ട് ചെയ്ത് ഗുണഭോക്താവിന് ബിൽ തുക ലഭ്യമാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-**
1) ഈ വർഷത്തിലെ (2023-24) വിഹിതത്തിൽ നിന്ന് ബിൽ തുക നൽകാൻ നിർദ്ദേശം നൽകുന്നു.
2) ബിൽ തുക റീ അലോട്ട് ചെയ്യണമെന്ന ആവശ്യം ഗ്രാമപഞ്ചായത്തിൽ നിന്ന് ധനവകുപ്പിന് നൽകേണ്ടതാണ്.
3) 2021-22 ൽ നടന്ന പിശക് ഇതുവരെയും പരിഹരിക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ വീഴ്ചയാണ്. ഇനി ഇത്തരം പിശക് ആവർത്തിക്കരുതെന്ന് അറിയിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

4.103 <u>ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്ത്. (SRG/1355/23 – CC/735/23)**

**വിഷയം:-** അതിദരിദ്ര വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിലെ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.ടെനി, പുത്തൻപുരയിൽ എന്ന വ്യക്തി ക്യാൻസർ ചികിത്സയിലായിരുന്നു. രോഗം മൂർച്ഛിച്ചതിനാൽ FHC യിലെ ഡോക്ടറുടെ നിർദ്ദേശ പ്രകാരം ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത് ഇമ്യൂണോ മോഡുലേറ്ററി തെറാപ്പി ചികിത്സയ്ക്ക് വിധേയമാക്കി. ഏകദേശം രണ്ട് ലക്ഷത്തിലധികം രൂപ ഈ വ്യക്തി ചെലവഴിച്ചു. ഇതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഈ വ്യക്തി കടം വാങ്ങിയാണ് തുക ചെലവഴിച്ചത്. നേരിട്ട് തുക ചെലവഴിച്ച സാഹചര്യത്തിൽ ഈ വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് ചികിത്സയ്ക്ക് ചെലവായ തുക നേരിട്ട് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് മുകളിൽ പറഞ്ഞ ചെലവായ തുക ലഭിക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് തന്നെ രേഖകൾ സഹിതം അടിയന്തിരമായി ഈ ആവശ്യം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്** |

4.104 <u>കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023-ലെ കത്തും ചേർത്തല ട്രഷറി ഓഫീസറുടെ 22.12.2022-ലെ കത്തും (SRG/1354/23 – CC/727/23)**

**വിഷയം:-** ട്രഷറിയിൽ സമർപ്പിച്ച ബിൽ തുക ഗുണഭോക്താവിന് ലഭിക്കാത്തതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 16/22 | *അടങ്കൽ* | *1,80,780 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *സുഭിക്ഷ കേരളം – സമഗ്ര നെൽകൃഷി വികസനം* | |

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് 2021-22 വർഷം നെൽകൃഷി വികസനത്തിനുള്ള പ്രോജക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് സീഡ് ഡെവലപമെന്റ് അതോറിട്ടിക്ക് നൽകാനായി 41,580 രൂപയുടെ ബിൽ 27.10.2021-ന് ട്രഷറിയിൽ സമർപ്പിച്ചിരുന്നു. അക്കൗണ്ട് നമ്പറിലെ പിശകു മൂലം ബിൽ തുക സീഡ് ഡെവലപ്മെന്റ് അതോറിട്ടിക്ക് ലഭിച്ചില്ല. സർക്കാർ അക്കൗണ്ടിലേയ്ക്ക പോയി. ഈ തുക റീ അലോട്ട്മെന്റായി അനുവദിക്കുകയോ 2023-24 വാർഷിക പദ്ധതിയിൽ നിന്ന് ചെലവഴിക്കാനോ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-**
1) ഈ വർഷത്തിലെ (2023-24) വിഹിതത്തിൽ നിന്ന് ബിൽ തുക നൽകാൻ നിർദ്ദേശിക്കുന്നു
2) ബിൽ തുക റീ അലോട്ട് ചെയ്യണമെന്ന ആവശ്യം ഗ്രാമപഞ്ചായത്തിൽ നിന്ന് ധനവകുപ്പിന് നൽകാൻ നിർദ്ദേശിക്കുന്നു
3) 2021-22ൽ നടന്ന പിശക് ഇതുവരെയും പരിഗണിക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ വീഴ്ചയാണ്. ഇനി ഇത്തരം പിശക് ആവർത്തിക്കരുതെന്ന് അറിയിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

4.105 <u>വലപ്പാട് ഗ്രാമപഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.12.2023-ലെ കത്തും വലപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.12.2023-ലെ SC1/14/2023-ാം നമ്പർ കത്തും (SRG/1692/23 - CC/978/23)**

**വിഷയം:-** ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട വ്യക്തിക്ക് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 181/24 | *അടങ്കൽ* | *60,000 രൂപ (വികസനഫണ്ട് ജനറൽ - 10,000 രൂപ തനത് ഫണ്ട് - 50,000 രൂപ )* |
| *പേര്* | *ട്രാൻസ് ജെന്റർ വിഭാഗത്തിന് സ്വയംതൊഴിൽ* | |

വലപ്പാട് ഗ്രാമപഞ്ചായത്ത് ട്രാൻസ്ജന്റർ വിഭാഗത്തിന് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകാൻ പ്രോജക്ട് എടുത്തിട്ടുണ്ട്. ട്രാൻസ്ജന്റർ വിഭാഗത്തിൽപ്പെട്ട സുജി, മാരാത്ത് വീട്, എടമുട്ടം എന്ന വ്യക്തിയെ ഗുണഭോക്താവായി തെരഞ്ഞെടുത്തിട്ടുണ്ട്. സ്പോക്കൺ ഇംഗ്ലീഷ് പഠനക്ലാസ് നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 51,500 രൂപ ചെലവു വരും. ഈ തുക മുഴുവനും (100 ശതമാനം) ധനസഹായമായി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള ചെലവിന്റെ 75 ശതമാനം (പരമാവധി 90,000 രൂപ) മറ്റ് മാനദണ്ഡം കൂടി പാലിച്ച് നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

യോഗം വൈകിട്ട് 7.00 മണിക്ക് അവസാനിച്ചു

**യോഗത്തിൽ പങ്കെടുത്തവർ**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (ഓൺലൈൻ)
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
5. സെക്രട്ടറി, ധനകാര്യം (റിസോഴ്സ്) വകുപ്പ് (പ്രതിനിധി)
6. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണവകുപ്പ്
7. ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് – റൂറൽ
8. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
9. ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് – അർബൻ (പ്രതിനിധി)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
12. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
13. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
18. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
19. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
20. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് (പ്രതിനിധി – ഓൺലൈൻ)
21. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് (പ്രതിനിധി – ഓൺലൈൻ)
22. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്
23. ചീഫ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി (പ്രതിനിധി – ഓൺലൈൻ)
24. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് (പ്രതിനിധി)
25. ഡയറക്ടർ, കൃഷി വകുപ്പ് (പ്രതിനിധി – ഓൺലൈൻ)